# കണ്ണീർപാടം

## ഭാഗം രണ്ട്

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# കണ്ണീർപാടം

## ഭാഗം രണ്ട്

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

E - mail : prof_yohannan@hotmail.com

Website : www.crfgospel.org

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

LAYOUT & PRINTING

MERIN GRAPHICS, EDAPPALLY,
KOCHI - 682 024

# ഉപോദ്ഘാതം

രൂത്തിന്റെ പുസ്തകത്തെക്കുറിച്ചുള്ള ധ്യാനാത്മകപഠനത്തിന്റെ രണ്ടാം ഭാഗമാണിത്. കണ്ണീർപ്പാടം ആനന്ദസാഗരമായി മാറുന്ന അദ്ഭുത പ്രതിഭാസമാണ് രൂത്തിന്റെ ജീവിതകഥ. നമ്മുടെ ജീവിത്തിലും ആ മഹാത്ഭുതമാണ് നടക്കേണ്ടത്. ഈ ഗ്രന്ഥപാരായണം മൂലം അത് സാധിതമാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു.

ഒരിക്കൽ ഒരു പെൺകുട്ടിയോട് സ്കൂൾ അദ്ധ്യാപകൻ ചോദിച്ചു, "നിന്റെ വീട്ടിൽ വേദപുസ്തകമുണ്ടോ?" "ഉണ്ട്" "എനിക്കെല്ലാമറിയാം" അവൾ അഭിമാനത്തോടെ പറഞ്ഞു. ആകട്ടെ എല്ലാം ഒന്നു പറയൂ.

"എന്റെ ചേച്ചിയുടെ ബോയ്ഫ്രണ്ടിന്റെ ഫോട്ടോ ഉണ്ട്, എന്റെ മമ്മിയുടെ ഏറ്റവും ഇഷ്ടപ്പെട്ട കറിയുടെ റിസീപ്പിയുണ്ട്, എന്റെ കൊച്ചനുജന്റെ കളിപ്പാട്ടത്തിന്റെ ബിൽ ഉണ്ട്, എന്റെ പപ്പായുടെ വാച്ചുനന്നാക്കാൻ കൊടുത്തതിന് കിട്ടിയ രസീതുണ്ട്."

ഭദ്രമായി അവയെല്ലാം സൂക്ഷിച്ചുവെയ്ക്കാൻ പറ്റിയ സ്ഥലം ആരും തുറന്നു നോക്കുകയില്ലല്ലോ. നഷ്ടപ്പെടുകയുമില്ലല്ലോ.

ഇതൊരു ഹാസ്യ ചിത്രീകരണമെന്നുതോന്നാം. പല ഭവനങ്ങളിലും മരിച്ചുകിടക്കിമ്പോൾ തലയ്ക്കരികിലിരുന്ന് വായിക്കാനുള്ള വേദപുസ്തകമാണ്. അധികമാരും ക്രമമായും കൃത്യമായും വായിക്കുന്നില്ല, ധ്യാനിക്കുന്നുമില്ല.

ഏതോ ഒരമ്മ മോളെ വിളിച്ചു പറഞ്ഞു എന്ന് കേട്ടിട്ടുണ്ടോ, "മോളേ, ഇന്ന് ഒട്ടും ഉറക്കം വരുന്നില്ല, ആ ഉറക്കം വരുന്ന പുസ്കതം ഇടെടുക്കൂ, ഒന്നുറങ്ങാമോ എന്ന് നോക്കട്ടെട്ടെ." ഇതും ഒരു പക്ഷേ ഒരുഹാസ്യാത്മകഭവനയായിരിക്കാം. എങ്കിലും വേദപുസ്തക വായനയും ധ്യാനത്തിനും പഠനത്തിനും നാം കുറെക്കൂടെ പ്രാധാന്യം നൽകേണ്ടേ?

രൂത്തിന്റെ പുസ്തക പരിചയം വേദപുസ്തകകഥാപ്രപഞ്ചത്തിലേക്കും തദ്വാരം വചനത്തിന്റെ ആഴങ്ങളിലേക്കും കടന്നുചെല്ലുവാൻ എന്റെ പ്രിയസുഹൃത്തുക്കൾക്ക് മുഖാന്തരമാകട്ടെ എന്നാണെന്റെ ആശംസ

നിങ്ങളുടെ സ്വന്തം

എം.വൈ. യോഹന്നാൻ

# കണ്ണീർപ്പാടം
# ഭാഗം രണ്ട്

## പതിനേഴ്

"ആകയാൽ നീ കുളിച്ചു തൈലം പൂശി വസ്ത്രം ധരിച്ചു കളത്തിൽ ചെല്ലുക..."

രൂത്ത് 3:3

ഒന്ന്, നീ കുളിക്കുക, രണ്ട്, തൈലം പൂശുക, മൂന്നാമത്തെ കാര്യം നീ വസ്ത്രം ധരിക്കുക.

പാപം നമ്മിൽ വരുമ്പോൾ നമ്മുടെ വസ്ത്രം ഉരിഞ്ഞു പോകുകയാണ്. ഏദൻ തോട്ടത്തിൽ ആദിമ മനുഷ്യന്റെ ജീവിതത്തിൽ പാപം വന്നപ്പോൾ അവൻ നഗ്നനാണെന്നു അറിഞ്ഞു. കാരണം അവൻ ഉടുത്തിരുന്ന തേജസ്സിന്റെ വസ്ത്രം ഉരിഞ്ഞുപോയി, അവന് നഗ്നതാബോധം ഉണ്ടായി.

സുബോധമുള്ള ആരും പരസ്യ നഗ്നരായി നില്ക്കുമോ? ഊഹിക്കാൻ പോലും പറ്റുമോ? പെട്ടെന്നു ലജ്ജിച്ചു തല താഴ്ത്തുകയില്ലേ.

ഏദൻ തോട്ടത്തിൽ ആദിമ മനുഷ്യൻ പാപം ചെയ്തു. ഫലമോ, ദൈവതേജസ്സിന്റെ വസ്ത്രം ഉരിഞ്ഞുപോയി. വസ്ത്രം നഷ്ടപ്പെട്ട മനുഷ്യൻ നഗ്നത മറയ്ക്കാൻ സ്വന്തമായി പരിശ്ര

മിച്ചുനോക്കി. അത്തിയില കൂട്ടിത്തുന്നി ഉടയാട ഉണ്ടാക്കി വസ്ത്രം ധരിച്ചു; നഗ്നത മാറുന്നില്ല.

ആധുനിക മനുഷ്യൻ തന്റെ ആത്മീയ നഗ്നത അകറ്റാൻ ഇന്നു പലതും ചെയ്യുന്നുണ്ട്. മനോഗുണ പ്രവൃത്തികൾ ചെയ്യുന്നുണ്ട്; നേർച്ചകാഴ്ചകൾ നടത്തുന്നുണ്ട്; സാധുജന സേവനങ്ങൾ ചെയ്യാറുണ്ട്; പ്രാർത്ഥനകൾ ചൊല്ലുന്നുണ്ട്; നമസ്ക്കാരങ്ങൾ ചൊല്ലുന്നുണ്ട്; പാട്ടുകൾ പാടുന്നുണ്ട്; സുവിശേഷവേലകൾ ചെയ്യുന്നുണ്ട്. ഇവയെല്ലാം നല്ലതാണ്; ആവശ്യമാണ്. പക്ഷേ നഗ്നത മാറുന്നില്ല; പാപം മാറുന്നില്ല.

നഗ്നത മാറണമെങ്കിൽ തേജസ്സിന്റെ വസ്ത്രം തിരികെ ലഭിക്കണം. നഷ്ടപ്പെട്ടുപോയ ദൈവതേജസ്സിന്റെ വസ്ത്രം മടക്കി കിട്ടണം.

മനുഷ്യനു നഷ്ടപ്പെട്ടു പോയ തേജസ്സിന്റെ വസ്ത്രം തിരികെ തരുവാനാണ് കർത്താവായ യേശുക്രിസ്തു നഗ്നനായി കുരിശിന്മേൽ കിടന്നത്. നമ്മുടെ ശാപം മാറ്റുവാനാണ് കർത്താവായ യേശുക്രിസ്തു ശാപഗ്രസ്തനായി ക്രൂശിൽ മരിച്ചത്. നമ്മുടെ ലജ്ജ മാറ്റുവാനാണ് കർത്താവായ യേശുക്രിസ്തു ലജ്ജ ധരിച്ചു ക്രൂശിന്മേൽ തൂങ്ങിയത്. നമ്മുടെ നിന്ദ മാറ്റുവാനാണ് കർത്താവായ യേശുക്രിസ്തു നിന്ദ വഹിച്ചു മരിച്ചത്.

ക്രൂശിലെ രക്ഷ വിശ്വസിച്ച് സ്വീകരിക്കുമ്പോൾ ആത്മാവിന്റെ വസ്ത്രം ലഭിക്കുകയാണ്. നീതികെട്ടവനാണ്, പക്ഷേ ക്രിസ്തുവിന്റെ രക്തത്താൽ നീതീകരണം ലഭിക്കുകയാണ്. ഇതാണ് നീതിയുടെ വസ്ത്രം.

യേശുക്രിസ്തുവിന്റെ കുരിശിലെ മരണം വിശ്വസിച്ചു നമ്മുടെ ജീവിതത്തിൽ അംഗീകരിക്കുമ്പോൾ നമുക്കു തേജ

സ്സിന്റെ വസ്ത്രം തിരികെ ലഭിക്കുകയാണ്. നഷ്ടപ്പെട്ടുപോയ സ്വർഗ്ഗീയ തേജസ്സു തിരികെ ലഭിക്കുന്നത് ദൈവത്തിന്റെ ദാനമാണ്.

നീതിയിൻ വസ്ത്രത്തെക്കുറിച്ചു യെഹെസ്ക്കേൽ പ്രവാചകൻ പറയുന്നു:

> "ഞാൻ നിന്റെ അരികെ കൂടി കടന്നു നിന്നെ നോക്കിയപ്പോൾ നിനക്കു പ്രേമത്തിന്റെ സമയമായി എന്നു കണ്ടിട്ടു എന്റെ വസ്ത്രം നിന്റെ മേൽ വിരിച്ചു. നിന്റെ നഗ്നത മറെച്ചു; ഞാൻ നിന്നോടു സത്യവും നിയമവും ചെയ്തു നീ എനിക്കുള്ളവൾ ആയിത്തീർന്നു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു."
>
> യെഹസ്കേൽ 16:8

പാപത്തിന്റെ അഴുക്കുചാലിൽ കിടന്ന മനുഷ്യനെ ദൈവം അന്വേഷിച്ചു കണ്ടെത്തുന്നതാണ് യെഹെസ്കേൽ പതിനാറാം അദ്ധ്യായത്തിലെ പ്രതിപാദ്യം. കൊലപാതകവും, വഞ്ചനയും, കളവും, കവർച്ചയും, ഏറ്റവും ഹീനമായ വ്യഭിചാരജീവിതവും എല്ലാമായി നശിച്ചു കൊണ്ടിരിക്കുന്ന മനുഷ്യനെ സ്നേഹിച്ചു ജീവനുള്ള ദൈവം കടന്നു വന്നു. മനുഷ്യന്റെ നഗ്നത സൗജന്യമായി മറച്ചുതന്നു. യേശുക്രിസ്തു നിന്റെ ജീവിതം മുഴുവൻ കാണുകയാണ്. എബ്രായ ലേഖന കർത്താവ് പറയുന്നതു പോലെ

> "സകലവും അവന്റെ കണ്ണിന് നഗ്നവും മലർന്നതുമായി കിടക്കുന്നു." എബ്രായർ 4:12,13.

ദൈവത്തെ മറയ്ക്കാൻ ആർക്കു സാധിക്കും. "അവനു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. സകലവും അവന്റെ

കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു." ഹൃദയവി ചാരങ്ങൾ അറിയുന്നവനായ ദൈവം, അന്തരിന്ദ്രിയങ്ങളെ ശോധന ചെയ്യുന്നവനായ ദൈവം, മനുഷ്യന്റെ ഹൃദയത്തെ തൂക്കിനോക്കുന്ന ദൈവം, നിന്നെ നോക്കുമ്പോൾ നിന്റെ പാപം വെളിവാകുന്നു. ഇക്കാര്യം സങ്കീർത്തനം 139 ൽ വിശ ദമായി വിവരിച്ചിരിക്കുന്നുവല്ലൊ.

വേദപുസ്തകത്തിൽ മനുഷ്യനെ ധരിപ്പിക്കുന്ന പലതരം വസ്ത്രങ്ങളെക്കുറിച്ച് പറയുന്നുണ്ട്.

ഒന്ന് : നീതിയിൽ വസ്ത്രം Justification "നീതി എന്ന അങ്കി ഇടുവിച്ചിരിക്കുന്നുന്നു. യെശ61:10 എന്ന് യെശയ്യാവ് പറയു ന്നു. എല്ലാമനുഷ്യരും പാപികളാണ്. തിരുവചനം പറയുന്ന തുപോലെ "നീതിമാൻ ആരുമില്ല, ഒരുത്തൻപോലുമില്ല. എല്ലാ വരും പാപം ചെയ്ത് ദൈവതേജസ്സില്ലാത്തവരായിത്തീർന്നു." റോമർ3:10, 3:23. നീതികെട്ടമനുഷ്യനെ നീതിമാനാക്കുവാനാണ് യേശുക്രിസ്തു പുണ്യനിണം ചൊരിഞ്ഞ് ജീവനർപ്പിച്ചത്. അപ്പസ്ത്തോലനായ പൗലോസ് പറയുന്നു.

"അവന്റെ കൃപയാൽ യേശുവിലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്ത്. റോമർ 3:24. സൗജന്യമായ നീതീകരണം നമുക്കനുഭവമാക്കുവാൻ ദൈവം ചെയ്തത് തന്റെ ഏകജാതനെ ക്രൂശിൽ മരിക്കാൻ ഏല്പ്പി ച്ചുതന്നു എന്നതാണ്. നാം ചെയ്യേണ്ടതോ, പരസ്യമായി പാപ മാക്കപ്പെട്ട മിശഹായിൽ വിശ്വസിക്കുക എന്നതുമാത്രം. അങ്ങ നെയാണ് നമുക്ക് സൗജന്യമായി നീതിയിൽ വസ്ത്രം ലഭി ക്കുന്നത്. അതാണ് സെ. പോൾ പറയുന്നത് "വിശ്വസിക്കു ന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു." റോമർ 3:25

രണ്ട്: രക്ഷാ വസ്ത്രം. Salvation "അവൻ എന്നെ രക്ഷാ വസ്ത്രം ധരിപ്പിച്ചിരിക്കുന്നു." യെശ 61. മനുഷ്യരെല്ലാവരും നിത്യശിക്ഷയ്ക്കർഹരാണ്. പാപത്തിന്റെ ശമ്പളമായ മരണം കർത്തതത്വം നടത്തുന്ന മനുഷ്യനെ പാപത്തിൽ നിന്നും നിത്യ മരണമാക്കുന്ന നിത്യനരകത്തിൽ നിന്നും വിടുവിച്ച് നിത്യ ജീവന്റെ അവകാശിയാക്കാനാണ് ക്രിസ്തു ക്രൂശിൽ ജീവൻ വെടിഞ്ഞത്. അത് വിശ്വസിക്കുന്നവർ നിത്യരക്ഷ അനുഭവ മാക്കും. ആ അനുഭവത്തിന്റെ സാക്ഷാത്ക്കാരമാണ് പൗലോസ്ശ്ലീഹ പറയുന്നത്. "എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കെ എല്ലാവരും മരിച്ചുഎന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല, തങ്ങൾക്കുവേണ്ടി മരിച്ചുയർന്നവനായിട്ടു തന്നെ ജീവിക്കേണ്ടതിന് അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു. 2 കൊരി 5:4-15. അത് ജീവിതത്തിൽ പ്രതിഫലിക്കുന്നതാണ് പുതിയ സൃഷ്ടിയുടെ അനുഭവം അഥവാ വീണ്ടും ജനാനുഭവം. പഴയ ആളത്വം മരിച്ചു, അടക്കപ്പെട്ടു, ഉയർത്തെഴുന്നേറ്റു എന്ന അനുഭവം. അതുതന്നെയാണ് നിരുവെഴുത്ത് പറയുന്നത്.

"ഒരുത്തൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയാകുന്നു, പഴയതു കഴിഞ്ഞുപോയി. ഇതാ അതുപുതുതായി തീർന്നിരിക്കുന്നു." 2 കൊരി 5:17

രക്ഷാവസ്ത്രം ധരിക്കുന്ന അതിമഹത്തായ അനുഭവം പ്രാപിക്കണം എന്ന അഭിവാഞ്ഛയാണ് ശലോമോന്റെ പ്രാർത്ഥനയിൽ പ്രതിഫലിക്കുന്നത്. "യഹോവയായ ദൈവമേ, നീയും നിന്റെ ഭലത്തിന്റെ വെട്ടകവും എഴുന്നേറ്റു നിന്റെ വിശ്രാമത്തിലേക്ക് വരേണമേ. യഹോവയായ ദൈവമേ, നിന്റെ പുരോഹിതന്മാർ രക്ഷാവസ്ത്രം ധരിക്കുകയും നിന്റെ ഭക്തന്മാർ നന്മയിൽ സന്തോഷിക്കുകയും ചെയ്യുമാറാകട്ടെ."

2 ദിനവൃത്താന്തം 6:41

സൗജന്യമായ നീതീകരണം അനുഭവമാക്കുന്നവരാണ് രക്ഷാനിർണ്ണയം സ്വായത്തമാക്കുന്നത്. എബ്രായലേഖനത്തിൽ ഇതിനെ, "ഇത്ര വലിയ രക്ഷ" എന്നാണ് പറയുന്നത്. എബ്രായർ 2:2-3. അത്ര വലിയ ശിക്ഷയിൽ നിന്ന് വിടുവിച്ചതുകൊണ്ടാണ് "ഇത്ര വലിയ രക്ഷ"യായതത്.

മൂന്ന്: സ്തുതി എന്ന മേലാട Worship സീയോനിലെ ദു:ഖിതന്മാർക്ക് വെണ്ണീറിനുപകരം ആനന്ദതൈലവും വിഷണ്ഡ മനസ്സിനും പകരം, സ്തുതി എന്ന മേലാടയും കൊടുപ്പാൻ അവൻ എന്നെ അയച്ചിരിക്കുന്നു. യെശ. 61:3

നീതീകരണവും നിത്യരക്ഷയും സൗജന്യമായി ലഭിച്ചതിനുള്ള നന്ദിയുടെ പ്രകടനമാണ് സ്തുതി. ദാവീദിന്റെ അഗാധമായ പാപക്കുഴിയിൽ നിന്ന് ദൈവം കരേറ്റിയപ്പോൾ ദാവീദ് പാടിയതാണ് നാൽപ്പതാം സങ്കീർത്തനം. അതിൽ പറയുന്നു, "ഞാൻ യഹോവയ്ക്കായി കാത്തുകാത്തിരിക്കുന്നു, അവൻ എങ്കലേക്ക് ചാഞ്ഞ് എന്റെ നിലവിളകേട്ടു. നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറിൽ നിന്നും അവൻ എന്നെ കയറ്റി. എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി, എന്റെ ഗമനത്തെ സ്ഥിരമാക്കി. അവൻ എന്റെ വായിൽ പുതിയൊരു പാട്ടു തന്നു, നമ്മുടെ ദൈവത്തിനുസ്തുതി തന്നെ". സങ്കീ. 40:1-3

സങ്കീർത്തനങ്ങളെല്ലാം നന്ദിയുടെ സ്ത്രോത്ര കീർത്തനങ്ങളാണ്. പാപത്തിൽ നിന്നും വിടുവിച്ചതിന്, മരണത്തെ നീക്കിയതിന്, ഭയപ്പാടും ഭീതിയും അകറ്റിയതിന്, ആപത്തുകളും അനർത്ഥങ്ങളും ഒഴിവാക്കിത്തന്നതിന്, ശത്രുത്വങ്ങളെയും എതിർപ്പുകളെയും നേരിടാൻ കരുത്തേകിയതിന്, ജയജീവിതം തന്നതിന്, വിശ്വാസവും പ്രത്യാശയും പ്രദാനം

ചെയ്തതിന്. അങ്ങനെ ദൈവം തന്ന നന്മകൾക്കുവേണ്ടി സ്തുതിക്കുന്നവയാണ് സങ്കീർത്തനങ്ങൾ.

"അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതക്കുന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു എന്നും" ആകാശവും ഭൂമിയും തന്റെ സ്തുതികൾ കൊണ്ട് നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരുശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. ഉയരങ്ങളിൽ സ്തുതി എന്നും, വന്നവനും വരുവാനിരിക്കുന്നവനുമായ തനിക്ക് സ്തുതി എന്നും. നിന്നെ സ്തുതിക്കുന്നവനിൽ നിന്ന് മൗനമായിരിപ്പാനും നിന്നെ പുകഴ്ത്തുന്നതിൽ നിന്ന് ഒഴിഞ്ഞിരിപ്പാനും ഞങ്ങൾക്കിടയാകരുതേ" എന്നും പ്രാർത്ഥിപ്പാൻ പൂർവ്വീക പുണ്യപിതാക്കന്മാർ നമ്മെ പഠിപ്പിച്ചിട്ടുണ്ടല്ലോ. വി. കുർബ്ബാനയെക്കുറിച്ചുപറയുന്നത്, "ഈ കുർബാന അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവുമാകുന്നു എന്നാണ്. ഭയത്തോടുകൂടി കർത്താവിനെ സ്തോത്രം ചെയ്യുന്നത് യുക്തവും ന്യായവുമാകുന്നു എന്ന് വിശ്വാസികൾ ഏറ്റു ചൊല്ലുന്നു." "സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ച്ചയും മാഞ്ഞുപോകുന്ന നല്ല ഉന്നതിയും സദാനേരവും ഇടവിടാതെ കരേറ്റുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ" എന്ന് വിശുദ്ധ കുർബാനയുടെ ആദ്യഭാഗത്തും, പിതാവും പുത്രനും പരിശുദ്ധ റൂഹായുമായവൻ വന്ദിക്കപ്പെട്ടവനും സ്തുതിക്കപ്പെട്ടവനുമാകുന്നു. ആദി മുതൽ തലമുറകൾ വരെയും തനിക്ക് സ്തുതി. ഹല്ലേലൂയ എന്ന് വിശുദ്ധകുർബ്ബാനയുടെ അവസാന ഭാഗത്തും ഉണ്ട്.

വാങ്ങിപ്പോയവരെ അനുസ്മരിക്കുന്ന പ്രാർത്ഥനയിൽ "മഹിമാവിൻ നീരാളം ചാർത്തി" എന്നും അങ്കിയണിഞ്ഞെതിരേൽപ്പാനായ് പോയിട്ടുണ്ട് എന്നും കാണുന്നത് സ്തുതി

യുടെ മേലാടയെ പരാമർശിക്കുന്നതാണ്.

“വേദം വേണ്ട, മിശിഹായിൽ മൃതിപൂണ്ടോരേ
ആസന്നം പ്രതിഫനമേകും പുന:രുത്ഥാനദിനം
കേടെന്യേ കബറുകളിന്നും നിങ്ങളെഴുന്നേ-
റ്റതിവേഗം രാജാത്മജനേയെതിരേല്പ്പാനെത്തും
മഹിമാവിൻ സ്തുതി പാടും നിങ്ങൾ
കനിവാലാദാംസുതജീവപ്രദനേ കൃപ ചെയ്ക
മൃതരെ ജീവിപ്പിപ്പാനെഴുന്നെത്തും രാജാ
മുകിലഴകിൻ മേലാഘോഷിതനായിടുന്നി
നയവാന്മാർ തൻ മുൻകൊമ്പിൽ നാദം കേട്ടി-
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയിടുന്നു.

നാല് : ഉത്സവ വസ്ത്രം, Sanctification. യോശുവ മുഴിഞ്ഞ വസ്ത്രം ധരിച്ച് ദൂതന്റെ മുമ്പിൽ നിൽക്കുകയായിരുന്നു. അവൻ തന്റെ മുമ്പിൽ നിൽക്കുന്നവരോട്, മുഷിഞ്ഞ വസ്ത്രം അവങ്കൽ നിന്ന് നീക്കിക്കളയുവിൻ എന്ന് കല്പ്പിച്ചു. പിന്നെ അവനോട് ഞാൻ നിന്റെ ആ കൃത്യം നിന്നിൽ നിന്ന് പോക്കിയിരിക്കുന്നു. നിന്നെ ഉത്സവവസ്ത്രം മഹാപുരോഹിതനായ യോശുവയുടെ വസ്ത്രം മുഷിഞ്ഞുപോയിരിക്കുന്നു. ബാബിലോണിയയിൽ അടിമകളായിരുന്ന യഹൂദന്മാർ യദുശലേമിലേക്ക് മടങ്ങി വന്നപ്പോൾ അവർക്ക് നേതൃത്വം കൊടുത്ത മഹാപുരോഹിതനാണ് യോശുവ. ഗവർണ്ണറായ സെരുബ്ബാബേലും മഹാപുരോഹിതനായ യോശുവയും പ്രവാചകന്മാരായ സെഖര്യാവും ഹഗ്ഗായിയുമാണ് ജനത്തെ ഉണർത്തിയത്. ദൈവജനത്തിന്റെ ആത്മീയ ഉണർവിന് നേതൃത്വം കൊടുത്ത യോശുവ അപ്പോഴപ്പോൾ ശുശ്രൂഷയിൽ വന്ന മാലിന്യങ്ങൾ കഴുകി ശുദ്ധീകരണം പ്രാപിക്കാത്തതു മൂലം വസ്ത്രം മുഷിഞ്ഞവനായിത്തീർന്നു. യോശുവായെ

കുറ്റം ചുമത്തിക്കൊണ്ട് അപവാദിയായ സാത്താൻ നിൽക്കുന്നത് സെഖര്യാവ് ദർശനത്തിൽ കണ്ടു. പരിഭ്രാന്തനും വിവശനുമായി നിന്ന യോശുവായെ ദൈവം രക്ഷിക്കുന്നു. "യഹോവ സാത്താനോട്, സാത്താനെ യഹോവ നിന്നെ ഭർത്സിക്കുന്നു, ഇവൻ തീയിൽ നിന്ന് വലിച്ചെടുക്കപ്പെട്ട കൊള്ളിയല്ലയോ എന്ന് കല്പ്പിച്ചു." വിശുദ്ധീകരണം നൽകിയ ശേഷമാണ് ഉത്സവവസ്ത്രം നൽകിയത്. നമ്മുടെ ജീവിതത്തിൽ അപ്പോഴപ്പോൾ വിശുദ്ധീകരണം അനുഭവിക്കേണ്ടതാണ്.

"എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിക്കാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല. എബ്രാ. 12:14 ദൈവത്തിന്റെ ഇഷ്ടമോനിക്കെളുടെ ശുദ്ധീകരണം തന്നെ എന്ന് പൗലോസ്ശ്ലീഹ പിന്നെയും പറയുന്നു. 1 തെസ്സ 4:3. അതുകൊണ്ടാണ് കർത്താവ് തന്റെ ആദ്യത്തെ പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞത് "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും". മത്തായി 5:8

രക്ഷിക്കപ്പെട്ടു, നീതീകരണം ലഭിച്ചു, സ്തുതി എന്ന ആരാധനയും തുടങ്ങി. എന്നാൽ വിശുദ്ധീകരണം പ്രാപിച്ചില്ലെങ്കിൽ കനത്ത നഷ്ടമായിത്തീരും എന്ന് തിരുവെഴുത്ത് വ്യക്തമായി പറയുന്നു. "വെള്ള നിലയങ്കി ധരിച്ചിരിക്കുന്ന ഇവൻ ആര്? എവിടെ നിന്നും വന്നു എന്ന് ചോദിച്ചു. യജമാനൻ അറിയുമല്ലോ എന്ന് ഞാൻ പറഞ്ഞതിന് അവൻ എന്നോട് പറഞ്ഞത്, ഇവർ മഹാകഷ്ടത്തിൽ നിന്നും വന്നവർ, കുഞ്ഞാടിന്റെ രക്തത്തിൽ ഞങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു." വെളി 7:13-14. ദൈവജനമായ നാം ദൈനംദിനം നിരന്തരം ആന്തരികശുദ്ധീകരണം പ്രാപിക്കേണ്ടതാണ്.

അഞ്ച്: വിശേഷ വസ്ത്രം Good deeds സൽപ്രവൃത്തികൾ, മനോഗുണപ്രവൃത്തികൾ, സാധുജനസേവന പ്രവർത്തന ങ്ങൾ. "അവൾക്ക് ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പിക്കാൻ കൃ ലഭിച്ചിരിക്കുന്നു. ആ വിശേഷവസ്ത്രം ധരിച്ച് വെള്ളക്കിതിരപ്പുറത്ത് കയറി അവനെ അനുഗമിച്ചു. വെളി. 19:14.

അഞ്ചാമത്തെ ഘട്ടമായ മനോഗുണപ്രവൃത്തികളും മാനു ഷീകസേവന പരിപാടികളും ഒരു വിശ്വാസി അവയെ അഗ ണ്യമാക്കാൻ പാടില്ല. തിരുവചനത്തിന്റെ വ്യക്തമായ അനു ശാസനം കാണുക: "നന്മ ചെയ്കയിൽ നാം മടുത്തുപോക രുത്, തളർന്നു പോകാഞ്ഞാൽ തക്കസമയത്ത് നാം കൊയ്യും. ആകയാൽ അവസരം കിട്ടുംപോലെ നാം ഏവർക്കും വിശേ ഷാൽ സഹവിശ്വാസികൾക്കും നന്മചെയ്യുക." ശലാത്യർ 6:9–10

എന്നാൽ നിത്യരക്ഷയും നീതീകരണവും ആരാധനയും ശുദ്ധീകരണവും പ്രാപിക്കാതെ നീതി പ്രവൃത്തികൾ ചെയ്താൽ അവ ദൈവം കൈക്കൊള്ളുകയില്ല. തിരുവെ ഴുത്ത് പറയുന്നു "ഞങ്ങളെല്ലാവരും അശുദ്ധനെപ്പോലെ ആയിത്തീർന്നു. ഞങ്ങളുടെ നീതി പ്രവൃത്തികൾ ഒക്കെയും കറപുരണ്ട തുണിപോലെ ഞങ്ങളെല്ലാവരും ഇലപോലെ വാടി പ്പോകുന്നു. ഞങ്ങളുടെ അകൃത്യങ്ങൾ ഞങ്ങളെ കാറ്റു പോലെ പറപ്പിച്ചുകളയുന്നു. യെശയ്യാ. 64:6

ആറ്: വിചിത്ര വസ്ത്രം. Anointment. ആത്മാഭിഷേകം. ഇതു തന്നെ ചിത്രത്തയ്യലുള്ള വസ്ത്രം എന്ന് പറയുന്നത്. "അന്ത:പുരത്തിലെ രാജകുമാരി ശോഭാപരിപൂർണ്ണയാകുന്നു. അവളുടെ വസ്ത്രം പൊൻകസവുകൊണ്ടുള്ളത്. അവളെ ചിത്രത്തയ്യലുള്ള വസ്ത്രം ധരിപ്പിച്ച് ധരിപ്പിച്ച് രാജസന്നിധി

യിൽ കൊണ്ടുവരും.” സങ്കീ. 45:13-14. ആത്മനിറവിന്റെ അനുഭവത്തെയാണ് വിചിത്ര വസ്ത്രം പ്രതീകവൽക്കരിക്കുന്നത്. യെഹസ്കേൻ 16-ാം അദ്ധ്യായത്തിലും ഇത് കാണാം.

“ഞാൻ നിന്നെ വെള്ളത്തിൽ കുളിപ്പിച്ചു. രക്തം കഴുകിക്കളഞ്ഞു. എണ്ണ പൂശി, ഞാൻ നിന്നെ വിച്ത്ര വസ്ത്രം ധരിപ്പിച്ചു. തഹശുതോൽ കൊണ്ടുള്ള ചെരുപ്പിടുവിച്ചു. ശണപടം കൊണ്ട് ചുറ്റി പട്ടുപുതപ്പിച്ചു. ഞാൻ നിന്നെ ആഭരണം അണിയിച്ചു. നിന്റെ കൈയ്ക്ക് വളയും, കഴുത്തിൽ മാലയും ഇട്ടു. ഞാൻ നിന്റെ മൂക്കിന് മൂക്കുത്തിയും കാതിൽ കുണുക്കും ഇട്ടു തലയിൽ ഭംഗിയുള്ളൊരു കിരീടവും വെച്ചു. ഇങ്ങനെ നീ പൊന്നും വെള്ളിയും അണിഞ്ഞു. നിന്റെ ഉടുപ്പ് ശണപടവും പട്ടും വിചിദ്ര വസ്ത്രവുമായിരുന്നു. നീ നേരിയ മാവും തേനും എണ്ണയും ഉപജീവിച്ചു ഏറ്റവും സൗന്ദര്യമുള്ളവളായിത്തീർന്നു. നിനക്കു രാജത്വവും സിദ്ധിച്ചു. യെഹ-16:19-13

ആത്മാവിന്റെ അഭിഷേകം പ്രാപിക്കണമെങ്കിൽ സ്വജനത്തെയും പിതൃഭവനത്തെക്കളും ക്രിസ്തുവിനെ സ്നേഹിക്കുകയും സമ്പൂർണ്ണമായും ക്രിസ്തുവിനായി വേർതിരിക്കപ്പെടുകയും വേണം. അല്ലയോ, കുമാരി, കേൾക്ക, നോക്കുക, ചെവിചായ്ക്ക. സ്വജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്ക അപ്പോൾ രാജാവും നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കും.” സങ്കീ. 45:10-11

ഏഴ് : കല്യാണ വസ്ത്രം. തേജസ്ക്കരണം. Glorification സഭയാകുന്ന മണവാട്ടി ധരിക്കുന്ന മന്ത്രകോടി അഥവാ വിരിപ്പാവും ആണ് കല്യാണവസ്ത്രം. സ്നേഹിതാ നീ കല്യാണ വസ്ത്രം ഇല്ലാതെ ഇവിടെ അകത്തു വന്നതെങ്ങനെ എന്ന് ചോദിച്ചു. എന്നാൽ അവന് വാക്കുമുട്ടിപ്പോയി. രാജാവ്

ശുശ്രൂഷക്കാരോട് : ഇവനെ കൈയ്യും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളയുവിൻ, അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്ന് പറഞ്ഞു. വിളിക്കപ്പെട്ടവർ അനേകർ, തെരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം." മത്തായി 22:12–14.

ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ മദ്ധ്യാകാശത്തിലേക്ക് പറന്നുയരുന്ന വിശുദ്ധ മണവാട്ടി സഭയാകണമെങ്കിൽ കല്യാണ വസ്ത്രം നേടിയിരിക്കണം. അപ്പോസ്തലനായ പൗലോസ് പറയുന്നു. "ഞാൻ ക്രിസ്തു എന്ന ഏക പുരുഷന് നിങ്ങളെ നിർമ്മല കന്യകയായി ഏല്പ്പിപ്പാൻ വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു" 2 കൊരിന്ത്യർ 11: 2– 3.

കർത്താവിന്റെ പുനാരഗമനത്തിൽ കല്യാണ വസ്ത്രം ഇല്ലാതെ വന്നാലുള്ള ഭയാനകമായ കെടുതിയെക്കുറിച്ച് ഓർമ്മപ്പെടുത്തുന്നതാണ് വെളിപ്പാടു പുസ്തകം പതിനാറാം അദ്ധ്യായം പതിനഞ്ചാം വാക്യം.

"ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജകാണുമാറ് നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ."

അന്ന് പുറന്തള്ളപ്പെട്ടുപോകാതിരിപ്പാൻ നാം ഇന്നു തന്നേ കല്യാണവസ്ത്രം സമ്പാദിക്കേണ്ടതാണ്. വെളിപ്പാടുപുസ്തകം മൂന്നാം അദ്ധ്യാത്തിൽ കാണുന്ന ലവോദിക്യാസഭ അന്ത്യകാലത്തെ ക്രിസ്തീയ സഭയുടെ വ്യക്തമായ ദൃഷ്ടാന്തമാണ്. ശീതവാനുമല്ല, ഉഷ്ണവാനുമല്ല, ശീതോഷ്ണവാൻ എന്ന അവസ്ഥയാണ് ലവോദിക്യസഭയുടെ ആത്മീയ നില

വാരം. ഞാൻ ധനവാൻ, സമ്പന്നനായിരിക്കുന്നു; എനിക്ക് ഒന്നിനും മുട്ടില്ല എന്നാണ് ലവോദിക്യ സഭ സ്വയം അഭിമാനം കൊള്ളുന്നത്. എന്നാൽ വാസ്തവത്തിൽ ദരിദ്ര്യനാണ്; കുരുടനാണ്; നഗ്നനാണ്; അതൊട്ടറിയുന്നുമില്ല. സമ്പന്നൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും നഗ്നതയുടെ ലജ്ജ വെളിവാകാതെവണ്ണം ധരിക്കേണ്ടതതിന് വെള്ളയുടുപ്പും, കാഴ്ചലഭിക്കേണ്ടതിന്ന് കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലയ്ക്കു വാങ്ങുവാൻ നിന്നോടു ബുദ്ധിപറയുന്നു." എന്നാണ് പരിശുദ്ധാത്മാവ് കല്പിക്കുന്നത്. (വെളി. 3:14 –22 കാണുക) പരിശുദ്ധാത്മാവിന്റെ അനുശാസനത്തിന് അനുസരണം കാണിച്ച് ഹൃദയവാതിൽ ക്രിസ്തുവിനുവേണ്ടി തുറന്നുകൊടുത്താൽ ഒരുമിച്ച് അത്താഴം കഴിക്കാം എന്നാണ് വാഗ്ദത്തം. അപ്പോൾ Supper room, Crown room ആയും throne Room ആയും മാറും. അത്താഴമുറി കിരീടമുറിയും സിംഹാസനമുറിയും ആകും. അതാണ് വെളിപ്പാട് മൂന്നാം അദ്ധ്യായം 20 മുതൽ 22 വരെ കാണുന്നത്.

യിസ്ഹാക്കിന് മണവാട്ടിയെ തേടിപുറപ്പെട്ട എലെയാസർ ക്രിസ്തുവിനുവേണ്ടി മണവാട്ടിസഭയെ ഒരുക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. പിന്നെ ദാസൻ വെള്ളിയാഭരങ്ങളും പൊന്നാഭരണങ്ങളും വസ്ത്രങ്ങളും എടുത്ത് റിബേക്കയ്ക്ക് കൊടുത്തു. ഉല്പത്തി 24:53. അതാണ് കല്യാണവസ്ത്രം.

വിവാഹകൂദാശയിലെ ഒരു ഗീതത്തിൽ മണവാട്ടിസഭയുടെ വസ്ത്രത്തിന്റെ സുഗന്ധം നീസാൻ കുസുമത്തിനുസമമാണെന്ന് പറയുന്നു. സുഗന്ധം വിശുദ്ധിയെയാമ് കാണിക്കുന്നത്. വിശുദ്ധി കൈമുതലായവനുമാത്രമേ കല്ല്യാണവസ്ത്രം ധരിപ്പാനും മണവാളന്റെ കാന്തയുടെ പദവിയിലെത്താനും സാധിക്കുകയുള്ളൂ.

സുന്ദരികളിലതിസുന്ദരി നീ - ജാതികളിൻ സൂനു!

നൃപതിശലോമോൻ വിമലസഭേ! -നിന്നെലാളിപ്പൂ

നിന്നധരങ്ങൾ - മധുവർഷിക്കുന്നു

വസനസുഗന്ധം -നീസാൻ കുസുമസമം

സഭയേ, സകലവിധം സുമുഖീ - നീ കറ തീണ്ടാത്തോൾ

സ്ലീബായേ വന്ദിപ്പതിനാൽ - രാജാവാം മശീഹാ

ഹാല്ലേലുയ്യാ - കാക്കുന്നൂ നിന്നെ.

ഇന്ന് വിശ്വാസികൾ ആത്മാവിന്റെ മുൻപറഞ്ഞ ഏഴു വസ്ത്രങ്ങളും കാര്യത്തിലും അഞ്ച് അവസ്ഥകളിലാണ്.

ഒന്ന്, ഉടുപ്പുള്ള അവസ്ഥ. ഉല്പത്തി 3:21. ആദാമിന്റെ വീഴ്ചയ്ക്കു മുമ്പുള്ള അവസ്ഥ.

രണ്ട്, നഗ്നാവസ്ഥ. ഉല്പത്തി 3:10. ആദാമിന്റെ നഗ്നത. യോഹ. 21:7. പിന്മാറിപ്പോയ പത്രോസിന്റെ അവസ്ഥ.

മൂന്ന്, ഉടുപ്പ് മുഷിഞ്ഞ അവസ്ഥ. സെഖ. 3:4

നാല്, കറപിടിച്ച അവസ്ഥ. യെശ. 64:6.

അഞ്ച്, ഉടുപ്പ് പുഴുവരിച്ച അവസ്ഥ. യാക്കൊബ് 5:2,3

ആകയാൽ "നീ കുളിച്ച്, തൈലം പൂശി, വസ്ത്രം ധരിച്ച്, കളത്തിൽ ചെല്ലുക"

രൂത്ത് 3:3

വീണ്ടെടുപ്പുകാരന്റെ അടുക്കലേക്കു വരുവാൻ നിനക്കു താൽപര്യമുണ്ടെങ്കിൽ, നിനക്കു വിശ്രാമസ്ഥലം വേണമെങ്കിൽ, നിനക്കു ആശ്വാസം വേണമെങ്കിൽ, നിനക്കു പാപക്ഷമ വേണമെങ്കിൽ, നിനക്കു ശോഭനമായി ഭാവി കരഗതമാകണമെങ്കിൽ മോളെ, ഞാൻ നിനക്കു വിശ്രാമസ്ഥലം അന്വേഷി

ക്കുകയാണ്. നീ കുളിച്ചു തൈലം പൂശി, വസ്ത്രം ധരിച്ചു കളത്തിൽ ചെല്ലുക - നീ നീതിയിൻ വസ്ത്രം ധരിക്കുക.

അനേകരുടെ മനഃസാക്ഷി സ്വയം കത്തുന്നില്ല; മന:സാക്ഷി മരവിച്ചുപോയി; ഹൃദയം തഴമ്പിച്ചുപോയി; കല്ലായുള്ള ഹൃദയം മാറ്റാമെന്നു കർത്താവു പറയുന്നു.

എന്നാലും പേടിക്കാനില്ല, ദൈവം കാത്തുകൊള്ളും; ദൈവം രക്ഷിച്ചുകൊള്ളും; ദൈവം ബലഹീനതയിൽ താങ്ങിക്കൊള്ളുമെന്നു സ്വയം സമാധാനപ്പെട്ടു അനേകർ ജീവിക്കുന്നു.

> "നീതിമാൻ പ്രയാസേന രക്ഷ പ്രാപിക്കുന്നു എങ്കിൽ അഭക്തന്റെയും പാപിയുടെ ഗതി എന്താകും."
>
> 1 പത്രൊസ് 4:18

എന്നാണ് തിരുവചനം പറയുന്നതു. നീതിമാൻ പോലും രക്ഷ പ്രാപിക്കുന്നതു പ്രയാസേന ആണ്. അതുകൊണ്ടു വേഗം നീ അനുതപിക്കൂ.

നീ വസ്ത്രം ചോദിച്ചു വാങ്ങുക, ദൈവകരങ്ങളിൽ നിന്നു വസ്ത്രം വാങ്ങുക. വിശേഷവസ്ത്രം നീ വാങ്ങുക. ഉത്സവ വസ്ത്രം നീ ധരിക്കുക. കല്യാണ വസ്ത്രം നീ പുതയ്ക്കുക. വിചിത്ര വസ്ത്രം നീ ധരിക്കുക. ചിത്രത്തയ്യലുള്ള വസ്ത്രം നീ ധരിക്കുക. രാജാധിരാജൻ നിന്നിൽ പ്രമോദിക്കട്ടെ. കർത്താവു നിന്നിൽ ആനന്ദിക്കട്ടെ; അവിടുന്നു നിന്നെ അനുഗ്രഹിക്കട്ടെ. നിന്റെ മേൽ തന്റെ കരം വയ്ക്കട്ടെ. എല്ലാ നന്മകളാലും നിന്നെ അലങ്കരിക്കട്ടെ. ശുഭകാലം നിനക്കു തരട്ടെ. ദൈവത്തിന്റെ വലിയ നാമം മഹത്വപ്പെടട്ടെ.

# പതിനെട്ട്

> “ആകയാൽ നീ കുളിച്ചു തൈലം പൂശി, വസ്ത്രം ധരിച്ചു കളത്തിൽ ചെല്ലുക; അയാൾ തിന്നു കുടിച്ചു കഴിയും വരെ നിന്നെ കാണരുതു. ഉറങ്ങുവാൻ പോകുമ്പോൾ അവൻ കിടക്കുന്ന സ്ഥലം മനസ്സിലാക്കി ചെന്നു അവന്റെ കാലിന്മേലുള്ള പുതുപ്പു പൊക്കി അവിടെ കിടന്നു കൊൾക; എന്നാൽ നീ എന്തു ചെയ്യേണമെന്നു അവൻ നിനക്കു പറഞ്ഞുതരും.”
>
> രൂത്ത് 3:3,4

യേശുവിന്റെ പാദപീഠത്തിൽ ചെന്നു കിടക്കുക. പ്രാർത്ഥനയിൽ ഉറ്റിരിക്കുക, വീണ്ടെടുപ്പുകാരന്റെ പാദപീഠത്തിൽ ചെന്നു അഭയപ്പെടുക. കർത്താവേ, നിയല്ലാതെ എനിക്ക ആരുണ്ട്? ഞാൻ വേറെ എവിടെ പോകും? എനിക്കു സഹായം നീ അല്ലേ ഉള്ളൂ? എന്നു പറഞ്ഞുകൊണ്ട് കർത്ത്യ പാദത്തിൽ ആശ്രയിക്കൂ.

> “ഞാൻ എന്റെ കണ്ണു പർവ്വതങ്ങളിലേക്കു ഉയർത്തുന്നു. എന്റെ സഹായം എവിടെ നിന്നു

വരും? എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച യഹോവയിങ്കൽ നിന്നു വരുന്നു.”

“അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല.”

“ഈ എളിയവൻ നിലവിളിച്ചു, യഹോവ കേട്ടു സകല കഷ്ടങ്ങളിൽ നിന്നും എന്നെ രക്ഷിച്ചു.”

“ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപ സ്ഥൻ മനസ്സു തകർന്നവരെ അവൻ രക്ഷി ക്കുന്നു”

‘‘നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാ കുന്നു, അവ എല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു.”

ശമുവേൽ പ്രവാചകന്റെ ഒന്നാം പുസ്തക ത്തിൽ ഹൃദയം ദൈവസന്നിധിയിൽ പകരുന്ന ഒരു സ്ത്രീയ നമുക്കു കാണാം.

“അതിനു ഹന്ന ഉത്തരം പറഞ്ഞത്: അങ്ങനെ യല്ല, യജമാനനേ, ഞാൻ മനോവ്യസനമു ള്ളൊരു സ്ത്രീ; ഞാൻ വീഞ്ഞോ മദ്യമോ കുടി ച്ചിട്ടില്ല; യഹോവയുടെ സന്നിധിയിൽ എന്റെ ഹൃദയം പകരുകയത്രേ ചെയ്തത്.”

1 ശമുവേൽ 1:15

ഹന്ന ദേവാലയത്തിൽ പ്രാർത്ഥിക്കുവാനാണ് പോയത്. അവൾക്കു ഉള്ളു തുറന്നു ഒന്നു കരയണമെന്നുണ്ട്. ദൈവ ത്തോടു തന്റെ വ്യസനമെല്ലാം തുറന്നു പറയണമെന്നുണ്ട്. വ്യസനത്തിന്റെയും സങ്കടത്തിന്റെയും ആധിക്യം കൊണ്ടു അവൾ പ്രാർത്ഥിക്കുവാൻ ദേവാലയത്തിൽ ചെന്നു. അപ്പോൾ ഏലി എന്ന പുരോഹിതൻ അവിടെ ഇരിപ്പുണ്ടായിരുന്നു.

അദ്ദേഹം കാണുന്നുണ്ട് എന്നു അവൾ അറിഞ്ഞില്ല.

അവൾ ദൈവത്തേ മാത്രമേ കണ്ടുള്ളൂ. ദൈവത്തോടു ഉള്ളം തകർന്നു അവൾ കരയുകയാണ്. അവളുടെ വ്യസന ത്തിന്റെ ആധിക്യം കൊണ്ട് വാക്കുകൾ പുറത്തു വന്നില്ല. ചുണ്ടു ചലിക്കുന്നുണ്ട് ഏതോ ചില ഞരക്കങ്ങളും വിതു മ്പലുമാണ് പുറത്തു വരുന്നത്.

ഇതു കണ്ടുകൊണ്ടിരുന്ന പുരോഹിതൻ പറഞ്ഞു: "ലഹരി തീർന്നിട്ടു മതി പ്രാർത്ഥിക്കുവാൻ; ദേവാലയത്തിലേക്കു ലഹ രിയോടുകൂടിയാണോ വരുന്നത്?" അദ്ദേഹം അവളെ കഠി നമായി ശാസിച്ചു, ശകാരിച്ചു.

അവൾ പെട്ടെന്ന് ഞെട്ടിപ്പോയി. കോപാക്രാന്തനായി, ധാർമ്മിക രോഷത്തോടെ, അമർഷത്തോടെ നിൽക്കുന്ന പുരോഹിതനോടു അവൾ പറഞ്ഞു:

"അടിയനെ ഒരു നീച സ്ത്രീയായി വിചാരിക്കരുതേ, ഞാൻ വ്യസനത്തിന്റെയും സങ്കടത്തിന്റെയും ആധിക്യം കൊണ്ടത്രേ സംസാരിച്ചത്. ഞാൻ എന്റെ ഹൃദയം ദൈവസന്നിധിയിൽ പകരുകയാണ് ചെയ്തത്" ഹൃദയം ദൈവസന്നിധിയിൽ പക രുന്നു.

ഹന്നമുഖം വാടിയാണ് ദൈവസന്നിധിയിൽ ചെന്നത്. ഹൃദയം പകർന്ന് പ്രാർത്ഥിച്ചതിനുശേഷം അവളുടെ മ്ലാനത മാറി വന്ധ്യആയിരുന്ന ഹന്ന ദൈവത്തോട് അപേക്ഷിച്ചു. ശമുവേൽബാലനെ പ്രസവിച്ചു.

നിങ്ങളും ദൈവസന്നിധിയിൽ കാത്തിരുന്നു ആലോചന സമ്പാദിക്കുക.

ഒന്ന് - നീ കുളിക്കുക

രണ്ട് - നീ തൈലം പൂശുക

മൂന്ന് - നീ വസ്ത്രം ധരിക്കുക

നാല് - നീ കളത്തിൽ ചെല്ലുക

അഞ്ച് - അവന്റെ പാദപീഠത്തിൽ ചെന്നു കിടക്കുക

ആറ് - അവന്റെ ശബ്ദം കേൾക്കുവാൻ കൊതിക്കുക

ഏഴ് - എന്തുചെയ്യണമെന്ന് അവൻ പറഞ്ഞുതരും.

"ഞാൻ നിന്നെ ഉപദേശിച്ചു, നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചു തരും; ഞാൻ നിന്റെ മേൽ ദൃഷ്ടിവെച്ചു നിനക്കു ആലോചന പറഞ്ഞുതരും."

സങ്കീർത്തനങ്ങൾ 32:8

ദൈവം ദൃഷ്ടിവെച്ചു ആലോചന പറഞ്ഞു തരും.

> "എന്നിട്ടും ഞാൻ എപ്പോഴും നിന്റെ അടുക്കൽ ഇരിക്കുന്നു; നീ എന്നെ വലങ്കൈയ്ക്കു പിടിച്ചിരിക്കുന്നു. നിന്റെ ആലോചനയാൽ നീ എന്നെ നടത്തും; പിന്നത്തേതിൽ മഹത്വത്തിലേക്കു എന്നെ കൈക്കൊള്ളും."
>
> സങ്കീർത്തനങ്ങൾ 73:23,24

ജീവനുള്ള ദൈവം നമുക്കു ആലോചന പറഞ്ഞു തന്നു നമ്മെ വഴി നടത്തും; എന്തൊരാശ്വാസം!

> "കർത്താവു നിങ്ങൾക്കു കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേഷ്ടാവു മറഞ്ഞിരിക്കയില്ല; നിന്റെ കണ്ണു നിന്റെ ഉപദേഷ്ടാവിനെ കണ്ടു കൊണ്ടിരിക്കും. നിങ്ങൾ വല

ത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ, വഴി ഇതാകുന്നു, ഇതിൽ നടന്നു കൊൾവിൻ എന്നൊരു വാക്കു പിറകിൽ നിന്നു കേൾക്കും."

യെശയ്യാവു 30:20,21

ദൈവം നിങ്ങളെ നടത്തുവാൻ നിങ്ങൾക്കു മനസ്സാണോ, ആഗ്രഹമാണോ, ദൈവത്തിന്റെ കരങ്ങളിൽ താണിരിപ്പാൻ നിങ്ങൾക്കു മനസ്സാണോ; എങ്കിൽ, ഇതാ, യേശു തന്റെ തിരു രക്തം കൊണ്ടു നിങ്ങളെ കഴുകും.

# പത്തൊൻപതു

"അർദ്ധരാത്രിയിൽ അവർ ഞെട്ടിത്തിരിഞ്ഞു, തന്റെ കാല്ക്കൽ ഒരു സ്ത്രീ കിടക്കുന്നതു കണ്ടു. നീ ആർ എന്നു അവൻ ചോദിച്ചു. ഞാൻ നിന്റെ ദാസിയായ രൂത്ത്; നിന്റെ പുതപ്പ് അടിയന്റെ മേൽ ഇടേണമേ; നീ വീണ്ടെടുപ്പു കാരനല്ലോ എന്നു അവൾ പറഞ്ഞു."

രൂത്ത് 3:8,9

അവൾ ഒന്നേ പറഞ്ഞുള്ളൂ; നിന്റെ പുതപ്പു അടിയന്റെ മേൽ ഇടേണമേ; നീ വീണ്ടെടുപ്പുകരാനല്ലോ.

ഏലിയാവിനു ഒരു പുതപ്പു ഉണ്ടായിരുന്നു. രാജാക്കന്മാരുടെ ഒന്നാമത്തെ പുസ്തകം പത്തൊൻപതാം അദ്ധ്യായം മുതൽ വായിക്കുമ്പോൾ ഏലിയാവിന്റെ പുതപ്പിനെക്കുറിച്ചു നമുക്കു കാണാം.

ഏലിയാവിന്റെ മേലുള്ള പുതപ്പു പരിശുദ്ധാത്മാവിന്റെ നിറവിന്റെ പ്രതീകമായിരുന്നു; പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിന്റെ പ്രതീകമായിരുന്നു.

ഏലിയാവു ആ പുതപ്പുമായി നടന്നു നീങ്ങുകയായിരുന്നു. പ്രവാചകൻ വയലിൽ കൂടി പോകുമ്പോൾ കണ്ടു ഉഴുവുന്ന വയലിൽ പന്ത്രണ്ടുഏർ കാള പൂട്ടി ഉഴുവുന്നു. സമ്പന്നനായ ഒരു കൃഷിക്കാരനായിരുന്നു. ഏറ്റവും പുറകിൽ ഉഴുവുന്നതു ഉടമസ്ഥൻ തന്നെയാണ്. അതു ഒരു യുവാവാണ്. അവന്റെ പേർ ആണ് ഏലീശാ. പന്ത്രണ്ടു ഏർ കാളയുടെ ഏറ്റവും പിറികിലായി ഉഴുതു കൊണ്ടുപോകുന്ന ഏലീശായുടെ അരികിലേക്കു ഏലിയാവു ചെന്നു ആ പുതപ്പു ഏലീശയുടെ മേൽ ഇട്ടു. ഏലീശയുടെ മേൽ പുതപ്പു വീണ ഉടനെ ഏലീശാ കലപ്പയിൽ നിന്നു കൈവിട്ടു.

സ്വർഗ്ഗത്തിന്റെ പുതപ്പു ദേഹത്തു വീണാൽ പിന്നെ പിടിച്ചിരിക്കുന്നതെല്ലാം വിടും. അഭിഷേകത്തിന്റെ പുതപ്പുവീണാൽ നിന്റെ കയ്യിലുള്ളതെല്ലാം വിട്ടുപോകും, തെറിച്ചു പോകും.

ഏലീശയുടെ മേൽ പുതപ്പിട്ടിട്ടു ഏലിയാവു നടന്നു പോവുകയാണ്. ഏലീശാ പിന്നാലെ ഓടി അടത്തുചെന്നു. ഏലീശ പറഞ്ഞു. "യജമാനനേ ഞാൻ എന്റെ അപ്പനെയും അമ്മയെയും ചുംബിച്ചുകൊള്ളട്ടെ; അതിന്റെ ശേഷം ഞാൻ നിന്റെ പിന്നാലെ വരാം." അതിനു ഏലിയാവു: 'പോയി വരിക, ഞാൻ നിനക്കു എന്തു ചെയ്തു എന്നു നീ ഓർക്ക' എന്നു പറഞ്ഞു.

ഒരു കാര്യം നീ ഓർത്തു കൊള്ളണം. അഭിഷേകത്തിന്റെ പുതപ്പു നിന്റെ മേൽ വീണിരിക്കുന്നു; സ്വർഗ്ഗത്തിന്റെ അഭിഷേകം നിനക്കു ലഭിച്ചിരിക്കുന്നു എന്നതു ഓർമ്മ വേണം.

നിനക്കു ലഭിച്ച ദൈവകൃപ നീ മറക്കരുത്. നിന്റെ മേൽ വീണ പുതപ്പിന്റെ ശക്തി നീ മറക്കരുത്. നിന്റെ മേൽ വീണ പരിശുദ്ധാത്മാവിന്റെ കൃപാവരം നീ മറക്കരുത്. "പോയി വരിക ഞാൻ നിനക്കു എന്തു ചെയ്തു എന്നോർക്ക."

അങ്ങനെ രൂത്ത് അമ്മാവിയമ്മ കല്പിച്ചതുപോലെ പതുക്കെ ചെന്നു ബോവസിന്റെ കാലിന്മേലുള്ള പുതപ്പു പൊക്കി അവിടെ കിടന്നു. ബോവസ് അർദ്ധരാത്രിയിൽ ഞെട്ടി എഴുന്നേറ്റു. ഒരു പെൺകുട്ടി കാല്ക്കൽ വീണു കിടക്കുന്നു. “നീ ആർ” എന്നു അവൻ ചോദിച്ചു. “ഞാൻ നിന്റെ ദാസി രൂത്ത്; നിന്റെ പുതപ്പ് അടിയന്റെ മേൽ ഇടേണമേ; നീ വീണ്ടെടുപ്പുകാരനല്ലോ” എന്നു അവൾ പറഞ്ഞു.

നിങ്ങൾ എപ്പോഴെങ്കിലും കർത്താവിനെടു പറഞ്ഞിട്ടുണ്ടോ, കർത്താവേ, ഈ പാപാന്ധകാരത്തിൽ നിന്നും എന്നെ വീണ്ടെടുക്കണമെ. ജീവിതത്തിൽ ആരുമാരും തുണയില്ലാത്ത എന്നെ നീ ഒന്നു രക്ഷിക്കണം. പാപത്തിന്റെ കെട്ടുപാടിൽപ്പെട്ടു ഉലഞ്ഞുപോയ എന്റെ ജീവിതത്തെ നീ ഒന്നു വീണ്ടെടുക്കണം. അഴുക്കുചാലിൽ കിടക്കുന്ന എന്നെ നീ ഒന്നു ഉദ്ധരിക്കണം. ഞാനിതാ വലിയൊരു അഗാധഗർത്തത്തിലായിപ്പോയിരിക്കുന്നു. ഈ കയത്തിൽ നിന്നു എന്നെ കരേറ്റുവാൻ നിനക്കുമാത്രമേ കഴിയുകയുള്ളൂ. കർത്താവേ, നിന്റെ കരം മാത്രമേ ഈ കുഴിയിലേക്കു ഇറങ്ങിവരികയുള്ളൂ. നിങ്ങൾ പ്രാർത്ഥിക്കൂ.

കർത്താവേ, പ്രമാണങ്ങൾക്കും, പ്രമാണിമാർക്കും എന്നെ രക്ഷിക്കുവാൻ സാധിക്കയില്ല, ഒരു വ്യക്തിക്കും എന്നെ രക്ഷിക്കുവാൻ സാദ്ധ്യമല്ല. ഒരു മനോഗുണ പ്രവൃത്തിക്കും ഒരു സാധുജനസേവനത്തിനും എന്നെ രക്ഷിക്കുവാൻ സാദ്ധ്യമല്ല. ഒരു നേർച്ചകാഴ്ചകൾക്കും എന്നെ രക്ഷിക്കുവാൻ സാദ്ധ്യമല്ല. ഒരു കൂട്ടായ്മക്കോ, ഒരു ദൈവപൈതലിനോ എന്നെ രക്ഷിക്കുവാൻ സാദ്ധ്യമല്ല. എന്റെ പാപത്തിന്റെ അഗാധഗർത്തത്തിൽ നിന്നു എന്നെ ഉദ്ധരിക്കുവാൻ യേശുവേ നിനക്കു മാത്രമേ കഴികയുള്ളൂ.

സ്വർഗ്ഗസീമകൾ വെടിഞ്ഞു ഈ ഭൂമിയിലേക്കു താണിറ

ങ്ങിവന്ന രക്ഷകനായ മശിഹാ തമ്പുരാനേ നിനക്കു മാത്രമേ എന്നെ കരേറ്റുവാൻ കഴിയുകയുള്ളൂ. "ക്രോബേസ്രാപ്പികൾ തൻ സവിധം വിട്ടു അവതരണം ചെയ്തു കന്യകയുടെ ഉദരത്തിൽ പിറന്നവനേ" "ആദാമ്യരെ പാപത്തിന്റെയും മരണത്തിന്റെയും ബന്ധനത്തിൽ നിന്നു വിടുവിക്കാൻ വേണ്ടി ശരീരമെടുത്ത വീരനാം ദൈവമേ," നിനക്കു മാത്രമേ എന്നെ വീണ്ടെടുക്കുവാൻ കഴിയുകയുള്ളൂ.

നിന്റെ പുതപ്പു എന്റെ മേൽ ഇടണമെ. എന്റെ പാപക്കറകൾ കഴുകണമെ. എന്റെ അശുദ്ധിയിൽ നിന്ന് എന്നെ വിടുവിക്കണമെ. എന്റെ തിന്മകൾ പോക്കി എന്നെ ശുദ്ധീകരിക്കണമെ. എന്നെ നിന്റെ മകനും അവകാശിയും ആക്കിത്തീർക്കണമെ; എന്നെ നിന്റെ മകളും അവകാശിയും ആക്കി തീർക്കണമെ.

ഏലിയാവു ഈ ഭൂമിയിൽ നിന്നു കടന്നുപോയപ്പോൾ ഏലിയാവിന്റെ മേൽനിന്നു ആ പുതപ്പു താഴെവീണു. ഏലീശാ ആ പുതപ്പു എടുത്തു. ആ പുതപ്പു ശക്തിയുടെ പുതപ്പായിരുന്നു; ആ പുതപ്പു അനുഗ്രഹത്തിന്റെ പുതപ്പായിരുന്നു; ആ പുതപ്പു അത്ഭുതത്തിന്റെ പുതപ്പായിരുന്നു. ആ പുതപ്പു അഭിഷേകത്തിന്റെ ശുശ്രൂഷ നിർവ്വഹിക്കാനുള്ള പുതപ്പു ആയിരുന്നു.

ആ പുതപ്പു മടക്കി എലീശ യോർദ്ദാനെ അടിച്ചു. യോർദ്ദാനിലെ വെള്ളം രണ്ടുവശത്തേക്കും പിരിഞ്ഞു. ഏലീശ ഉണങ്ങിയ നിലത്തുകൂടി ഇക്കരെക്കു കടന്നു.

# ഇരുപത്

"ഞാൻ നിന്റെ അരികെ കൂടി കടന്നു നിന്നെ നോക്കിയപ്പോൾ നിനക്കു പ്രേമത്തിന്റെ സമയമായി എന്നു കണ്ടിട്ടു എന്റെ വസ്ത്രം നിന്റെ മേൽ വിരിച്ചു നിന്റെ നഗ്നത മറെച്ചു; ഞാൻ നിന്നോടു സത്യവും നിയമവും ചെയ്തു നീ എനിക്കുള്ളവൾ ആയിത്തീർന്നു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു."

യെഹസ്കേൽ 16:8

കർത്താവായ യേശുക്രിസ്തു സഭയെ മണവാട്ടിയായി പരിഗണിക്കുന്നതിന്, അതിമഹത്തായ ഒരനുഭവത്തെയാണു പ്രവാചകൻ മുൻകൂട്ടി ദർശിച്ചിരിക്കുന്നതു യെഹെസ്കേൽ പ്രവാചകൻ കാണുന്നതു നഗ്നയായി കിടക്കുന്ന ഒരു ശിശുവിനെയാണ്. ആ ശിശു രക്തത്തിൽ കിടന്നു യാതന അനുഭവിക്കുക്കയായിരുന്നു.

"യഹോവയായ കർത്താവു യെരുശലേമിനോടു ഇപ്രകാരം അരുളിച്ചെയ്യുന്നു: നിന്റെ

ഉല്പത്തിയും നിന്റെ ജനനവും കനാൻ ദേശത്താകുന്നു; നിന്റെ അപ്പൻ അമോര്യനും അമ്മ ഹിത്യസ്ത്രീയും അത്രേ. നിന്റെ ജനന വസ്തുതയോ - ജനിച്ച നാളിൽ നിന്റെ പൊക്കിൾ മുറിച്ചില്ല; നിന്നെ വെള്ളത്തിൽ കുളിപ്പിച്ചു വെടിപ്പാക്കിയില്ല; ഉപ്പു തേച്ചില്ല, തുണിചുറ്റിയതുമില്ല. നിന്നോടു മനസ്സലിവു തോന്നീട്ടു ഇവയിൽ ഒന്നെങ്കിലും നിനക്കു ചെയ്തു തരുവാൻ ഒരു കണ്ണിനും നിന്നോടു കനിവുണ്ടായില്ല; നീ ജനിച്ചനാളിൽ തന്നേ അവർക്കു നിന്നോടു വെറുപ്പു തോന്നിയതു കൊണ്ടു നിന്നെ വെളിമ്പ്രദേശത്തു ഇട്ടുകളഞ്ഞു. എന്നാൽ ഞാൻ നിന്റെ സമീപത്തു കൂടി കടന്നുപോകുമ്പോൾ നീ രക്തത്തിൽ കിടക്കുന്നു എങ്കിലും ജീവിക്ക എന്നു കല്പിച്ചു; അതേ നീ രക്തത്തിൽ കിടക്കുന്നു എങ്കിലും ജീവിക്ക എന്നു ഞാൻ നിന്നോടു കല്പിച്ചു."

യെഹസ്കേൽ 16:3-6

രക്തത്തിൽ കിടന്നു ഉരുളുന്ന ഒരു ശിശു. അപ്പൻ അമോര്യനും അമ്മ ഹിത്യസ്ത്രീയും- പുറജാതികളാണ്. കനാനിലാണ് ജനനം. ആ ശിശു രക്തത്തിൽ കിടന്നു ഉരുളുന്നതു കണ്ടു ആർക്കും കനിവു തോന്നിയില്ല; ആർക്കും അറപ്പായിരുന്നു, വെറുപ്പായിരുന്നു. വെളിമ്പദേശത്തേക്കു ഉപേക്ഷിച്ചുകളഞ്ഞ ശിശുവാണ്.

എന്നാൽ നിത്യനായ ദൈവം അരുളിച്ചെയ്യുന്നു; ഞാൻ നിന്റെ അരികത്തു കൂടി കടന്നുപോയി. നിന്റെ അരികത്തു കൂടി ഞാൻ കടന്നുപോയപ്പോൾ നിന്നിൽ ഞാൻ മനസ്സലി

ഞ്ഞു. ഞാൻ നിന്നോടു കല്പിച്ചു; നീ രക്തത്തിൽ കിടക്കുന്നു എങ്കിലും നീ ജീവിക്ക; നീ മരിക്കാറായി, നശിക്കാറായി കിടക്കുന്നു എങ്കിലും നീ ജീവിക്ക.

ഇനിയും നിനക്കു ഭാവിയുണ്ട്. ഇനിയും നിനക്കു പ്രത്യാശയ്ക്ക് വകയുണ്ട്. നീ രക്തത്തിൽ കിടന്നു ഉരുളുന്നു എങ്കിലും ജീവിക്ക എന്നു കല്പിച്ചു. നിന്നെ എല്ലാവരും വെറുത്തു അറപ്പോടെ വെളിമ്പ്രദേശത്തു ഇട്ടുകളഞ്ഞു. വെളിമ്പ്രദേശത്തേക്കു നിന്നെ എറിഞ്ഞുകളഞ്ഞു എങ്കിലും ഞാൻ നിന്നെ സ്നേഹിച്ചു. ഞാൻ നിന്റെ അരികത്തുകൂടി കടന്നു പോയി. നിന്റെ മേൽ എനിക്ക് വാത്സല്യമുണ്ടായി, നിന്നെ ഞാൻ സ്നേഹിച്ചു. ഒരു പ്രതിഫലവും നോക്കാതെ ഞാൻ നിന്നെ സ്നേഹിച്ചു. നീ രക്തത്തിൽ കിടന്നു ഉരുളുന്നു എങ്കിലും ജിവിക്ക എന്നു കല്പിച്ചു.

രക്തത്തിൽ കിടന്നു ഉരുളുന്ന ഈ ശിശു നാം ഓരോരുത്തരുമാണ്.; നമ്മുടെ പ്രതീകമാണ്. യിസ്രായേൽ ജനം ദൈവത്തിന്റെ ജനമാണ്; നാമോ അന്യജാതിക്കാരാണ്. നാം യിസ്രായേൽ പൗരതയോട് സംബന്ധമില്ലാത്തവരും വാഗ്ദത്തിന്റെ നിയമങ്ങൾക്കു അന്യരുമാണ്. നാം പരദേശികളാണ്.

> "ആകയാൽ നിങ്ങൾ മുമ്പെ പ്രകൃതിയാൽ ജാതികളായിരുന്നു; ജഡത്തിൽ കയ്യാലുള്ള പരിച്ഛേദന ഏറ്റു പരിച്ഛേദനക്കാർ എന്നു പേരുള്ളവരാൽ അഗ്രചർമ്മക്കാർ എന്നു വിളിക്കപ്പെട്ടിരുന്നു; അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും

ആയിരുന്നു എന്നു ഓർത്തുകൊൾവിൻ."
എഫെസ്യർ 2:11-12

നിങ്ങൾ ദൈവകുടുംബത്തോടു ബന്ധമില്ലാത്തവർ ആയിരുന്നു; ദൈവീകസംസർഗ്ഗമില്ലാത്തവർ ആയിരുന്നു. എന്നാൽ നിങ്ങളെ ഞാൻ തിരഞ്ഞെടുത്തു എന്നാണ് ദൈവം പറയുന്നത്.

രക്തത്തിൽ കിടന്നു ഉരുളുന്ന ശിശുവിനെ ചേറും ചെളിയും കഴുകിക്കളഞ്ഞു, വൃത്തികേടെല്ലാം മാറ്റി, കഴുകി എടുത്തു ദൈവം വളർത്തി. അങ്ങനെ വളർന്നു വന്നപ്പോൾ നീ നഗ്നനായി കിടക്കുന്നതു കണ്ടിട്ടു എനിക്കു നിന്നോടു അലിവു തോന്നി, എന്റെ വസ്ത്രം നിന്റെ മേൽ വിരിച്ചു. ജീവനുള്ള ക്രിസ്തുവിന്റെ ആത്മാവിന്റെ പുതപ്പു ഈ കന്യകയുടെ മേൽ ഇട്ടു; ഈ പുറജാതി സ്ത്രീയുടെ മേൽ ഇട്ടു.

ജീവനുള്ള ക്രിസ്തുവിന്റെ നീതീകരണത്തിന്റെ വസ്ത്രം പാപിയായ എന്റെ മേൽ ഇട്ടു. നിങ്ങൾ ഓരോരുത്തരുടെ മേലും ഇട്ടു. രക്തത്തിൽ കിടന്നു ഉരുളുകയായിരുന്നു. നാശത്തിലേക്കു ഒഴുകുകയായിരുന്നു. വിനാശഗർത്തത്തിലേക്കു ആണ്ടുപോവുകയായിരുന്നു. അപകടകരമായ അവസ്ഥയിൽ ആത്മാവു നിത്യശുന്യങ്ങളിലേക്കു, നിത്യയാതനയിലേക്കു ആത്മാവു പോവുകയായിരുന്നു. നിത്യനരകത്തിന്റെ ദണ്ഡനത്തീപ്പൊയ്കയിലേക്കു പോവുകയായിരുന്നു. പിശാച് ആർക്കും വേണ്ടാത്തവരാക്കി നമ്മെ തീർത്തിരിക്കുകയായിരുന്നു. ആഴമുള്ള കുഴിയിലും കുഴഞ്ഞ ചേറ്റിലുമാണ് കിടന്നിരുന്നത്.

വക്രതയും വഷളത്വവും നിറഞ്ഞതായ നമ്മെ ഓരോരുത്തരെയും സ്വർഗ്ഗത്തിലെ നിത്യനായ ദൈവം സ്നേഹിച്ചു. അതാണ് നാം കാണുന്ന ക്രൂശിലെ സ്നേഹം. പാപിക്കു

വേണ്ടി കുന്തമേറ്റു പിടഞ്ഞ സ്നേഹം; കൈകളും കാലുകളും തുളയ്ക്കപ്പെട്ട സ്നേഹം. അതു നമുക്കുവേണ്ടി തിരുമുറിവുകളിൽ നിന്നു രക്തം വാർന്നൊഴുകിയ സ്നേഹമാണ്.

ഈ പരിശുദ്ധരക്തമാണ് അഴുക്കാണ്ട നമ്മുടെ എല്ലാ മാലിന്യങ്ങളും തുടച്ചുനീക്കുന്നതു. കർത്താവായ യേശുവിന്റെ കുറ്റമില്ലാത്ത പരിശുദ്ധരക്തമാണ് പാപിയെ വീണ്ടെടുക്കുന്നതു. “നീ രക്തത്തിൽ കിടന്നു ഉരുളുന്നു എങ്കിലും നീ ജീവിക്ക”

ദൈവപൈതലേ, ദൈവത്തിന്റെ ആർദ്രസ്നേഹം ഇപ്പോൾ നിന്റെ സമീപത്തുകൂടി വന്നു നിന്നോടു പറയുന്നു. നീ രക്തത്തിൽ കിടന്നു ഉരുളുന്നു എങ്കിലും നീ ജീവിക്ക. നിന്നെ സ്നേഹിക്കുന്ന ദൈവം നിന്റെ അരികത്തേക്ക് വന്നു നിന്നോടു കല്പിക്കുന്നു - മകനേ, നീ ഇനിയും ചെളിയിൽ കിടക്കണ്ട; മകളേ നീ ഇനിയും അഴുക്കിൽ പോകണ്ട. ഇനിയും നിന്റെ നാവു അശുദ്ധിക്കു വിട്ടു കൊടുക്കണ്ട. അരുതാത്തതു നിന്റെ നാവിലേക്കു ഒഴിക്കണ്ട. നീ മദ്യം രുചി നോക്കണ്ട. നിന്റെ ചുണ്ടിന്മേൽ അരുതാത്തതു പുകയ്ക്കേണ്ട. നിന്റെ തലച്ചോറിൽ അരുതാത്ത വികാരങ്ങൾ കടക്കണ്ട. നിന്റെ ഹൃദയത്തിൽ മ്ലേച്ഛ മോഹങ്ങൾക്ക് ഇടം കൊടുക്കണ്ട; മകനേ നിന്റെ കണ്ണുകൾ അഴുക്കുപടം കണ്ടു രസിക്കണ്ട. നിന്റെ കൈകൾ അഴുക്കു പിടിക്കുവാനുള്ളതല്ല. നിന്റെ ചുണ്ടുകൾ അശുദ്ധി ചുംബിക്കാനുള്ളതല്ല.

നിന്റെ നാവു വിശുദ്ധി സംസാരിക്കുവാനുള്ളതാണ്. അതു ജീവനുള്ള ദൈവത്തെ സ്തുതിക്കുവാനുള്ളതാണ്. നിന്റെ നാവു ദൈവത്തിനു മധുരഗീതം പൊഴിക്കാനുള്ളതാണ്. നിന്റെ ഹൃദയം ക്രിസ്തുവിന്റെ സ്നേഹത്തിനുവേണ്ടി സ്പന്ദിക്കാനുള്ളതാണ്. നിന്റെ കൈകളും കാലുകളും ക്രിസ്തുവിനുവേണ്ടി മാത്രം ചലിക്കാനുള്ളതാണ്. നീ രക്തത്തിൽ

കിടന്നു ഉരുളുന്നു എങ്കിലും നീ ജീവിക്ക എന്നു ജീവനുള്ള ദൈവം നിന്നോടു കല്പിക്കുന്നു.

> "ഞാൻ നിന്റെ അരികെ കൂടി കടന്നു നിന്നെ നോക്കി യപ്പോൾ നിനക്കു പ്രേമത്തിന്റെ സമ യമായി എന്നു കണ്ടിട്ടു എന്റെ വസ്ത്രം നിന്റെ മേൽ വിരിച്ചു നിന്റെ നഗ്നത മറെച്ചു; ഞാൻ നിന്നോടു സത്യവും നിയമവും ചെയ്തു നീ എനിക്കുള്ളവൾ ആയിത്തീർന്നു എന്നു യഹോ വയായ കർത്താവിന്റെ അരുളപ്പാട്."
>
> യെഹസ്കേൽ 16:8

ദൈവജനമേ, ക്രിസ്തു സഭയെ തന്റെ മണവാട്ടിയായി തിര ഞ്ഞെടുക്കുന്ന അനുഗൃഹീതമായ, സ്വർഗ്ഗീയാനുഭവമാണ്. ഈ ഭാഗത്തു നാം വായിക്കുന്നത്.

യെഹസ്കേൽ യേശുക്രിസ്തു ജനിക്കുന്നതിനു അറുനൂ റിലേറെ വർഷം മുമ്പ് ജീവിച്ച ധന്യനായ ദീർഘദർശിയാണ്. യേശു ജനിക്കുന്നതിനു അറുനൂറിലേറെ വർഷം മുമ്പ് യെഹെ സ്കേൽ പ്രവാചകൻ യേശുവിനെക്കുറിച്ചു പ്രവചിച്ചു; ക്രിസ്തു പുറജാതി കന്യകയുടെ അരികിൽ കൂടി കടന്നു പോയി എന്നു. രക്തത്തിൽ കിടന്നു ഉരുളുന്ന ആ ശിശുവിനെ വളർത്തി, അവളെ കഴുകി വെടിപ്പാക്കി, തന്റെ വസ്ത്രം അവ ളുടെ മേൽ വിരിച്ചു അവളുടെ നഗ്നത മറച്ചു എന്നത് അന്യ ജാതിയിൽപ്പെട്ട നമ്മെ ക്രിസ്തുവിന്റെ കാൽവരി രക്തത്താൽ വീണ്ടെടുത്തെ സ്വർഗ്ഗീയ കുടുംബത്തിന്റെ അംഗങ്ങളാക്കി തീർത്തു എന്നതും നമ്മെ ഗ്രഹിപ്പിക്കാനാണ്.

നാം ഓരോരുത്തരും നഗ്നരായിരുന്നു. പാപത്തിന്റെ മ്ലേച്ഛ തകൊണ്ട് നാം നഗ്നരായിരുന്നു. പുറമേ നഗ്നതയില്ല, ആത്മാ വിൽ നഗ്നരായിരുന്നു.

ആദാം പാപം ചെയ്തപ്പോൾ ആദാം പറയുന്നതു "ഞാൻ നഗ്നനാകകൊണ്ടു ഭയപ്പെട്ടു ഒളിച്ചു" എന്നാണ്. എദൻ തോട്ടത്തിലൂടെ എന്നും വരാറുള്ളതു പോലെ വെയിലാറിയപ്പോൾ ദൈവം കടന്നുവന്നു. ഏദൻ തോട്ടത്തിലൂടെ മനുഷ്യന്റെ സഖിത്വം കാംക്ഷിച്ച് ദൈവം എഴുന്നെള്ളി വന്നു. എന്നും അരികിലേക്കു ഓടിയെത്താറുള്ള മനുഷ്യനെ അന്നു കാണുന്നില്ല.

ആദിമ മനുഷ്യൻ ദൈവസന്നിധിയിലേക്കു വരാൻ മടിച്ചു നിൽക്കുകയാണ്. അവൻ ഭയപ്പെട്ടു ഒളിച്ചു നിൽക്കുകയാണ് ദൈവം മനുഷ്യനെ വിളിച്ചു. നീ എവിടെ? നീ എവിടെ? എന്ന് വിളിച്ചുകൊണ്ട് ഏദൻ തോട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിലൂടെ  നടക്കുന്ന നിത്യനായ ദൈവത്തെ ഒന്നു ധ്യാനിക്കൂ. അപ്പോൾ ദൈവത്തിന്റ അത്ഭുതസ്നേഹത്തെ നമുക്കു ദർശിക്കാം.

ദൈവം 'നീ എവിടെ?' എന്നു ചോദിച്ചപ്പോൾ ആദാം മനസ്സിലാക്കി ഞാൻ ദൈവത്തിന്റെ മുമ്പിൽ മറഞ്ഞിരിക്കുന്നില്ല എന്നു. തോട്ടത്തിൽ നിന്റെ ഒച്ച കേട്ടിട്ടു ഞാൻ നഗ്നനാകകൊണ്ട് ഞാൻ ഭയപ്പെട്ട് ഒളിച്ചു എന്ന് അവൻ പറഞ്ഞു. നീ നഗ്നനെന്ന് നിന്നോട് ആർ പറഞ്ഞു? തിന്നരുതെന്ന് ഞാൻ നിന്നോടു കല്പിച്ച വൃക്ഷഫലം നീ തിന്നുവോ എന്ന് ദൈവം ചോദിച്ചു. അതിനു മനുഷ്യൻ: എന്നോടു കൂടെയിരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം തന്നു, ഞാൻ തിന്നുകയും ചെയ്തു എന്നു പറഞ്ഞു.

പ്രിയപ്പെട്ടവരേ, പാപം വന്നാൽ നഗ്നനാകും. പാപം വന്നാൽ ദൈവതേജസ്സിന്റെ വസ്ത്രം ഉരിഞ്ഞുപോകും. പാപം വന്നാൽ ദൈത്തിന്റെ നീതിയിൻ വസ്ത്രം ഉരിഞ്ഞുപോകും. പാപം വന്നാൽ നാം നഗ്നരായിത്തീരും. പാപം വന്നാൽ ദൈവ

സന്നിധിയിലേക്ക് കടന്നുചെല്ലാൻ ധൈര്യമില്ലാതെ നാം ഒളിച്ചു നിൽക്കേണ്ടിവരും.

ദൈവം ആദാമിനോടു ചോദിച്ചു: നീ എന്തിനങ്ങനെ ചെയ്തു? അരുത് എന്ന് ഞാൻ കല്പിച്ചതല്ലായിരുന്നോ? തിന്നുന്ന നാളിൽ മരിക്കും എന്നല്ലേ നിന്നോടു ഞാൻ കല്പിച്ചിരുന്നത്. വ്യക്തമായ കല്പന നിനക്ക് തന്നതല്ലായിരുന്നോ? പിന്നെ നീ എന്തിനങ്ങനെ ചെയ്തു?

ആദാം പറഞ്ഞു: "കർത്താവെ എന്നോടു കൂടെയിരിപ്പാൻ നീ തന്ന സ്ത്രീ എനിക്കു പറിച്ചു തന്നു, ഞാൻ അതു തിന്നു. ഞാൻ തിന്നതിന് കർത്താവെ ന്യായീകരണമുണ്ട്. ഒന്ന്: എന്നോടുകൂടെയിരിപ്പാൻ നീ തന്നതല്ലേ? തിന്നാൽ തേജസ്സിന്റെ വസ്ത്രം ഉരിഞ്ഞുപോകും എന്നെനിക്കു അറിയാം. തേജസ്സിന്റെ വസ്ത്രം ഉരിഞ്ഞുപോയില്ലെങ്കിൽ അവൾ എന്നോടു കൂടെ ഇരിക്കാൻ പറ്റാതെ വരും. ഞാൻ ഇവിടെ ആയിരിക്കും, അവൾ വെളിയിലും പോകും. അപ്പോൾ കർത്താവെ നിന്റെ വചനം നിറവേറുകയില്ല." മനുഷ്യന്റെ ഉപായം!

മനുഷ്യൻ ചെയ്ത പാപത്തിന് ദൈവത്തെ തന്നെ പഴി പറയുകയാണ്. എന്നോടു കൂടെയിരിപ്പാൻ നീ തന്ന സ്ത്രീ തന്നു ഞാൻ തിന്നു, ഒന്ന് ദൈവത്തെ കുറ്റപ്പെടുത്തുന്നു. രണ്ട് ഹവ്വായെ കുറ്റപ്പെടുത്തുന്നു.

പാപം ചെയ്യുമ്പോൾ അത് മറ്റുള്ളവരിലേക്ക് ചാരുന്നത് സ്വാഭാവികമായ ഒരു തിന്മയാണ്. സ്വയം നീതീകരണം കണ്ടെത്തുന്നു. അതിനുവേണമെങ്കിൽ ദൈവത്തിന്റെ വചനമെല്ലാം ഉദാഹരിക്കുകയും ഒരു പക്ഷെ ഉദ്ധരിക്കുകയും ചെയ്തേക്കാം.

അല്പമൊക്കെ കുടിക്കുവാൻ വേദപുസ്തകം പറയുന്നുണ്ട്. നിനക്ക് അജീർണ്ണതയുണ്ട്. നിനക്ക് വയറ്റിൽ അസുഖം ഉണ്ട്. അതുകൊണ്ട് അല്പം വീഞ്ഞ് സേവിച്ചു കൊൾക എന്ന് അപ്പൊസ്തലനായ പൗലോസ് തിമൊഥെയോസിനോട് പറഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ട് അല്പമൊക്കെ കുടിക്കാം, അധികം കുടിക്കരുതെന്നേ ഉള്ളൂ. അധികം കുടിച്ചാലേ മദ്യപാനം ആകുകയുള്ളൂ എന്ന് വേദപുസ്തക ഭാഗം ഉദ്ധരിച്ചുകൊണ്ട് പറയുന്ന വികലമായ ചില ആശയഗതികൾ നിങ്ങൾ പക്ഷെ കേട്ടിട്ടുണ്ടാകും.

കർത്താവ് ഒന്നാമത് ചെയ്ത അത്ഭുതം പച്ചവെള്ളത്തെ വീഞ്ഞാക്കി തീർത്തതല്ലേ. പച്ചവെള്ളം കുടിച്ചാൽ പോരായിരുന്നോ? വീഞ്ഞ് കർത്താവ് കൊടുത്തു, അതും ലഹരിപ്പിക്കുന്ന വീഞ്ഞ്. ആദ്യം ലഹരിയുള്ളതും പിന്നെ ഇളപ്പമായതും കൊടുക്കുക എന്നതല്ലേ സാധാരണ പതിവ്. പക്ഷെ കർത്താവ് ചെയ്തത് ഏറ്റവും വീര്യം കൂടിയ വീഞ്ഞ് ഒടുവിലത്തെ പന്തിയിൽ വിളമ്പുവാൻ തക്കവണ്ണം വീര്യം കൂടിയ വീഞ്ഞ് ഉണ്ടാക്കി കൊടുത്തില്ലേ? അതുകൊണ്ട് മദ്യപാനം പാപമല്ല എന്നെല്ലാം ചിന്തിക്കുന്ന വളരെ വികലമായ ചിന്താഗതികൾ, ഇന്ന് ഒരു പക്ഷെ വിശ്വാസികൾ എന്ന് പറയുന്നവരുടെ ഇടയിൽപോലും പ്രചരിക്കുന്നുണ്ട്.

എല്ലാ തെറ്റിനും ചില ന്യായീകരണങ്ങൾ കാണും. എല്ലാ തെറ്റിനും ദൈവത്തിന്റെ വചനത്തെ അടിസ്ഥാനമാക്കാറുണ്ട്.

ഞാൻ കോളജിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ എന്റെ കൂടെ പഠിപ്പിക്കുന്ന ഒരദ്ധ്യാപകൻ എന്റെ അടുക്കൽ വന്നു. അദ്ദേഹം പറഞ്ഞു:

വേദപുസ്തകത്തിൽ ദൈവമില്ല എന്നു പറയുന്ന ഒരു

വാക്യം കാണുന്നു, സാർ എന്തു പറയുന്നു?

ഞാൻ പറഞ്ഞു: അങ്ങനെ കാണില്ല. ദൈവം ഇല്ല എന്ന് വേദപുസ്തത്തിൽ പറയുമോ? എനിക്ക് ആ കെണി മനസ്സിലായില്ല.

ഞാൻ കാണിച്ചു തരാം, വേദപുസ്തകം ഇവിടെ ഉണ്ടോ? ഞാൻ മേശ തുറന്ന് വേദപുസ്തുകം എടുത്തു. ഉടനെ അദ്ദേഹം പതിനാലാം സങ്കീർത്തനം ഒന്നാം വാക്യവും, അമ്പത്തിമൂന്നാം സങ്കീർത്തനം ഒന്നാം വാക്യവും എടുത്തു - "ദൈവം ഇല്ല  എന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു." എന്നവാക്യം വായിച്ചു കേൾപ്പിച്ചു ഞാൻ പറഞ്ഞു "ദൈവം ഇല്ല എന്ന് ഹൃദയത്തിൽ എങ്കിലും പറയുന്നവൻ മൂഢൻ ആണ് എന്നാണു പറഞ്ഞിരിക്കുന്നതു." ഇതുപോലെ വാക്യശകലങ്ങൾ വെച്ചുകൊണ്ട് സ്വന്തം താത്പര്യം സ്ഥാപിക്കുവാൻ ശ്രമിക്കുന്ന ആളുകൾ ധാരാളമുണ്ട്.

എന്നാൽ നമ്മുടെ ജീവിതത്തിൽ തിരുവചനത്തെ കോട്ടി വികലമാക്കുന്ന പ്രവണത ഒരു കാലത്തും വരരുത്.

ക്രിസ്തുവിന്റെ തിരുരക്തം നമ്മെ കഴുകി വെടിപ്പാക്കട്ടെ. ക്രിസ്തുവിന്റ തിരുരക്തത്താലുള്ള വിശുദ്ധീകരണം നമുക്കു അനുഭവിക്കുവാൻ ഇടയാകട്ടെ. ക്രിസ്തുവിന്റെ തിരുവസ്ത്രം നമ്മുടെ മേൽ വിരിച്ചു നമ്മുടെ നഗ്നത മറയ്ക്കട്ടെ.

നമ്മുടെ നഗ്നത മാറ്റാൻ ക്രൂശിൽ ക്രിസ്ത്യ നഗ്നനായിക്കിടന്നു. നമ്മുടെ ലജ്ജ നീക്കുവാൻ ക്രിസ്തു ക്രൂശിൽ ലജ്ജ ഏറ്റുവാങ്ങി. നമ്മുടെ ജീവിതത്തിലെ പാപത്തിന്റെ മാലിന്യം അകറ്റുവാൻ ക്രിസ്തു  ക്രൂശിന്മേൽ നമ്മുടെ പാപം ഏറ്റെടുത്തു. പാപത്തിന്റെ ശമ്പളമായ മരണം രുചിനോക്കി. പിതാക്കന്മാർ പാടി:

"ക്രോബേസ്രാപ്പികൾ തൻ - സവിധം വിട്ടവതരണം
ചെയ്താക്കന്യകത-ന്നുദരേ വാണോനേ!
ആദാമ്യരെ സാത്താൻ - മൃതിയിവതന്നടിമയിൽ നി-
ന്നേറ്റീടുവാൻ മെയ്യേ -ന്തിയ വീരാ സ്തോത്രം."

സാത്താന്റെ അടിമത്വത്തിൽ നിന്ന് നമ്മെ വിടർത്തുവാൻ ദൈവം തിരുമനസ്സായിത്തീർന്നു. പാപത്തിന്റെ ശമ്പളമായ മരണത്തിന്റെ ആധിപത്യത്തിൽ നിന്നു നമ്മെ മോചിപ്പിക്കുവാൻ ക്രിസ്തു ക്രൂശിൽ ആണികളാൽ ബന്ധിതനായി തീർന്നു.

പിതാക്കന്മാർ പ്രാർത്ഥിച്ചു, നാമും പ്രാർത്ഥിക്കുന്നു:

> "മോറാനേശു മശിഹാ, നിന്റെ അനുഗ്രഹത്തിന്റെ വാതിൽ ഞങ്ങളുടെ നേരെ അടച്ചു കളയരുതേ, കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോടു കരുണ ഉണ്ടാകണമെ. കർത്താവെ നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ടു നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്നു ഞങ്ങളുടെ അടുക്കലേക്കു നിന്നെ ഇറക്കിക്കൊണ്ടുവന്നു. ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ."

ദൈവത്തിന്റെ സ്നേഹം നമ്മുടെ ലജ്ജ ഏറ്റെടുത്തു. ദൈവത്തിന്റെ കരുണ നമ്മുടെ തിന്മ ഏറ്റെടുത്തു. നിത്യനായ ദൈവത്തിന്റെ വാത്സല്യം നമ്മുടെ മേൽ തന്റെ തേജസ്സിന്റെ വസ്ത്രം വിരിച്ചു.

നാം ബാങ്കിൽ രൂപാ നിക്ഷേപിച്ചാൽ ആ രൂപ നാളുകൾക്കു ശേഷം പലിശയോടുകൂടി നമുക്കു തിരിച്ചുകിട്ടും. നാളുകൾ

കഴിയും തോറും തുക വർദ്ധിച്ചുകൊണ്ടേയിരിക്കും. തന്റെ രക്തം കൊടുത്തു നമ്മെ വിലയ്ക്കു വാങ്ങിയ ക്രിസ്തു നമ്മുടെ ഹൃദയത്തിൽ തന്റെ സ്നേഹം നിക്ഷേപിച്ചു. ആ സ്നേഹം നമ്മിൽ വർദ്ധിച്ചു പെരുകുന്നതു കാണാൻ യേശു ക്രിസ്തു കാത്തിരിക്കുന്നു.

നമ്മുടെ ഹൃദയത്തിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന സ്വത്ത് അവന്റെ വിശുദ്ധിയും, സ്നേഹവും, കരുണയും, താഴ്മയും, സൗമ്യതയും, എളിമയും ലാളിത്യവുമാണ്, അവന്റെ ദിവ്യ സ്വഭാവം മുഴുവനും നമ്മിൽ നിക്ഷേപിച്ചു കൊണ്ട് അതു നമ്മിൽ വർദ്ധിച്ചു പെരുകി നാം ക്രിസ്തു എന്ന തലയോളം വളരുവാൻ ദൈവം ആശയോടെ നോക്കി നിൽക്കുകയാണ്.

യേശുക്രിസ്തു നമ്മിൽ നിക്ഷേപിച്ച താലന്തു വർദ്ധിപ്പി ക്കുവാൻ നമുക്കു സാധിച്ചിട്ടുണ്ടോ? അവൻ തിരികെ വരു മ്പോൾ, കണക്കു നോക്കുന്ന നാളിൽ, അവന്റെ മുമ്പിൽ വർദ്ധിപ്പിച്ച താലന്തുമായിചെന്നു കർത്താവേ, നീ അഞ്ചു താലന്തല്ലോ എന്നെ ഏല്പിച്ചതു, അഞ്ചു താലന്തുകൂടി ഞാൻ നേടിയിരിക്കുന്നു എന്നു പറയുവാൻ നമുക്കു സാധിക്കുമോ? “നല്ലവനും വിശ്വസ്തനുമായ ദാസനേ നീ അല്പത്തിൽ വിശ്വ സ്തനായിരുന്നു, അധികത്തിനു ഞാൻ നിന്നെ വിചാരക നാക്കും” എന്നുള്ള ശബ്ദം കേൾപ്പാൻ നീ ഒരുങ്ങിയി ട്ടുണ്ടോ?

മത്തായിയുടെ സുവിശേഷം ഇരുപത്തിയഞ്ചാം അദ്ധ്യാ യത്തിന്റെ രണ്ടാം ഖണ്ഡിക വായിക്കുമ്പോൾ ഈ ഉപമ കാണാം. രണ്ടു താലന്തു ലഭിച്ചവൻ വേറെ രണ്ടു കൂടി നേടി ക്കൊണ്ടുവന്നു. അവൻ പറയുന്നു: യജമാനേ, എനിക്കു രണ്ടു താലന്തല്ലോ തന്നതു; ഞാൻ വേറെ രണ്ടു കൂടി നേടിയിരി

ക്കുന്നു. യജമാനൻ പറഞ്ഞു: "നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും"

ഒരു താലന്തു ലഭിച്ചവനും അടുക്കെ വന്നു. കർത്താവേ നീ വിതയ്ക്കാത്തേടത്തു നിന്നു കൊയ്യുന്നവനാണ്. വിതറാത്തേടുത്തു നിന്ന ചേർക്കുന്നവനാണ്. നീ കഠിന മനുഷ്യനാണ് എന്നെനിക്കു മനസ്സിലായതു കൊണ്ടു ഞാൻ എന്റെ ദ്രവ്യം മറച്ചുവച്ചു. നിന്റേതു ഇതാ എടുത്തുകൊൾക എന്നു പറഞ്ഞു.

കർത്താവു അവനെ: 'ദുഷ്ടനും മടിയനും ആയ ദാസനേ', എന്നും 'കൊള്ളരുതാത്ത ദാസനേ' എന്നും വിളിച്ചു അവനെ 'കയ്യും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളയുവിൻ' എന്നു കല്പിച്ചു. അവനുള്ള ആ ഒരു താലന്ത് എടുത്തു ഉള്ളവനു കൊടുപ്പിൻ; എന്നു പറഞ്ഞു. അവനോ നിത്യദണ്ഡനത്തിലേക്കു കൈയ്യും കാലും കെട്ടപ്പെട്ടവനായി പോകേണ്ടിവരികയും ചെയ്തു.

നമ്മിൽ നിക്ഷേപിച്ച സ്നേഹം വർദ്ധിപ്പിക്കുവാൻ നമുക്കു സാധിച്ചില്ലെങ്കിൽ നഷ്ടമാണ്. അതു ശിക്ഷാവിധിക്കു കാരണമാകും. നിങ്ങളുടെമേൽ സ്വർഗ്ഗീയ പിതാവു തന്റെ പുത്രന്റെ പരിശുദ്ധരക്തം തളിക്കുവാൻ തിരുമനസ്സായി എന്നു നിങ്ങൾക്കു വിശ്വാസമുണ്ടോ? നിങ്ങളുടെ പാപങ്ങൾ കർത്താവു പോക്കി എന്നു നിങ്ങൾക്കു വിശ്വാസമുണ്ടോ? എങ്കിൽ അതു നിങ്ങളുടെ ജീവിതത്തിൽ തെളിയിക്കും.

നിങ്ങളുടെ ജീവിതത്തിൽ മേലിൽ പാപം കൂടാതെ ജീവിക്കുന്നതിനാൽ നിങ്ങൾക്കു അതു തെളിയിക്കാം. അല്ലെങ്കിൽ നിങ്ങൾക്കു വിശ്വാസമില്ല എന്നതാണതിന്റെ അർത്ഥം. പാപത്തിന്റെ ശിക്ഷ ക്രിസ്തു വഹിച്ചു എന്ന വിശ്വാസം ഉണ്ടെ

ങ്കിൽ മേലിൽ പാപം ചെയ്യുകയില്ല, അതു ജീവിതത്തിൽ അന്വർത്ഥമായിത്തീരും; അനുഭവമായി മാറും. അനുഭവമായി മാറുന്നില്ലെങ്കിൽ നിങ്ങൾ വിശ്വസിക്കുന്നില്ല എന്നാണർത്ഥം.

നാം നമ്മെ വിലയ്ക്കുവാങ്ങിയ നാഥന്റെ വകയാണെന്നു വിശ്വസിക്കണം. എന്റെ യേശുവിനു എന്റെ കണ്ണു കൊടുത്തുപോയി; ഇനി ഈ കണ്ണു യേശു നോക്കാത്തിടത്തേക്കു നോക്കുകയില്ല. എന്റെ വായ് യേശു വിലയ്ക്കു വാങ്ങിപ്പോയി. ഇനി യേശു ആഗ്രഹിക്കാത്തതു ഒന്നും ഈ നാവു രുചിക്കയില്ല, ഈ നാവു സംസാരിക്കുകയില്ല. എന്റെ കാതുകൾ ഞാൻ യേശുവിനു കൊടുത്തുപോയി, അതുകൊണ്ടു ഇനി അരുതാത്തതു കേൾക്കുവാൻ ഞാൻ ഇരുന്നു കൊടുക്കുകയില്ല.

ഈ കൈകൾ യേശു വിലയ്ക്കു വാങ്ങിപ്പോയി. ഈ കൈകളുടെ ഉടമസ്ഥൻ ഇപ്പോൾ യേശുവാണ്. യേശു രക്തം കൊടുത്തു വിലയ്ക്കു വാങ്ങിയിരിക്കുന്നു. ഈ കൈകൾ ഇനി ചലിക്കുന്നതു യേശുവിനു വേണ്ടി മാത്രം, യേശുവിന്റെ മഹത്വകരമായ ശുശ്രൂഷയ്ക്കുവേണ്ടി മാത്രം. ഈ കൈകൾ യേശു പ്രസാദിക്കുന്നതു മാത്രമേ ചെയ്യുകയുള്ളൂ. എന്റെ പാദങ്ങളും വിശുദ്ധിയോടെ സൂക്ഷിക്കും. യേശു പോകാത്ത ഇടങ്ങളിലേക്കു അതു നീങ്ങുകയില്ല.

ദുഷ്ടന്മാരുടെ ആലോചന പ്രകാരം നടക്കുകയില്ല, പാപികളുടെ വഴിയിൽ നിൽക്കുകയില്ല, പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കുകയില്ല, കാരണം ഈ ജീവിതം യേശുവിനു കൊടുത്തുപോയി. കർത്താവേ ഞാൻ നിന്റെ വക; നിന്റെ സ്വന്തം; നീ എന്റെ സ്വന്തം.

എന്റെ ഹൃദയം യേശുവിന്റെ വകയായിപ്പോയി. യേശു

ആഗ്രഹിക്കാത്ത ഒന്നും ഈ ഹൃദയത്തിലേക്കു വരാൻ പറ്റു കയില്ല. ഒരു ആഗ്രഹവും, ഒരു മോഹവും, ഒരു താല്പര്യവും വരികയില്ല. എന്റെ തലച്ചോറ്, എന്റെ ബുദ്ധി, എന്റെ വിചാരം, എന്റെ ചിന്തകൾ, എല്ലാം യേശുവിനു കൊടുത്തുപോയി. യേശുവേ, ഇനി നിന്റേതു മാത്രം. ശുഭകരമായ ചിന്തകൾ മാത്രം, നിനക്കുവേണ്ടിയുള്ള ചിന്തകൾ മാത്രം.

ഇനി നിഷേധാത്മകമായ ചിന്തകൾ ഇല്ല, നൈരാശ്യചിന്ത കൾ ഇല്ല, വൈരാഗ്യ ചിന്തകൾ ഇല്ല, മാലിന്യ മോഹങ്ങൾ ഇല്ല, അരുതാത്ത ആഗ്രഹങ്ങൾ ഇല്ല. കർത്താവേ, അഴുക്കു വികാരങ്ങൾ ഇല്ല, പ്രതികാര മനോഭാവം ഇല്ല. ആരോടും പകയില്ല, ആരോടും മുഷിച്ചിൽ ഇല്ല, എല്ലാവരോടും സ്നേഹം മാത്രം ചിന്തിക്കുന്നു. ഇപ്രകാരം നിങ്ങൾക്കു സമർപ്പിക്കുവാൻ സാധിക്കുമോ? എങ്കിൽ നിങ്ങൾ ഭാഗ്യശാ ലികൾ ആണ്. എന്റെ വസ്ത്രം നിന്റെ മേൽ വിരിച്ചു; നീ എനിക്കുള്ളവൾ ആയിത്തീർന്നു, എന്റെ വകയായിത്തീർന്നു. എന്നത്രേ കർത്താവ് അരുളിച്ചെയ്യുന്നത്.

> "വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങ ളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തി രിക്കുന്നതു പൊന്നു, വെള്ളി, മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെ കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവു മായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ."
>
> 1 പത്രൊസ് 1:18,19

കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടു നിന്നെ വീണ്ടെ ടുത്തിരിക്കുന്നു.

ഈ വസ്ത്രം നിന്റെ മേൽ വിരിച്ചു എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം നിന്നെ വീണ്ടെടുത്തിരിക്കുന്നു എന്നാണ്. ദൈവപൈതലേ, അവൻ നിന്നെ തന്റേതാക്കി മാറ്റി എന്നതാണ്. ഇനി നീ നിന്റേതല്ല; യേശുവിന്റേതാണ്.

# ഇരുപത്തിയൊന്ന്

"അർദ്ധരാത്രിയിൽ അവൻ ഞെട്ടിത്തിരിഞ്ഞു, തന്റെ കാല്ക്കൽ ഒരു സ്ത്രീ കിടക്കുന്നതു കണ്ടു. നീ ആർ എന്നു അവൻ ചോദിച്ചു. ഞാൻ നിന്റെ ദാസിയായ രൂത്ത്; നിന്റെ പുതപ്പ് അടിയന്റെ മേൽ ഇടേണമേ; നീ വീണ്ടെടുപ്പു കാരനല്ലോ എന്നു അവൾ പറഞ്ഞു." അതിന്നു അവൻ പറഞ്ഞതു: മകളേ നീ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവൾ"

രൂത്ത് അർദ്ധരാത്രിയിൽ ബോവസിന്റെ കാൽക്കൽ ചെന്നു കിടക്കുകയാണ്. അവൻ ഞെട്ടിത്തിരിഞ്ഞു നോക്കുമ്പോൾ കാൽക്കൽ ഒരു സ്ത്രീ കിടക്കുന്നു. നീ ആർ എന്നു അവൻ ചോദിച്ചു. ഞാൻ നിന്റെ ദാസിയായ രൂത്ത്; നിന്റെ പുതപ്പു അടിയന്റെ മേൽ ഇടേണമേ, നീ വീണ്ടെടുപ്പുകാരനല്ലോ എന്നു അവൾ പറഞ്ഞു. അതിനു അവൻ, നീ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവൾ എന്നു കല്പിച്ചു. യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവൾ ആകണമെങ്കിൽ വീണ്ടെടുപ്പുകാരന്റെ

പുതപ്പു വന്ന് പതിക്കണം.

ബോവസ് കർത്താവായ യേശുക്രിസ്തുവിന്റെ പ്രതീകമാണ് എന്നുപറഞ്ഞല്ലോ. യേശുക്രിസ്തു പൊരുളും, ബോവസ് നിഴലും. യേശുക്രിസ്തുവിന്റെ നിഴലായ ബോവസ് തന്റെ പുതപ്പു രൂത്തിന്റെ മേൽ ഇട്ടു.

പരിശുദ്ധാത്മാവിന്റെ പ്രതീകമാണ് ഈ പുതപ്പു. പരിശുദ്ധാത്മാവിന്റെ ശക്തി, അതു നമ്മുടെ മേൽ വരുമ്പോഴാണ് നമ്മുടെ പാപങ്ങൾ മാഞ്ഞുപോകുന്നത്, പരിശുദ്ധാത്മാവു അഗ്നിയാണ്, ഈ തീ നമ്മുടെ മേൽ വീഴുമ്പോൾ നമ്മുടെ പാപങ്ങൾ എല്ലാം കത്തിപ്പോകും.

ഈ സമയം നിങ്ങൾ പ്രാർത്ഥിക്കൂ: കർത്താവേ, എന്റെ ജീവിതത്തിൽ അനേകമനേകം പാപങ്ങൾ വന്നുപോയി. കർത്താവേ, എന്റെ പാപങ്ങളെല്ലാം എന്നോടു ക്ഷമിച്ചു എനിക്കു മാപ്പു തരേണമെ. പരിശുദ്ധാത്മാവിന്റെ നൽവരത്താൽ എന്റെ പാപക്കറകൾ എല്ലാം കഴുകണമെ. നിന്റെ പുതപ്പു എന്റെ മേൽ വിരിച്ചു എന്നെ പൊതിയണമെ.

ദാവീദിന്റെ ഘോരപാതകം ദൈവം ക്ഷമിച്ചു കൊടുത്തു കഴിഞ്ഞപ്പോൾ ദാവീദ് ദൈവസന്നിധിയിൽ സ്തുതിയോടെ പാടുന്ന ഒരു കീർത്തനമാണ് മുപ്പത്തിരണ്ടാം സങ്കീർത്തനം. “ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയ മനുഷ്യൻ ഭാഗ്യവാൻ.” പുതപ്പു വീഴുകയാണ്, പാപം മറച്ചു തരികയാണ്.

> “ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.”
>
> സങ്കീർത്തനങ്ങൾ 32:1,2

യഹോവ അകൃത്യം കണക്കിടുന്നില്ല. അകൃത്യം ഇല്ലാഞ്ഞിട്ടല്ല; അകൃത്യമാണെന്നു കർത്താവ് കണക്കാക്കുന്നില്ല. നാം എല്ലാവരും പാപികളാണ്, എല്ലാവരും പിശാചിന്റെ വകയാണ്. എന്നാൽ കർത്താവിന്റെ തിരുരക്തം നമ്മെ പൊതിയുകയാണ്.

"ഞാൻ നിന്റെ ദാസിയായ രൂത്ത്, നിന്റെ പുതപ്പു അടിയന്റെ മേൽ ഇടേണമെ." എത്ര വിനീതമായ യാചന! പൂർണ്ണമായും കീഴടങ്ങുന്ന യാചന! എന്റേതെല്ലാം വിടുന്നു. യേശുവേ ഇനി നിന്റേതുമാത്രം.

നിങ്ങളുടെ ജീവിതത്തിൽ പാപങ്ങൾ ക്ഷമിച്ചു കിട്ടിയോ? എല്ലാ അകൃത്യവും മാറി എന്നുള്ള ഒരു ഉറപ്പു നിങ്ങൾക്കു കിട്ടുന്നുണ്ടോ? നിങ്ങളുടെ പഴയ സ്വഭാവം മാറിയോ? വാശിയും വഴക്കും കോപവും മാറിയോ? നിങ്ങളുടെ കുടുംബത്തിൽ ഐക്യം വന്നുവോ ? സ്നേഹം വന്നുവോ? പരസ്പരം ബഹുമാനം വന്നുവോ?

എഫെസ്യർ അഞ്ചാം അദ്ധ്യായവും, ഒന്നു പത്രോസ് മൂന്നാം അദ്ധ്യായവും ചേർത്തുവെച്ചു വായിക്കൂ അവിടെ കാണാം: ഭർത്താവു ഭാര്യയെ സ്നേഹിക്കണം, ഭർത്താവു ഭാര്യയെ കരുതണം, ഭർത്താവു ഭാര്യയെ ബഹുമാനിക്കണം. അവളെ ഒരു അടിമയെപ്പോലെ കണക്കാക്കരുതു. ഭാര്യയോ ഭർത്താവിനെ അനുസരിക്കണം, ഭർത്താവിനു കീഴ്പെടണം, ഭർത്താവിനെ ഭയപ്പെടണം. ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കൂ നിങ്ങളുടെ കുടുംബജീവിതം എങ്ങനെ?

നിങ്ങളുടെ കുടുംബത്തിൽ ഐക്യമുണ്ടോ? പരസ്പരം സ്നേഹം ഉണ്ടോ? പരസ്പരം വിശ്വാസം ഉണ്ടോ? പരസ്പരം ബഹുമാനമുണ്ടോ? ഭാര്യയെ സ്നേഹിക്കുന്നുണ്ടോ, ഭർത്താവിനെ അനുസരിക്കുന്നുണ്ടോ? ഭാര്യയെ ബഹുമാനിക്കുന്നു

ണ്ടോ, ഭർത്താവിനെ ഭയപ്പെടുന്നുണ്ടോ, ഭാര്യയെ കരുതുന്നുണ്ടോ, ഭർത്താവിനു കീഴ്പ്പെടുന്നുണ്ടോ? നിങ്ങളെത്തന്നെ ശോധന ചെയ്വിൻ.

പരിശുദ്ധാത്മാവിന്റെ പുതപ്പു നിങ്ങളുടെ മേൽ വീഴണമെങ്കിൽ നിങ്ങൾ ചില പ്രതിഷ്ഠകൾ എടുക്കണം. നിങ്ങൾ ചില തീരുമാനങ്ങൾ എടുക്കണം.

നിങ്ങളുടെ കുടുംബജീവിതം എങ്ങനെയുണ്ട്? നിങ്ങളുടെ വ്യക്തിജീവിതം എങ്ങനെയുണ്ട്? മാതാപിതാക്കളെ നിങ്ങൾ ആദരിക്കുന്നുണ്ടോ? കരുതുന്നുണ്ടോ? അവരോടു നിങ്ങൾക്കു സ്നേഹമുണ്ടോ? അവരെ അനുസരിക്കുന്നുണ്ടോ? മാതാപിതാക്കളെ നിങ്ങൾ ബഹുമാനിക്കുന്നുണ്ടോ? മക്കളെ നിങ്ങൾ കരുതുന്നുണ്ടോ? അവരെ ചൊല്പടിക്കു നിറുത്താതെ അവരുടെ താളത്തിനു വിട്ടുകൊടുക്കുകയാണോ?

ഇന്നു അനേക കുടുംബങ്ങളും വലയുന്നതു മക്കളെ ഓർത്തുള്ള വേദനകൊണ്ടാണ്, മക്കൾ നശിച്ചു കൊണ്ടിരിക്കുന്നു. മക്കൾ നാനാവിധമായിക്കൊണ്ടിരിക്കുന്നു. അവർ ജീവിതം മുടിച്ചുകൊണ്ടിരിക്കുന്നു. അവർ കഞ്ചാവിനും മദ്യത്തിനും അടിമകളായിക്കൊണ്ടിരിക്കുന്നു. മക്കൾ അനേകർ രാഷ്ട്രീയ പേക്കൂത്തുകളിൽ പെട്ടു നശിച്ചു കൊണ്ടിരിക്കുന്നു.

അവർ വിദ്യാർത്ഥി സമരങ്ങളിൽ പെട്ടു അവരുടെ ആയുസ്സു മുടിച്ചുകൊണ്ടിരിക്കുന്നു. അവർ റാഗ് ചെയ്ത് അനേകരുടെ ജീവിതം തകർത്തുകൊണ്ടിരിക്കുന്നു. അനേകമനേകം കുട്ടികൾ ഇന്നു കഞ്ചാവിന്റെ അടിമകളായി നശിച്ചുകൊണ്ടിരിക്കുന്നു. പ്രേമക്കുരുക്കുകളിൽ കുടുങ്ങിയിരിക്കു

ന്നു. എല്ലാ വൃത്തികേടുകളിലും പോയി നശിച്ചു കൊണ്ടിരിക്കുന്നു, ശരീരവും മനസ്സും ആത്മാവും ബുദ്ധിയുമെല്ലാം നശിച്ചു തകർന്നു, ജീവിതം ശൂന്യതയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു.

ഇന്നു മക്കളെ ഓർത്തു മാതാപിതാക്കൾ കരഞ്ഞുകൊണ്ടിരിക്കുന്നു. നിങ്ങൾ മാതൃകയായി നിങ്ങളുടെ ജീവിതം കാണിച്ചു കൊടുത്തു മക്കളെ നേർ പാതയിൽ നടത്തണം. അവരെ പത്ഥ്യോപദേശത്തിൽ വളർത്തണം. അവരെ ബാലശിക്ഷയിൽ വളർത്തണം.

നിങ്ങൾ വഴക്കിനും വിവാദത്തിനും തർക്കത്തിനും കുടുംബത്തിൽ ഇടം കൊടുത്തിട്ട്, ഭാര്യയും ഭർത്താവും തമ്മിൽ വഴക്കടിച്ചു കൊണ്ടിരുന്നിട്ട്, മക്കളെ എങ്ങനെ ഉപദേശിക്കും? നിങ്ങൾ ശാന്തരായി ഇരിക്കൂ, നിങ്ങൾ നന്നായിരിക്കണം, നിങ്ങൾ പ്രാർത്ഥിക്കണം എന്നൊക്കെ പറയുന്നതിനു എന്താ അർത്ഥമുള്ളതു?

അതിവേഗം നിങ്ങളുടെ ജീവിതത്തെ തിരുത്തിക്കൊണ്ടു നിങ്ങൾ പ്രാർത്ഥിക്കു. കർത്താവേ നിന്റെ രക്തത്താൽ എന്നെ കഴുകണമെ. നിന്റെ രക്തത്താൽ എന്നെ പൊതിയണമെ. നിന്റെ പരിശുദ്ധാത്മാവിന്റെ തീജ്ജ്വാലയാകുന്ന ആ വലിയ പുതപ്പു എന്റെമേൽ ഇടേണമെ. പരിശുദ്ധാത്മാവിന്റെ ചിറകടിയിൽ എന്നെ പരിപാലിക്കണമെ.

> “അർദ്ധരാത്രിയിൽ അവൻ ഞെട്ടിത്തിരിഞ്ഞു, തന്റെ കാല്ക്കൽ ഒരു സ്ത്രീ കിടക്കുന്നതു കണ്ടു. നീ ആർ എന്നു അവൻ ചോദിച്ചു. ഞാൻ നിന്റെ ദാസിയായ രൂത്ത്; നിന്റെ പുതപ്പ് അടിയന്റെ മേൽ ഇടേണമേ; നീ വീണ്ടെടുപ്പു

കാരനല്ലോ എന്നു അവൾ പറഞ്ഞു. അതിന്നു അവൻ പറഞ്ഞതു: മകളേ നീ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവൾ"

രൂത്ത് 3:8,9

"യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവൾ" എന്തൊരു ഭാഗ്യ പദവിയാണ് അത്! ദൈവാനുഗ്രഹമുള്ള ഒരു മകൻ, അല്ലെങ്കിൽ മകൾ - മഹാഭാഗ്യം തന്നെ. ജീവനുള്ള ദൈവത്തിന്റെ അനുഗ്രഹം നിങ്ങളുടെ മേൽ വന്നിരിക്കുന്നു എന്നു ഒരു തിരുശബ്ദം കേൾക്കാൻ ഇടയാകുന്നതു എന്തൊരു ഭാഗ്യമാണ്!

ജീവന്റെ വചനത്തിന്റെ മുമ്പാകെ വന്നിരിക്കുന്ന നിങ്ങൾ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവർ ആണ്. യേശുക്രിസ്തുവിന്റെ തിരുരക്തത്തിന്റെ തിരുമുമ്പാകെ വന്നിരിക്കുന്ന നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവർ ആണ്. ജീവന്റെ റൂഹാ സംസാരിക്കുന്ന വചനത്തിന്റെ മുമ്പിൽ വരാനിടയായതു കൊണ്ടു നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവരാണ്. ജീവന്റെ അരുളപ്പാടുകൾ ശ്രദ്ധിക്കാൻ സ്വർഗ്ഗം നിങ്ങൾക്കു അവസരങ്ങൾ തന്നതിനാൽ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവരാണ്.

ദൈവജനമേ, നിങ്ങൾ ജീവന്റെ അരുളപ്പാടുകളുടെ മുന്നിലാണിപ്പോൾ ഇരിക്കുന്നത്. ജീവന്റെ വചനമാണ് നിങ്ങൾ വായിക്കുന്നത്. ആ സ്വർഗ്ഗീയ പുതപ്പിൻ കീഴിലാണ് നിങ്ങൾ ഇരിക്കുന്നത്. ലജ്ജ മാറ്റുന്ന പുതപ്പ്, നിന്ദ മാറ്റുന്ന പുതപ്പ്, നിന്നെ തന്റെ മണവാട്ടിയായി അംഗീകരിക്കുന്ന പുതപ്പ് നിന്റെ മേൽ ഇടാനാണ് സ്വർഗ്ഗം അദ്ധ്വാനിക്കുന്നതു.

രൂത്ത് വിധവയാണ്. ഭർത്താവു മരിച്ച ഒരു പെൺകുട്ടി; പുറജാതി പെൺകുട്ടി. ഒരു കാരണവശാലും ബോവസിന്റെ മണവാട്ടിയാകാൻ സാദ്ധ്യതയില്ല. ഒരു തരത്തിലും യിസ്രാ

യേൽ ജാതിയിൽ എത്തിച്ചേരാൻ സാദ്ധ്യതയില്ല, കാരണം ദൈവത്തിന്റെ ന്യായപ്രമാണത്തിലുണ്ട്.

> “ഒരു അമ്മോന്യനോ, മോവാബ്യനോ യഹോവയുടെ സഭയിൽ പ്രവേശിക്കരുതു; അവരുടെ പത്താം തലമുറപോലും ഒരു നാളും യഹോവയുടെ സഭയിൽ പ്രവേശിക്കരുത്.”
>
> ആവർത്തനം 23:3

പത്താം തലമുറവരെ അമ്മോന്യനോ മൊവാബ്യനോ യഹോവയുടെ സഭയിൽ പ്രവേശിക്കരുതു.

രൂത്ത് മോവാബ്യ സ്ത്രീയാണ്. രൂത്തിന്റെ കാലം കഴിഞ്ഞു പിന്നെയും തലമുറകൾ തലമുറകൾ കഴിഞ്ഞു പത്തു തലമുറയോളം ദൈവജനത്തിന്റെ ഇടയിൽ വരാൻ സാദ്ധ്യതയില്ലാത്തവളാണ്. അങ്ങനെയുള്ളവളെയാണ് ബോവസ് തന്റെ പുതപ്പു ഇട്ടു സ്വീകരിക്കുവാൻ തയ്യാറാകുന്നതു.

നെഹമ്യാവിന്റെ പുസ്തുകം ഇങ്ങനെ പറയുന്നു:

> ‘‘അന്നു ജനം കേൾക്കെ മോശെയുടെ പുസ്തകം വായിച്ചതിൽ അമ്മോന്യരും മോവാബ്യരും ദൈവത്തിന്റെ സഭയിൽ ഒരു നാളും പ്രവേശിക്കരുതു.”
>
> നെഹമ്യാവു 13:1

പത്താം തലമുറ വരെ എന്നല്ല, ഒരു നാളും പ്രവേശിക്കരുതു എന്നാണ് നെഹമ്യാവിന്റെ പുസ്തകത്തിൽ കാണുന്നതു. ഒരു നാളും യഹോവയുടെ സന്നിധിയിൽ പ്രവേശിക്കാൻ സാദ്ധ്യതയില്ലാത്ത രൂത്ത്, ഇതാ യിസ്രായേലിൽ മാന്യമായ, ബോവസിന്റെ വയലിലെത്തി. മാത്രമല്ല ബോവസിന്റെ

കാല്ക്കലെത്തി, ബോവസിന്റെ പുതപ്പിന്റെ കീഴിലെത്തി. എത്ര ഉന്നത പദവി!

നിന്റെ പാരമ്പര്യം നോക്കിയാൽ നിന്റെ കുടുംബത്തിന്റെ ചരിത്രം നോക്കിയാൽ ഒരു കാലത്തും ദൈവത്തിന്റെ സന്നിധിയിൽ വരുവാൻ സാദ്ധ്യത ഉണ്ടായിരുന്നോ? ഇതുവരെയുള്ള നിന്റെ ജീവിതം നോക്കിയാൽ നീ ക്രിസ്തുവിന്റെ പാദപീഠത്തിലെത്തുവാൻ വല്ല സാദ്ധ്യതയുമുണ്ടായിരുന്നോ? ഇല്ലല്ലോ. എന്നാലോ കാരുണ്യവാനായ ദൈവം നമ്മെ സ്നേഹിച്ചു, അവൻ നമുക്കുവേണ്ടി കരുതി, നമ്മെ വീണ്ടെടുത്തു.

> "അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു."
>
> എഫെസ്യർ 2:1

എന്നാൽ തുടർന്നു പറയുകയാണ്:

> "ആകയാൽ നിങ്ങൾ മുമ്പെ പ്രകൃതിയാൽ ജാതികളായിരുന്നു; ജഡത്തിൽ കയ്യാലുള്ള പരിച്ഛേദന ഏറ്റു പരിച്ഛേദനക്കാർ എന്നു പേരുള്ളവരാൽ അഗ്രചർമ്മക്കാർ എന്നു വിളിക്കപ്പെട്ടിരുന്നു; അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ."
>
> എഫെസ്യർ 2:11,12

നൈരാശ്യത്തിൽ കുമിഞ്ഞ കാലം; ക്രിസ്തുവിനെ കൂടാ

തെയുള്ള കാലം. ക്രിസ്ത്യാനികൾ എന്നു പേരുണ്ടു, പക്ഷെ ക്രിസ്തു ഹൃദയത്തിൽ ഇല്ലായിരുന്നു. നിങ്ങൾ പള്ളിയിൽ പോയിരുന്നു, നമസ്ക്കാരങ്ങൾ ചൊല്ലിയിരുന്നു. നിങ്ങൾ കൃത്യമായി ആരാധനയിൽ പങ്കെടുത്തു, നിങ്ങൾ ചില ആചാരങ്ങൾ, കർമ്മങ്ങൾ, അനുഷ്ഠിച്ചുകാണും.

വ്യർത്ഥമായ അനുഷ്ഠാനങ്ങളായിരുന്നില്ലേ അവ? ചില അന്ധവിശ്വാസങ്ങൾക്ക് അടിമകളായിരുന്നില്ലേ, ദുരാചാരങ്ങൾക്ക് വശംവദരായി കഴിഞ്ഞ ഒരു കാലം ഉണ്ടായിരുന്നില്ലേ?

അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരായിരുന്നു. പ്രകൃതിയാൽ ജാതികളായിരുന്നു. സ്വഭാവത്തിൽ പുറജാതികളെക്കാൾ കഷ്ടമായിരുന്നു. സത്യദൈവത്തെ അറിയാത്തവർ ആയിരുന്നു. മാത്രമല്ല, അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും, വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും, പ്രത്യാശ ഇല്ലാത്തവരും, ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു.

അങ്ങനെയുള്ള നമ്മെയാണ് ക്രിസ്തു തന്റെ മണവാട്ടിയാക്കുവാൻ തിരുമനസ്സായതു. സ്നേഹിതരേ, നമ്മുടെ പദവി എന്താണ്? നമ്മുടെ ഭാഗ്യം എത്ര വലുതാണ്. അതാണു നിങ്ങൾ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവർ എന്ന് പറഞ്ഞത്. കരുണയുള്ള കർത്താവിനു നമ്മോടു കരുണതോന്നി. കാരുണ്യവാനായ ദൈവം നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അവന്റെ കൃപയാൽ നമ്മെ രക്ഷിച്ചു.

> "ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ

വരും കാലങ്ങളിൽ കാണിക്കേണ്ടതിനു ക്രിസ്തുയേശുവിൽ അവനോടു കൂടെ ഉയിർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു. കൃപയാലല്ലോ, നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല."

എഫെസ്യർ 2:6-9

ദൈവത്തിന്റെ കൃപ, ദൈവത്തിന്റെ സൗജന്യ ദാനം, നിങ്ങളുടെ മേൽ പകർന്നു. അങ്ങനെ നിങ്ങളെ തന്റെ പ്രിയപ്പെട്ട ജനമാക്കി മാറ്റി. രൂത്തിനു ലഭിച്ചതും അതു തന്നെയാണ്, നീയോ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവൾ.

നിങ്ങൾ ആലോചിക്കണം - ഞാൻ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവനാണോ? ഞാൻ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവളാണോ? ദൈവം എനിക്കു നീട്ടിത്തന്ന ഈ അനുഗ്രഹം ഞാൻ കൈനീട്ടി വാങ്ങിയോ? ഞാൻ ആർത്തിയോടെ വാങ്ങിയോ?

നടന്നു ക്ഷീണിച്ചു, ദാഹിച്ചു വലഞ്ഞു, ക്ലേശിച്ചു വിയർത്തു വാടിത്തളർന്നു വരുന്ന പാവപ്പെട്ട മനുഷ്യനു അല്പം ദാഹജലം കിട്ടിയാൽ എത്ര ആർത്തിയോടെ അവൻ കുടിക്കും! അതുപോലെ കർത്താവേ, നിന്റെ വചനം ഞാൻ ആർത്തിയോടെ കുടിക്കട്ടെ. നിന്റെ വചനമാകുന്ന മന്ന ഞാൻ ആർത്തിയോടെ ഭക്ഷിക്കട്ടെ.

കർത്താവേ ഞാൻ വിശന്നു പൊരിഞ്ഞിരിക്കുകയായിരുന്നു സമാധാനം ഇല്ലാതെ അഴലുകയായിരുന്നു. മരിച്ചാൽ

മതിയെന്നു ഓർത്ത് ഇരിക്കുകയായിരുന്നു. പലപ്പോഴും ആത്മഹത്യക്ക് ശ്രമിച്ചതായിരുന്നു. എന്നെ സ്നേഹിപ്പാൻ ആരുമില്ലല്ലോ എന്നോർത്ത് പലപ്പോഴും നിരാശയിലായിരുന്നു.

ഞാൻ അനേകർക്കു ഉപകാരം ചെയ്തു എന്റെ കാര്യം നോക്കാൻ ആരുമില്ലല്ലോ, ആരും എനിക്കു ഒരു നന്മ ചെയ്വാനില്ലല്ലോ, എല്ലാവരും മുതലെടുപ്പുകാരാണല്ലോ എന്നു ഞാൻ പലരെയും കുറ്റം വിധിച്ചുകൊണ്ടിരുന്നു. എന്റെ ജീവിതത്തെ ഓർത്തു ഞാൻ എന്നെത്തന്നെ പഴിച്ചു കൊണ്ടിരുന്നു; എന്നെത്തന്നെ ശപിച്ചു കൊണ്ടിരുന്നു. ഇങ്ങനെയുള്ള നിഷേധാത്മകചിന്തകൾ നിന്നെ അലട്ടിയിട്ടില്ലേ?

എന്നാൽ ഇപ്പോൾ നീ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവനാണ് എന്നു നിനക്കു മനസ്സിലാകുന്നുണ്ടോ? ആരും നിന്നെ സ്നേഹിപ്പാൻ ഇല്ലെങ്കിലും നിന്നെ സ്നേഹിപ്പാൻ ക്രിസ്തുവുണ്ട്.

ദൈവപൈതലേ, നിന്റെ പ്രിയപ്പെട്ട ഭാര്യ നിന്നെ വിട്ടുപോയോ? ഭാര്യയില്ലാത്തവനായി നീ ജീവിക്കുകയാണോ? ഒരു വിവാഹ മോചനത്തിൽ നീ കുടുങ്ങിയിരിക്കുകയാണോ? സഹോദരീ നിന്റെ ഭർത്താവു നിന്നെ ഉപേക്ഷിച്ചു പോയിരിക്കയാണോ? അന്യസ്ത്രീയുടെ സൗന്ദര്യം മോഹിച്ച് അവൻ മാറിയിരിക്കുകയാണോ? നിന്റെ ജീവിതത്തിൽ നീ ഇന്നു ഒറ്റപ്പെട്ടവളായി കഴിയുകയാണോ? എന്നാൽ ക്രിസ്തു പറയുന്നു മകളേ ഞാൻ നിന്നോടു കൂടി ഇരിക്കാം “ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല”

നിങ്ങൾ അപ്പൻ മരിച്ചവരായി, അമ്മ മരിച്ചവരായി അനാഥരെ പ്പോലെ കേഴുകയാണോ? എനിക്കു ആരുമില്ലല്ലോ എന്നോർത്തു മനസ്സു നൊന്തു കഴിയുകയാണോ? എന്റെ

കാര്യം അന്വേഷിക്കുവാൻ എനിക്കു ആരുമില്ലല്ലോ എന്നു ചിന്തിച്ചു നിരാശയിൽ കഴിയുകയാണോ?

ദൈപപതൈലേ, ക്രിസ്തു പറയുന്നു – ഞാൻ നിനക്കുണ്ട് , ഞാൻ നിന്നെ ഒരു നാളും അനാഥനായി വിടുകയില്ല. തന്റെ ഒടുവിലത്തെ പ്രസംഗത്തിൽ കാർത്താവു പറഞ്ഞതു അങ്ങ നെയാണ്.

> "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല;
> ഞാൻ നിങ്ങളുടെ അടുക്കൽ വരും."
>
> യോഹന്നാൻ 14:18

നിങ്ങൾ എന്തു പറയുന്നു? നിങ്ങളെത്തന്നെ കർത്താവിന്റെ കരങ്ങളിലേക്കു കൊടുക്കുമോ? കർത്താവിനോടു വാക്കു പറ യുമോ?

കർത്താവേ, നീ എന്റെ നാഥൻ. ഇന്നുമുതൽ ഞാൻ അനു ഗ്രഹിക്കപ്പെട്ടവൻ, അനുഗ്രഹിക്കപ്പെട്ടവൾ, കർത്താവേ, നീ എന്റെ നാഥൻ, ഞാൻ നിന്റെ വക. ഞാൻ നിന്റെ മാത്രം. ദൈവത്തോടു വാക്കുപറയുവിൻ.

# ഇരുപത്തിരണ്ട്

"ആകയാൽ മകളേ, ഭയപ്പെടേണ്ട; നീ ചോദിക്കുന്നതൊക്കെയും ഞാൻ ചെയ്തു തരാം; നീ ഉത്തമസ്ത്രീ എന്നു എന്റെ ജനമായ പട്ടണക്കാർക്കു എല്ലാവർക്കും അറിയാം. ഞാൻ നിന്റെ വീണ്ടെടുപ്പുകാരൻ എന്നതു സത്യം തന്നേ."

രൂത്ത് 3:11

നീ എന്റെ വീണ്ടെടുപ്പുകാരനല്ലോ എന്നാണ് രൂത്ത് ബോവസിനോടു പറഞ്ഞതു. ബോവസ് പറയുന്നു: ഞാൻ നിന്റെ വീണ്ടെടുപ്പുകാരൻ എന്നതു സത്യം തന്നേ. എന്റെ പുതപ്പു നിന്റെ മേൽ വീണിരിക്കുകയാണ് . എന്റെ വസ്ത്രം നിന്റെ മേൽ ഇട്ടിരിക്കുന്നതു കൊണ്ടു, നീ എന്റെ വകയായി തീർന്നിരിക്കുന്നു. അതുകൊണ്ടു നീ ചോദിക്കുന്നതൊക്കെയും ഞാൻ നിനക്കു ചെയ്തു തരാം.

നിങ്ങൾ ചിന്തിക്കൂ, ഒരു ഉത്തമപുരുഷൻ എന്നു നിങ്ങളെക്കുറിച്ചു മറ്റുള്ളവർ പറയുമോ?  നിങ്ങളുടെ ദേശക്കാരും,

പരിചയക്കാരും പറയുമോ? പത്തുപൈസയ്ക്കു പോലും ക്രമക്കേടു ഇല്ലാത്ത ഒരു മനുഷ്യൻ, ഒരു അണു പോലും പാപത്തിനു ഇടം കൊടുക്കാത്ത ഒരു മനുഷ്യൻ, കഴിവുള്ള ഉപകാരം ചെയ്യുകയല്ലാതെ ആർക്കും ഒരു അനർത്ഥം ചിന്തിക്കാത്ത മനുഷ്യൻ എന്ന്.

മകളേ, നിന്നെക്കുറിച്ചു പറയുമോ? നീ ഒരു ഉത്തമ സ്ത്രീ. ഒരു അമ്മാവിയമ്മപ്പോരില്ല; മരുമകൾക്കു അമ്മാവിയമ്മയോടു ഇഷ്ടക്കുറവോ, മുഷിച്ചിലോ ഇല്ല. പരാതി ഇല്ല, പരിഭവം ഇല്ല. ഒരു പക്ഷേ കുറ്റം പറഞ്ഞാൽ പോലും അതു വിനയപൂർവ്വം കേൾക്കുകയല്ലാതെ അതിനു പ്രത്യുത്തരം ഇല്ല. ഉള്ളിൽ വൈരാഗ്യം വച്ചുകൊണ്ടു ഇരിക്കുകയില്ല. നീരസവും കൈയ്പും അകത്തു പുകയുന്നില്ല. ഭർത്താവിനോടു പിണക്കമില്ല; ഭർത്താവിനു പൂർണ്ണമായി വിനയപ്പെട്ടിരിക്കുന്നു. ഭർത്താവിനെ പൂർണ്ണമായി അനുസരിക്കുന്നു. മക്കളെ പരിജ്ഞാനത്തോടും വിവേകത്തോടും കൂടെ വളർത്തുന്നു. അവരെ തിരുവചനം അഭ്യസിപ്പിക്കുന്നു.

ഉത്തമ മാതൃകയായി നില്ക്കുന്നു. മക്കൾക്കും, ഭർത്താവിനുമെല്ലാം കുടുംബത്തിൽ മാതൃകയായി നില്ക്കുന്നു.

ജോലിരംഗത്തു മറ്റുള്ളവർക്കു മാതൃകയായി നില്ക്കുന്നുണ്ടോ? ജോലിയിൽ ഉഴപ്പു വരുന്നുണ്ടോ? അലസത വരുന്നുണ്ടോ? ജോലിയിൽ ഉത്തരവാദിത്വബോധമില്ലായ്മയും, ആത്മാർത്ഥതയില്ലായ്മയും വരുന്നുണ്ടോ? കഠിനാദ്ധ്വാനം ചെയ്യാൻ മടി കാണിക്കുന്നുണ്ടോ? ദൈവപൈതലേ നീ ഉത്തമസ്ത്രീയെങ്കിൽ ജോലിയിൽ കാര്യക്ഷമത വരും. ജോലിയിൽ ആത്മാർത്ഥത വരും, ജോലിയിൽ വിശ്വസ്തത വരും.

''വാക്കിനാലോ ക്രിയയാലോ എന്തു

> ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ"
>
> കൊലോസ്സ്യർ 3:17

എല്ലാം കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ചെയ്യണം . ദൈവം പ്രസാദിക്കുന്ന രീതിയിൽ മാത്രം ചെയ്യണം.

കൂടെ ജോലി ചെയ്യുന്നവരോടു നിന്റെ സംസാരവും പെരുമാറ്റവും മാതൃകാപരമാണോ? അവരോടുള്ള നിന്റെ സമീപനം വിശുദ്ധമാണോ? അന്യപുരുഷനോടു, മകളേ, നിന്റെ പെരുമാറ്റം എങ്ങനെയാണ്? സംസാരത്തിൽ അപാകതകൾ വരുന്നുണ്ടോ? അവിവേകങ്ങൾ വരുന്നുണ്ടോ? അല്ല, നോട്ടത്തിൽ അശുദ്ധി കലരുന്നുണ്ടോ? മകനേ, നിന്റെ നോട്ടത്തിൽ നിന്റെ സംസാരത്തിൽ എവിടെയെങ്കിലും അശുദ്ധി നിന്റെ ജീവിതത്തെ മലിനപ്പെടുത്തുന്നുണ്ടോ?

"ഉത്തമസ്ത്രീയായതു കൊണ്ടു നീ ചോദിക്കുന്നതു ഒക്കെയും ഞാൻ ചെയ്തു തരാം" എന്നാണ് ബോവസ് പറയുന്നത്. നിങ്ങൾ പല വിഷയങ്ങൾ ദൈവത്തോടു ചോദിക്കും. പക്ഷേ ഉത്തമജീവിതമല്ല നയിക്കുന്നതു, മാതൃകായോഗ്യമായിട്ടല്ല ജീവിക്കുന്നത്. അതുകൊണ്ടാണ് പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കാത്തത്.

> "രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ

ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നതു; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്ക് മറയ്ക്കുമാറാക്കിയതു."

യെശയ്യാവു 59:1,2

ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കണമെങ്കിൽ അകൃത്യം മാറണം.

ഉത്തമപുരുഷൻ, ഉത്തമ സ്ത്രീ എന്ന് നിങ്ങളുടെ സാക്ഷ്യമാകണം.

അങ്ങനെ പറയത്തക്കവണ്ണം നിങ്ങളുടെ ജീവിതം ക്രമപ്പെടുത്തുവാൻ ഇതു വരെ കഴിഞ്ഞില്ലെങ്കിൽ ഈ നിമിഷം മുതൽ അങ്ങനെയുള്ള ഒരു ജീവിതത്തിലേക്കു നിങ്ങൾ ചുവടെടുത്തുവെയ്ക്കണം.

"നീ ചോദിക്കുന്നതു ഒക്കെയും ഞാൻ ചെയ്തുതരാം" കർത്താവായ യേശുവും തന്റെ മണവാട്ടി സഭയോടു ഇതു തന്നെയാണ് പറയുന്നതു "ചോദിക്കുന്നതൊക്കെയും ഞാൻ ചെയ്തു തരാം."

ഒന്നു ശമുവേൽ ഒന്നാം അദ്ധ്യായത്തിൽ നാം കാണുന്നു:

"ഞാൻ അവനെ യഹോവയോടു അപേക്ഷിച്ചു. വാങ്ങി എന്നു പറഞ്ഞു അവന്നു ശമുവേൽ എന്നു പേരിട്ടു." 1 ശമുവേൽ 1:20

ഞാൻ അവനെ യഹോവയോടു അപേക്ഷിച്ചു, വാങ്ങി എന്നു പറഞ്ഞു ഹന്ന മകനു ശമുവേൽ എന്നു പേരിട്ടു. യഹോവയോടു ചോദിച്ചു വാങ്ങുകയാണ്. മക്കൾ പിറക്കാൻ സാദ്ധ്യമല്ലാത്ത വന്ധ്യയായ ഹന്ന യഹോവയോടു ഒരു മകനെ അപേക്ഷിച്ചു വാങ്ങി.

നിങ്ങൾ ചിലതെല്ലാം ദൈവത്തോടു പ്രാർത്ഥിക്കാറുണ്ടല്ലോ? ചില ആവശ്യങ്ങൾ ചോദിക്കാറുണ്ടല്ലോ. പല പല കാര്യങ്ങൾ ചോദിക്കാം. രോഗസൗഖ്യം ആകാം. വിവാഹജീവിതം ആകാം. സ്വൈര്യമുള്ള കുടുംബജീവിതമാകാം, ഭർത്താവിന്റെ മദ്യപാനം മാറുക എന്നതായിരിക്കാം, ഭാര്യയുടെ ദുശ്ശീലങ്ങൾ, കോപപ്രകൃതി ഒന്ന് മാറിക്കിട്ടാനുള്ള നിങ്ങളുടെ ആഗ്രഹമാകാം, നാളുകളായി വിവാഹം കഴിഞ്ഞിട്ടു ഒരു കുഞ്ഞിക്കാലു കണ്ടില്ല. കർത്താവേ, എനിക്കു ഒരു ശിശുവിനെ തരണേയെന്നുള്ള പ്രാർത്ഥനയാകാം. പരീക്ഷ പാസ്സാകണമെന്നതാകാം. നിങ്ങളുടെ ജീവിതത്തിലെ വിവിധങ്ങളായ ആവശ്യങ്ങളാകാം. എല്ലാമെല്ലാം നിങ്ങൾക്കു യഹോവയോടു അപേക്ഷിച്ചു വാങ്ങാം.

> "അവന്റെ ഹൃദയത്തിലെ ആഗ്രഹം നീ അവനു നല്കി; അവന്റെ അധരങ്ങളുടെ യാചന നിഷേധിച്ചതുമില്ല." സങ്കീർത്തനങ്ങൾ 21:2

അധരങ്ങളുടെ യാചന ദൈവം നിഷേധിക്കുകയില്ല.

> "അവർ അപേക്ഷിച്ചതു അവൻ അവർക്കു കൊടുത്തു." സങ്കീർത്തനങ്ങൾ 106:15

അപേക്ഷിച്ചതു തരുന്നവനാണു ദൈവം. ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്യുന്നവനാണ് ക്രിസ്തു.

> "സ്വർഗ്ഗത്തിൽ വസിക്കുവനായുള്ളോവേ, നിങ്കലേക്കു ഞാൻ എന്റെ കണ്ണു ഉയർത്തുന്നു. ദാസന്മാരുടെ കണ്ണു യജമാനന്റെ കൈയ്യിലേക്കും, ദാസിയുടെ കണ്ണു യജമാനത്തിയുടെ കൈയ്യിലേക്കും എന്നപോലെ ഞങ്ങളുടെ

കണ്ണു ഞങ്ങളുടെ ദൈവമായ യഹോവയിങ്കലേക്കു, അവൻ ഞങ്ങളോടു കൃപ ചെയ്യുവോളം നോക്കിക്കൊണ്ടിരിക്കുന്നു."

സങ്കീർത്തനങ്ങൾ 123: 1,2,

കൃപ ചെയ്യുവോളം ദൈവത്തിനു വേണ്ടി കാത്തിരിക്കുകയാണ്. ദൈവത്തിന്റെ സന്നിധിയിലേക്കു യാചനയർപ്പിച്ചു മറുപടി കിട്ടാൻ കാത്തു കാത്തിരിക്കുകയാണ്.

"യാചിപ്പിൻ കിട്ടും, മുട്ടുവിൻ തുറക്കപ്പെടും, അന്വേഷിപ്പിൻ കണ്ടെത്തും," നിങ്ങൾ ആരെങ്കിലും മകൻ അപ്പം ചോദിച്ചാൽ കല്ലു കൊടുക്കുമോ? ഇല്ലല്ലോ മകൻ മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ? ഇല്ലല്ലോ. മകൻ മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ? ഇല്ലല്ലോ. ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നുവെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും. തന്നോടു യാചിക്കുന്നവർക്ക് നന്മ എത്ര അധികം കൊടുക്കും. എന്നാണ് തിരുവചനം. ലൂക്കൊസ് 11:9-13 വായിക്കുക.

നിങ്ങളുടെ ജീവിതത്തിലേക്കു തിരിഞ്ഞു നോക്കിക്കൊണ്ടു നിങ്ങൾ കണ്ടെത്തണം. നിങ്ങളുടെ യാചനകൾ എന്തെങ്കിലും കിട്ടാനുണ്ടോ? കർത്താവേ എന്റെ പ്രാർത്ഥനയ്ക്കു മറുപടി കിട്ടാനുണ്ട്. എന്റെ ദൈവമേ ഞാൻ പലതും പ്രാർത്ഥിച്ചു, പലതും പലതും ആഗ്രഹിച്ചു. പക്ഷേ എനിക്കത് കിട്ടിയില്ല. മോനേ, നിന്റെ പാപം മാറ്റു. മോളേ, നീ ഒരു ഉത്തമസ്ത്രീയായിത്തീരൂ. ദൈവപൈതലേ നീ ഉത്തമജീവിതം നയിക്കൂ. ക്രിസ്തുവുള്ള ജീവിതം നയിക്കൂ. യഹോവയാൽ നീ അനുഗ്രഹിക്കപ്പെട്ടവനാകും.

ബോവസ് പറഞ്ഞു: "മകളേ, ഭയപ്പെടേണ്ട നീ ചോദിക്കുന്നതൊക്കെയും ഞാൻ ചെയ്തു തരാം. നീ ഉത്തമസ്ത്രീയെന്നു എന്റെ ജനമായ പട്ടണക്കാർക്കു എല്ലാവർക്കും അറിയാം. ഞാൻ നിന്റെ വീണ്ടെടുപ്പുകാരൻ എന്നതും സത്യം തന്നേ."

ക്രിസ്തുവിനെ വീണ്ടെടുപ്പുകാരൻ എന്നു അംഗീകരിച്ചുകൊണ്ട്, ക്രിസ്തു എന്റെ വീണ്ടെടുപ്പുകാരൻ , അവൻ എന്നെ വിലയ്ക്കു വാങ്ങി, ഇനി ഞാൻ എനിക്കുള്ളവനല്ല, ഞാൻ എനിക്കുള്ളവളല്ല. ഞാൻ യേശുവിന്റെ വകയാണ് എന്നു അംഗീകരിച്ചുകൊണ്ട്, ക്രിസ്തുവിന്റെ സന്നിധിയിൽ ഉത്തമ ജീവിതം നയിക്കുന്നുവെങ്കിൽ തീർച്ചയായും ഹൃദയം കാണുന്നവൻ നിങ്ങളുടെ അപേക്ഷകളൊക്കെയും സാധിപ്പിച്ചു തരും. ആഗ്രഹങ്ങളൊക്കെയും സാധിപ്പിച്ചുതരും.

സങ്കീർത്തനക്കാരൻ പറഞ്ഞു.

> "യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്ക. ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക. യഹോവയിൽ തന്നേ രസിച്ചുകൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും. നിന്റെ വഴി യഹോവയെ ഭരമേല്പിക്ക; അവനിൽ തന്നേ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും."
>
> സങ്കീർത്തനങ്ങൾ 37:3-5

# ഇരുപത്തിമൂന്ന്

"ഈ രാത്രി താമസിക്ക; നാളെ അവൻ നിനക്കു വീണ്ടെടുപ്പുകാരന്റെ മുറ നിവർത്തിച്ചാൽ കൊള്ളാം; അവൻ നിവർത്തിക്കട്ടെ; വീണ്ടെടുപ്പുകാരന്റെ മുറ നിവർത്തിപ്പാൻ അവന്നു മനസ്സില്ലെങ്കിലോ യഹോവയാണ് ഞാൻ നിനക്കു വീണ്ടെടുപ്പുകാരന്റെ മുറ നിവർത്തിച്ചു തരും. രാവിലെ വരെ കിടന്നു കൊൾക."

രൂത്ത് 3:13.

'രാവിലെ വരെ കിടന്നുകൊൾക' "ഈ രാത്രി താമസിക്ക രാവിലെ വരെ കിടന്നു കൊൾക."

ഇതു ലോകത്തിന്റെ ഒരു രാത്രികാലമാണ്. ഇന്നു രാത്രിയാണ്. ഒരു പ്രഭാതം വിടരാറായിട്ടുണ്ട്. ഒരു പ്രഭാതം പുലരാറായിട്ടുണ്ട്. നീതിയിൽ സൂര്യൻ ഉദിക്കാറായിട്ടുണ്ട്. നീതിസൂര്യൻ ഉദിക്കും, ഒരു പ്രഭാതം പൊട്ടിവിടരും.

"ഇതു ചെയ്യേണ്ടതു ഉറക്കത്തിൽ നിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ

നിങ്ങൾ സമയത്തെ അറികയാൽ തന്നേ; നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്കു അധികം അടുത്തിരിക്കുന്നു. രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു; അതു കൊണ്ടു നാം ഇരുട്ടിന്റെ പ്രവൃത്തികളെ വച്ചു കളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക. പകൽ സമയത്തു എന്നപോലെ നാം മര്യാദയായി നടക്ക; വെറിക്കൂത്തുകളിലും, മദ്യപാനങ്ങളിലുമല്ല, ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല, പിണക്കത്തിലും, അസൂയയിലുമല്ല. കർത്താവായ യേശുക്രിസ്തുവിനെത്തന്നെ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിനായി ചിന്തിക്കരുത്."

റോമർ 13:11–14

ഉറക്കത്തിൽ നിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു രക്ഷ ഇപ്പോൾ നമ്മുടെ അധികം അടുത്തിരിക്കുന്നു. രാത്രി കഴിയാറായി. പകൽ അടുത്തിരിക്കുന്നു. ഇരുട്ടിന്റെ പ്രവൃത്തികളെ ഉപേക്ഷിച്ചു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചു കൊൾക.

ഇന്നു ക്രിസ്തുവിനോടു നാം സഖിത്വം പുലർത്തിയാൽ അവൻ വീണ്ടും വരുന്ന പ്രഭാതത്തിൽ അവനെ എതിരേല്ക്കുന്ന വിശുദ്ധന്മാരുടെ കൂടെ നമുക്കു പറന്നുയരാം. യേശു വീണ്ടു വരും. വിശ്വസിക്കൂ. യേശു വീണ്ടും വരും. കർത്താവായ യേശു വരാറായി. നീതിയിൽ സൂര്യൻ ഉദിക്കാറായി. "എന്റെ പ്രിയൻ യേശു രാജൻ വീണ്ടും വരാറായി, ഹല്ലേലൂയ്യാ, വേഗം വരാറായി" എന്നു പാട്ടുകാരൻ പാടി. "അന്തിക്രിസ്ത്യൻ വെളിപ്പെടാറായി, ഹന്ത! ഭയങ്കരമേ, തൻ വാഴ്ച ഹന്ത ഭയങ്കരമേ."

എതിർക്രിസ്തു വരാറായിരിക്കുന്നു. അവന്റെ വാഴ്ച ഭയങ്കരമാണ്. അവൻ വന്നു ദൈവജനത്തെയെല്ലാം നശിപ്പിക്കുവാൻ പോകുന്നു. മഹോപദ്രവകാലം വരാൻ പോകുന്നു. അതിനു മുൻപു യേശു വിശുദ്ധ സഭയെ ചേർക്കുവാൻ വീണ്ടും വരും. യേശു വരുമ്പോൾ ചേർക്കപ്പെടുവാൻ ഒരുങ്ങിക്കൊൾക.

രാത്രിയുടെ സമയമാണിതു. വീണ്ടെടുപ്പുകാരനുമായി ബന്ധം പുലർത്തിക്കൊൾക. ബോവസിന്റെ പുതപ്പു നമ്മുടെ മേൽ ഏറ്റുവാങ്ങിക്കൊൾക. ഈ പുതപ്പു നാം സൂക്ഷ്മതയോടെ കരുതിക്കൊൾക. ക്രിസ്തുവിന്റെ നീതിയിൽ വസ്ത്രത്താൽ നമ്മുടെ പാപങ്ങൾ മറച്ചുകിട്ടുവാൻ സമർപ്പിച്ചുകൊൾക.

വെളിപ്പാടു പുസ്തകം മുഴുവനും വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചു പ്രസ്താവിക്കുന്ന പുസ്തകമാണ്.

| | |
|---|---|
| നീ കണ്ടതു | - ഭൂതകാലം. |
| ഇപ്പോൾ ഉള്ളതു | - വർത്തമാനകാലം. |
| ഇനി വരാനിരിക്കുന്നതു | - ഭാവികാലം. |

വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചു പറയുന്നതാണ് പ്രധാനമായും വെളിപാടു പുസ്തകം.

> “ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ.”
>
> വെളിപാടു 16:15

> “നീതിയിൽ സൂര്യൻ തന്റെ ചിറകിൻ കീഴിൽ

> രോഗോപശാന്തിയോടു കൂടെ ഉദിക്കും" എന്ന് മലാഖി പ്രവാചകൻ പ്രവചിച്ച സമയം അടുത്തിരിക്കുന്നു.
>
> മലാഖി 4:1-2 വായിക്കുക

"ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനുമായ യേശു മിശിഹാ ആയ ഏക കർത്താവിലും ഞാൻ വിശ്വസിക്കുന്നു" എന്നത്രേ 318 ബാവമാർ കൂടി നിഖ്യാസുന്നഹദോസിൽ വച്ചു എഴുതിയുണ്ടാക്കിയ വിശ്വാസപ്രമാണത്തിൽ നാം ചൊല്ലുന്നുണ്ട്. എന്നാൽ നാം വിശ്വസിക്കുന്നുണ്ടോ? ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ കർത്താവായ യേശു വീണ്ടും വരുമെന്ന് നാം വിശ്വസിക്കുന്നുണ്ടോ?

ഇപ്പോൾ രാത്രികാലമാണ്. ഈ അർദ്ധരാത്രിയിൽ ചെന്നു യജമാനനായ ബോവസിന്റെ കാല്ക്കൽ ചെന്നു കിടന്നു കൊൾക, മാത്രമല്ല, അവന്റെ കാല്ക്കൽ കിടന്നുകൊണ്ടു "നിന്റെ പുതപ്പു അടിയന്റെ മേൽ ഇടേണമേ. നീ എന്റെ വീണ്ടെടുപ്പുകാരനല്ലോ" എന്നു പറഞ്ഞു കൊൾക.

പഴയ നിയമത്തിലെ അവസാനപുസ്തകമായ മലാഖി പ്രവചനത്തിൽ ഇങ്ങനെ പറയും.

> "ചൂള പോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ

നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും. നിങ്ങളും പുറപ്പെട്ടു തൊഴുത്തിൽ നിന്നു വരുന്ന പശുക്കിടാങ്ങളെപ്പെലെ തുള്ളിച്ചാടും."

മലാഖി 4:1-2

ചൂളപോലെ കത്തുന്ന മഹാദിവസത്തിൽ ഒരു ഭാഗം ജനങ്ങൾ തീയ്ക്കു ഇരയായിത്തീരും. അവർ വേരും കൊമ്പും ശേഷിക്കാതെ പുല്ലും വയ്ക്കോലും പോലെ കത്തി അമരും, കത്തി ചാമ്പലാകും. എന്നാൽ വേറൊരു കൂട്ടം ആളുകൾ കന്നുകിടാക്കളെപ്പോലെ തുള്ളിച്ചാടി നൃത്തം ചെയ്യും. യേശുവിന്റെ രണ്ടാമത്തെ വരവിൽ, ക്രിസ്തു മദ്ധ്യാകാശത്തിൻ എഴുന്നെള്ളി വരുമ്പോൾ വിശുദ്ധന്മാർ മാത്രം എടുക്കപ്പെടും. അല്ലാത്തവർ എല്ലാം തള്ളപ്പെടും.

അന്നു രണ്ടുപേർ കിടക്കയിൽ ആയിരിക്കും. ലോകത്തിന്റെ ഒരു ഭാഗത്തു രാത്രി ആയിരിക്കും. ആ സമയം രണ്ടുപേർ കിടക്കയിൽ ആയിരിക്കും. ഒരുത്തനെ സ്വീകരിക്കും. മറ്റവൻ ഉപേക്ഷിക്കപ്പെടും.

രണ്ടുപേർ വയലിൽ ആയിരിക്കും. അപ്പോൾ ലോകത്തിന്റെ ഒരു ഭാഗത്തു പകൽ സമയമാണ്. രണ്ടു പേർ വയലിൽ ആയിരിക്കും. ഒരുത്തനെ കൈക്കൊള്ളും മറ്റവൻ ഉപേക്ഷിക്കപ്പെടും.

രണ്ടുപേർ ഒരു തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും. ലോകത്തിന്റെ ഒരു ഭാഗത്തു അതിരാവിലെ സമയമാണ്. ഒരുത്തിയെ കൈക്കൊള്ളും; മറ്റവളെ ഉപേക്ഷിക്കും.

കർത്താവായ യേശുക്രിസ്തു വരുന്നതു ഒരേ സമയത്ത് തന്നെയാണ്. എന്നാൽ ലോകത്തിൽ പല സ്ഥലങ്ങളിൽ

സമയം രാത്രിയോ പകലോ ആയിരിക്കും. ഇന്ത്യയിൽ സന്ധ്യ കഴിഞ്ഞു രാത്രി എട്ടുമണി സമയം ആയിരിക്കുന്നു. എന്നാൽ ഇപ്പോൾ അങ്ങു ദൂരെ ഇംഗ്ലണ്ടിൽ ഏതാണ്ടു വൈകീട്ടു നാലു മണി സമയം ആയിരിക്കുന്നു. അമേരിക്കയിൽ ഇപ്പോൾ രാവിലെ സമയമാണ്. സ്ഥലത്തിനനുസരിച്ചു സമയത്തിനു ഭേദം വരും എന്നാൽ ഒരേ സമയത്താണ് ക്രിസ്തു വരുന്നത്.

ക്രിസ്തു വരുന്ന സമയം രണ്ടു പേർ വയലിൽ ആയിരിക്കും ഒരുത്തനെ കൈക്കൊള്ളും. മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും. ഒരുത്തിയെ കൈക്കൊള്ളും മറ്റവളെ ഉപേക്ഷിക്കും. രണ്ടുപേർ  കിടക്കയിൽ ആയിരിക്കും. ഒരുത്തനെ സ്വീകരിക്കും, മറ്റവനെ ഉപേക്ഷിക്കും.

മനുഷ്യർ സ്വീകരിക്കപ്പെടുന്നവർ എന്നും ഉപേക്ഷിക്കപ്പെടുന്നവർ എന്നും രണ്ടു ചേരിയായി തിരിയുന്നു. ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവർ ഒരു ഭാഗത്തും, ശപിക്കപ്പെട്ടവർ മറു ഭാഗത്തും. സ്വർഗ്ഗയോഗ്യർ ഒരു വശത്ത്, നരകയോഗ്യർ മറു വശത്ത്; ദൈവത്തിന്റെ വകയായ മനുഷ്യർ ഒരു വശത്ത്; പിശാചിന്റെ വകയായ മനുഷ്യർ വേറൊരു വശത്ത്. പ്രകാശത്തിന്റെ മക്കൾ ഒരു വശത്ത്; ഇരുളിന്റെ സന്തതികൾ വേറൊരു വശത്ത്. നിങ്ങൾ എവിടെ നില്ക്കും?

ഇപ്പോൾ രാത്രിയാണ്. അർദ്ധരാത്രിയിൽ പുതപ്പിന്റെ കീഴെ വന്നു കൊള്ളൂ. ഇപ്പോൾ തന്നെ വീണ്ടെടുപ്പുകാരന്റെ നീതിയിൻ വസ്ത്രത്തിന്റെ ചുവടെ എത്തിക്കൊള്ളു. അവിടെ അവൻ തരുന്ന സൗജന്യമായ പാപക്ഷമ അനുഭവിച്ചുകൊള്ളൂ. പാപമോചനം പ്രാപിച്ചുകൊള്ളൂ. വൈകരുത്.

# ഇരുപത്തിനാല്

"അവൾ അമ്മാവിയമ്മയുടെ അടുക്കൽ വന്ന പ്പോൾ: നിന്റെ കാര്യം എന്തായി മകളേ എന്നു അവൾ ചോദിച്ചു. അയാൾ തനിക്കു ചെയ്തതൊക്കെയും അവർ അറിയിച്ചു."

രൂത്ത് 3:16

രൂത്ത് ബോവസിന്റെ അരികിൽ നിന്നു തിരികെ വീട്ടിൽ എത്തുകയാണ്. ബോവസിന്റെ പാദത്തിൽ അവളുടെ ഹൃദയം പകർന്നു. അവൾ സമാധാനത്തിന്റെ വചനം കേട്ടുകൊണ്ടു തിരികെ വീട്ടിലേക്കു വരികയാണ്.

ആശ്വാസകരമായ വാക്കുകൾ ബോവസിൽ നിന്നു കേട്ട് ഉൾപ്പുളകമണിഞ്ഞാണ് രൂത്ത് അമ്മാവിയമ്മയുടെ അടുക്കൽ വന്നത്. അമ്മാവിയമ്മ രൂത്തിനെ അയച്ചതു മുതൽ അവളെക്കുറിച്ചും അവളുടെ ക്ഷേമത്തെക്കുറിച്ചും അവൾക്കു ലഭിക്കേണ്ടതായ സൗഭാഗ്യത്തെക്കുറിച്ചും എല്ലാ ചിന്തിച്ചും പ്രാർത്ഥിച്ചും, ജാഗരിച്ചും ഇരിക്കുകയായിരുന്നു. അതുകൊണ്ടാണു അവൾ ചെന്ന ഉടനെ അമ്മാവിയമ്മ അവളോടു

ചോദിച്ചുതു: “നിന്റെ കാര്യം എന്തായി മകളേ” എന്നു.

രൂത്തിന്റെ പുസ്തകം ബൈബിളിലെ ഒരു അതിമനോഹര മായ കഥാപുസ്തകമാണ് എന്ന് മുമ്പ് ഒരവസരത്തിൽ ഞാൻ നിങ്ങളോട് പറഞ്ഞിട്ടുണ്ടല്ലോ. രൂത്തിനെ കേന്ദ്രീകരിച്ചാണ് ഈ പുസ്തകത്തിന്റെ വിവരണം പോകുന്നത്. രൂത്ത്, ഒർപ്പാ എന്നു രണ്ടു മരുമക്കൾ, നൊവൊമി എന്ന അമ്മാവിയമ്മ. മൂന്നുപേരും വിധവമാർ. നൊവൊമി ദുഃഖപാത്രമായ ഒരു വിധ വയാണ്. – a grieving widow. ഒർപ്പാ ഒരു വിട്ടുപോയ വിധവ യാണ് – a leaving widow. വേർപിരിഞ്ഞു പോയ വിധവയാ ണ്. എന്നാൽ രൂത്ത് ആകട്ടെ പറ്റിച്ചേർന്നിരിക്കുന്ന വിധവ യാണ്. a cleaving widow.

രൂത്തിന്റെ പുസ്തകം ഒന്നാം അദ്ധ്യായത്തിൽ നാം വായി ക്കുന്നു, രൂത്ത് അമ്മാവിയമ്മയോടു പറയുന്നു: “നിന്നെ വിട്ടു പോകുവാൻ എന്നോടു പറയരുതേ, നീ പോകുന്നേടത്തു ഞാനും പോകും. നീ പാർക്കുന്നേടത്തു ഞാനും പാർക്കും. നിന്റെ ജനം എന്റെ ജനം. നിന്റെ ദൈവം എന്റെ ദൈവം, മര ണത്താലല്ലാതെ ഞാൻ നിന്നെ വിട്ടു പിരിയുകയില്ല.” കൃത്യ മായും ദൃഢമായും ഒരു തീരുമാനമാണ് രൂത്ത് എടുത്തത്.

അങ്ങനെയുള്ള ഒരു തീരുമാനം എടുത്തതു കൊണ്ടു അമ്മാവിയമ്മയ്ക്ക് രൂത്തിന്റെ കാര്യം അന്വേഷിക്കാതിരിക്കു വാൻ വയ്യ. നിന്റെ കാര്യം എന്തായി മകളേ. ജീവിതത്തിൽ ദൈവത്തോടും ദൈവജനത്തോടും ചേരുവാനുള്ള തീരു മാനം എടുക്കുന്നുവെങ്കിൽ നമ്മുടെ കാര്യം എന്തായി എന്നു എപ്പോഴും ദൈവത്തിന്റെ പരിശുദ്ധാത്മാവു താല്പര്യപൂർവ്വം അന്വേഷിച്ചുകൊണ്ടിരിക്കും. നിന്റെ ദൈവം എന്റെ ദൈവം, നിന്റെ ജനം എന്റെ ജനം, എന്നു പറഞ്ഞു കൊണ്ടു ദൈവ ത്തോടും ദൈവജനത്തോടും ചേരുവാനുള്ള ആ മോവാബ്യ

പെൺകുട്ടിയുടെ തീരുമാനത്തിന്റെ അത്ഭുതകരമായ സ്വാധീനം രൂത്തിന്റെ ജീവിതത്തെ മാത്രമല്ല, യിസ്രായേൽ ജാതിയുടെ ചരിത്രത്തെത്തന്നെ സ്വാധീനിച്ചു.

മാത്രവുമല്ല, കർത്താവായ യേശുക്രിസ്തുവിന്റെ വംശാവലി പട്ടികയിൽ പേർ പ്രാപിക്കുവാൻ രൂത്തിനു സൗഭാഗ്യം ലഭിച്ചു. രൂത്തിനു ബോവസിൽ ജനിച്ച മകനായ ഓബേദാണ് യിശ്ശായിയുടെ പിതാവു. യിശ്ശായിയുടെ മകനാണ് ദാവീദ്. ദാവീദിന്റെ വംശപരമ്പരയിലാണ് കർത്താവായ യേശുക്രിസ്തുവിന്റെ ജനനം. ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവുമെന്നു യേശുക്രിസ്തുവിനെക്കുറിച്ച് പറയുന്നുണ്ട്. യേശുക്രിസ്തുവിന്റെ വംശാവലി പട്ടികയിൽ രൂത്തിനു പേരു ലഭിച്ചു.

നിന്റെ കാര്യം എന്തായി മകളേ എന്ന് നൊവൊമി അന്വേഷിക്കുകയാണ്. സ്നേഹിതാ നിന്റെ കാര്യം എന്തായി എന്നു അന്വേഷിക്കുന്ന നിസ്തുലസ്നേഹം നിന്റെ അരികത്തു ഇപ്പോൾ വന്നു മുട്ടുകയാണ്. നിന്റെ കാര്യം എന്തായി? നിന്റെ വ്യസനത്തിനു ഒരു ശമനം ലഭിക്കുവാൻ സാധ്യത വന്നോ? ബോവസിന്റെ കാല്ക്കൽ വീണു കിടന്നതുകൊണ്ട് നിന്റെ ദുഃഖതപ്തമായ ജീവിതത്തിനു ഒരു ശാന്തി ലഭിച്ചോ? നിന്റെ ജീവിതത്തിൽ നിനക്കു ആശ്വാസകാലങ്ങളുടെ ഒരു നാന്ദിയായി എന്തെങ്കിലും ലഭിച്ചുവോ? നിന്റെ കാര്യം എന്തായി മകളേ? ആനന്ദൈശ്വര്യമെഴുന്ന മാസാബ്ദങ്ങൾ ലഭിക്കും എന്നതിന്റെ എന്തെങ്കിലും ഉറപ്പു കിട്ടിയോ?

സഹോദരീ, നിന്റെ ജീവിതത്തിൽ നിന്റെ കാര്യം എന്തായി എന്നറിയുവാൻ സ്വർഗ്ഗത്തിലെ ദൈവത്തിനു താത്പര്യം ഉണ്ട് എന്നു നിനക്കറിയാമോ? ഇതുവരെയും എന്റെ കാര്യമന്വേഷിപ്പാൻ എനിക്കു ആരുമില്ല എന്നു പറഞ്ഞാണു നീ ഇരിക്കുന്ന

തു. ഇന്നു നിന്റെ കാര്യം നോക്കുവാൻ നിനക്കു അപ്പനില്ല, മകനേ നിനക്കു അമ്മയുമില്ല. സഹോദരീ,. നിന്റെ ഭർത്താവു മരിച്ചുപോയി. സ്വന്തം സഹോദരങ്ങളില്ല. താങ്ങുവാൻ ആളി ല്ല. തളരുമ്പോൾ വന്നു സഹായിപ്പാൻ ആരുമില്ല. ഒരു നല്ല വാക്കു പറയുവാൻ ആരുമില്ല. നീ തുണയറ്റവളാണു. സ്നേഹി പ്പാൻ ആരുമില്ലായെന്നു പറഞ്ഞു കേണുകൊണ്ടിരിക്കുകയാ ണ്.

എനിക്കു ആരുമില്ല. എന്റെ ജീവിതം തകർന്നു. എന്റെ ഭാവി ഇരുളടഞ്ഞു. എന്റെ മുമ്പിൽ വാതിലുകളെല്ലാം അടഞ്ഞു. എന്റെ ജീവിതത്തിന്റെ സന്തോഷകാലങ്ങൾ തീർന്നു. ഇനിയും എനിക്കുണ്ടോ ഒരു നല്ല കാലം എന്നു ചിന്തിച്ചു നിരാശയോടെ വിതുമ്പിക്കൊണ്ടു നീ കഴിയുകയാണോ?

സ്വർഗ്ഗീയ സ്നേഹത്തിന്റെ ഏറ്റവും ആശ്വാസപ്രദമായ അനുഭവമാണ് ഇപ്പോൾ നിന്റെ ഹൃദയത്തിൽ അലയടിച്ചു കൊണ്ടിരിക്കുന്നത്. നിന്റെ കാര്യം എന്തായി മകളേ എന്നു ചോദിക്കുന്ന നൊവൊമി സ്നേഹത്തിന്റെ ഒരു പര്യായമാ ണ്. ഒരു നല്ല അമ്മാവിയമ്മ. മരുമകളെ വിളിക്കുന്നതെല്ലാം 'മോളേ' എന്നാണ്. അമ്മാവിയമ്മമാർക്കു ഒരു നല്ല പാഠമാ കേണ്ടതാണ് ഈ വാക്യം.

പല കുടുംബങ്ങളിലും അസ്വസ്ഥതകൾക്കു കാരണം മരു മകളായിരിക്കാം, അല്ലെങ്കിൽ അമ്മാവിയമ്മയുടെ ക്രൂരമായ പെരുമാറ്റമായിരിക്കാം. സ്നേഹശൂന്യമായ പെരുമാറ്റങ്ങളും, നിഷ്ഠൂരമായ സംസാരങ്ങളും, മുറിപ്പെടുത്തുന്ന വാക്കുകളും, ഹൃദയത്തെ വ്രണപ്പെടുത്തുന്ന സമീപനങ്ങളും എല്ലാമായി വലയുന്ന മരുമക്കളുണ്ട്. മറിച്ചും ഇല്ലാതില്ല. മരുമക്കളുടെ അഹങ്കാരം കൊണ്ടും, ഹീനമായ സംസാര രീതികൊണ്ടും, അന്തസ്സില്ലാത്ത പെരുമാറ്റം കൊണ്ടും മനസ്സു വീർപ്പുമുട്ടി വല

യുന്ന അമ്മാവിയമ്മമാരുണ്ട്. ഇതെല്ലാം ഒന്നു മാറേണ്ടതല്ലേ? നമ്മുടെ കൊച്ചു കൊച്ചു കുടുംബങ്ങൾ സമാധാനത്തിന്റേയും ശാന്തിയുടേയും വിളനിലമാകേണ്ടതല്ലേ?

സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടും" എന്ന് യേശുക്രിസ്തു പറയുന്നു. സമാധാനം നിങ്ങൾ ഉണ്ടാക്കുന്നുണ്ടോ? നിങ്ങളുടെ വീട്ടിൽ നിങ്ങൾ മരുമകൾക്കു സമാധാനം കൊടുക്കുന്നുണ്ടോ? അമ്മാവിയമ്മയ്ക്കു സമാധാനം കൊടുക്കുന്നുണ്ടോ? ഭർത്താവിനു സമാധാനം കൊടുക്കുന്നുണ്ടോ? ഭാര്യയ്ക്കു സമാധാനം കൊടുക്കുന്നുണ്ടോ? നിന്റെ മാതാപിതാക്കൾക്കു നീ സമാധാനം കൊടുക്കുന്നുണ്ടോ? അതോ, നീ എന്നും അവർക്ക് ഏങ്ങലടിയും, കരച്ചിലുമാണോ കൊടുക്കുന്നതു. നിന്നെ ഓർത്തു വിതുമ്പാത്ത ദിവസങ്ങളില്ല, നെടുവീർപ്പിടാത്ത സമയങ്ങളില്ല, എന്ന സ്ഥിതിയിലാണോ ഇന്നു നിന്റെ മാതാപിതാക്കൾ കഴിയുന്നത്?

നിന്റെ ചില പ്രണയബന്ധങ്ങൾ, ചില ദുശ്ശീലങ്ങൾ, ദുഷ്പ്രവണതകൾ, എല്ലാം നിന്റെ മാതാപിതാക്കൾക്കു അതിവേദന സൃഷ്ടിക്കുന്നുവെന്നു നിനക്കറിയാമോ? അതെല്ലാം നിന്റെ ഭാവിയിലെ നാശത്തിനു കാരണമായിത്തീരുന്ന ശാപങ്ങളാണെന്നു നിനക്കു മനസ്സിലാകുന്നുണ്ടോ?

നിന്റെ കാര്യം എന്തായി മകളേ? കാര്യം എന്തായി എന്നു തിരക്കുന്ന ജീവനുള്ള ക്രിസ്തു ഇന്നു നിങ്ങളുടെ കാര്യം ഏറ്റെടുക്കുവാൻ മനസ്സലിവുള്ളവനാണു. അതുകൊണ്ടാണ് അവിടുന്നു ഈ ആശ്വാസവചനങ്ങൾ നിങ്ങളോടു സംസാരിക്കുന്നത്. നിങ്ങളുടെ ഹൃദയത്തിൽ സമാധാനം തരുവാൻ, നിങ്ങളുടെ ഉള്ളത്തിൽ സന്തോഷം തരുവാൻ, നിങ്ങൾക്കു ഇനിയും ഒരു നല്ല കാലം തരുവാൻ, യേശു നിങ്ങളുടെ അരി

കത്തു വന്നു നില്ക്കുന്നു.

നിങ്ങൾക്കു സമാധാനം തരുവാനാണ് ശാപഗ്രസ്തനെപ്പോലെ കൊള്ളക്കാരുടെ നടുവിൽ, കൊലപാതകികളുടെ മദ്ധ്യത്തിൽ, അവരിൽ ഒരുവനെപ്പോലെ യേശു ക്രൂശിക്കപ്പെട്ടത്. ദൈവപൈതലേ, നിന്റെ അരികിൽ വന്നു നില്ക്കുന്ന യേശുവിനെ നീ ഒന്നു കാണുമോ? 'നിന്റെ കാര്യം എന്തായി മകളേ' എന്നു ചോദിക്കുന്ന അമ്മാവിയമ്മയുടെ മുമ്പിൽ വളരെ സൗമനസ്യത്തോടും, എളിമയോടും, സൗമ്യതയോടും കൂടി നില്ക്കുന്ന രൂത്തിനെക്കുറിച്ച് ഒന്നു ചിന്തിച്ചു ധ്യാനിക്കൂ. രൂത്തിനു ആശ്വാസം കൊടുക്കുവാൻ, സമാധാനം കൊടുക്കുവാൻ ബോവസ് അവളുടെ വീണ്ടെടുപ്പുകാരനായി വന്നതുപോലെ നിങ്ങളുടെ വീണ്ടെടുപ്പുകാരനായി യേശു ഇതാ, വന്നു നില്ക്കുന്നു.

അവൻ കുരിശിന്മേൽ നിവർത്തിച്ചതു വീണ്ടെടുപ്പിന്റെ യാഗമാണ്. അവൻ നിങ്ങളെ തന്റെ രക്തം കൊടുത്തു വിലയ്ക്കു വാങ്ങുകയാണ് ചെയ്തത്. നിങ്ങളുടെ വിലയായി അവൻ കൊടുത്തതു. പൊന്നു, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കൾ അല്ല. ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തമാണ്. തന്റെ വിലയേറിയ രക്തം കൊടുത്തു അവൻ നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുകയാണ്. ആ തിരുരക്തത്തിന്റെ ശക്തി നിങ്ങൾ വിശ്വസിക്കുമോ? എങ്കിൽ നിങ്ങൾ ഈ നിമിഷം മുതൽ ക്രിസ്തുവിനായി ജീവിതം സമർപ്പിച്ച് ത്യാഗ ജീവിതം ആരംഭിക്കും. ക്രിസ്തുവിനോടു കൂടി സമാധാന കാലങ്ങൾ ചെലവഴിക്കും. ഈ ഭൂമിയിൽ ആശ്വാസത്തിന്റെ കാലങ്ങൾ, കടന്നുചെല്ലുമ്പോൾ നിത്യതയിൽ ക്രിസ്തുവിനോടു കൂടെ സ്വർഗ്ഗവാസം.

ക്രിസ്തു നിങ്ങളുടെ ശരീരത്തിനും, നിങ്ങളുടെ മനസ്സിനും, നിങ്ങളുടെ ഹൃദയത്തിനും, അരികത്തു വന്നു നിന്നുകൊണ്ട് നിങ്ങളുടെ ചങ്കിലേക്കു മുട്ടിക്കൊണ്ടു നില്ക്കുകയാണ്. മകനേ, നിന്റെ ഹൃദയം എനിക്കു തുറന്നു തരിക. മകളേ, നിന്റെ ഹൃദയം എനിക്കു തുറന്നു തരിക, എന്നു പറഞ്ഞു കൊണ്ടു സമീപത്തു നില്ക്കുന്ന ക്രിസ്തുവിനെ നിങ്ങൾ ഹൃദയത്തിലേക്കു സ്വീകരിക്കൂ. അവനോടു നിങ്ങൾ വാക്കു പറയൂ. യേശുവേ, ഇന്നു മുതൽ ഞാനൊരു പുതിയസൃഷ്ടി.

# ഇരുപത്തഞ്ച്

"അമ്മാവിയമ്മയുടെ അടുക്കൽ വെറുങ്കയ്യായി പോകരുത് എന്നു അവൻ എന്നോടു പറഞ്ഞു. ഈ ആറിടങ്ങഴി യവവും എനിക്കു തന്നു എന്നു അവൾ പറഞ്ഞു."

രൂത്ത് 3:17

നിന്റെ കാര്യം എന്തായി മകളേ, എന്നു ചോദിച്ച നൊവൊമിയോടു അയാൾ തനിക്ക ചെയ്തതൊക്കെയും അവൾ അറിയിച്ചു . ബോവസ് തന്നോടു പറഞ്ഞതും അമ്മാവിയമ്മയുടെ അടുക്കൽ വെറുങ്കയ്യായി പോകരുതെന്നു പറഞ്ഞുതും തന്റെ പക്കൽ ആറിടങ്ങഴി യവം അളന്നു ഏല്പ്പിച്ചതും അവൾ അമ്മാവിയമ്മയോടു വിശദമായി പറഞ്ഞു.

മരുമക്കൾക്കെല്ലാമുള്ള നല്ലൊരു പാഠമാണു ഇതു. അമ്മാവിയമ്മയുടെ അടുക്കൽ വെറുങ്കയ്യായി പോകരുത്.

അനേകം മരുമക്കളും അമ്മാവിയമ്മയെ അതിവേദനപ്പെടുത്തുന്നവരാണ്. തലമുറകളുടെ വിടവുണ്ടു എന്നതു തീർച്ചയായും സത്യം തന്നേ. പക്ഷെ അമ്മാവിയമ്മയെ വേദനിപ്പിക്കരുത് എന്ന നിർബ്ബന്ധം മരുമക്കൾ പുലർത്തേണ്ടതാണ്.

അമ്മാവിയമ്മയുടെ ഹൃദയത്തെ നൊമ്പരപ്പെടുത്തുന്ന ഒരു ചലനമോ, ഒരു ഭാവമോ, ഒരു നോട്ടമോ, ഒരു പെരുമാറ്റമോ മരുമക്കളിൽ നിന്നു ഒരു കാലത്തും ഉണ്ടാകരുത്. അമ്മാവിയമ്മയുടെ അടുക്കൽ എപ്പോഴും സ്നേഹമായിരിക്കൂ. അമ്മാവിയമ്മയുടെ കയ്യിൽ, നിങ്ങൾ കൊടുക്കുന്നതു സ്നേഹത്തിന്റെ പൂച്ചെണ്ടുകൾ ആയിരിക്കട്ടെ.

വസ്തുനിഷ്ഠമായ ഏതെങ്കിലും ഒരു സമ്മാനം അല്ലെങ്കിൽ കാഴ്ച കൊടുക്കണമെന്നല്ല, ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത്. സ്നേഹം നല്കുക, സൗമ്യത നല്കുക, അമ്മാവിയമ്മ തീർച്ചയായും മരുമകളെക്കാൾ പ്രായമുള്ള സ്ത്രീയാണല്ലോ. പക്ഷേ പ്രായത്തിൽ അവശതയും ക്ഷീണവും ബാധിച്ച വ്യക്തി ആയിരിക്കാം. ആ സ്ത്രീ ചിലപ്പോൾ പല രീതിയിൽ മനസ്സു നൊന്തു കഴിയുന്നവളായിരിക്കാം. ജീവിതത്തിലെ പ്രാരാബ്ധങ്ങൾ കൊണ്ടും, ക്ലേശങ്ങൾ കൊണ്ടും, കുടുബത്തിലെ ദുരിതങ്ങൾ കൊണ്ടും വശം കെട്ടു വലഞ്ഞു വന്ന ഒരു ആളത്വം ആയിരിക്കാം.

ഒരു പക്ഷേ ഭർത്താവു മരിച്ചു പോയതിനു ശേഷം ദുഃഖതപ്തമായ ജീവിതം നയിക്കുന്ന ഒരു പാവം വിധവ ആയിരിക്കും. സ്നേഹവും ലാളനയും ലഭിക്കാതെ മനസ്സു മുരടിച്ചു പോയ, ഒരു വ്യക്തിയായിരിക്കാം. അങ്ങനെ ആയിരിക്കട്ടെ, അല്ലാതിരിക്കട്ടെ, മരുമക്കൾ അവർക്കു സ്നേഹം നല്കുക, ആശ്വാസം നല്കുക, അതാണു ഐശ്വര്യം, അതാണു അനുഗ്രഹം.

അമ്മാവിയമ്മയുടെ പല പാരമ്പര്യങ്ങൾ, ചില പ്രവണതകൾ, ചില ശീലങ്ങൾ അതൊന്നും അതത്രതന്നെ പരിഷ്ക്കാരത്തിനു യോജിച്ചതാകണമെന്നില്ല. മരുമകളുടെ ചിന്താഗതി

കൾക്കും, ആശയഗതികൾക്കും ഒത്തുപോകന്നതായിരിക്കണമെങ്കിൽ പോലും അവിടെ സംമ്പൂർണ്ണായ എളിമയും, താഴ്മയും, വിശാല മനസ്ഥിതിയും പുലർത്തുവാൻ സാധിച്ചാൽ വിജയമാണ്. അമ്മാവിയമ്മയുടെ പ്രായത്തിനും ജീവിതത്തിലെ പഴക്കങ്ങൾക്കും തഴക്കങ്ങൾക്കും എല്ലാം വില കല്പ്പിച്ചു കൊണ്ടും, മാനിച്ചുകൊണ്ടും, ചിലതെല്ലാം വിട്ടുവീഴ്ച ചെയ്യുവാനും ക്ഷമിക്കുവാനും, സഹിക്കുവാനും മരുമകൾക്കു സാധിക്കുമെങ്കിൽ അതാണ് വിജയം.

> “നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കണം. അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു. ഇങ്ങനെയല്ലോ പണ്ടു ദൈവത്തിൽ പ്രത്യാശ വെച്ചിരുന്ന വിശുദ്ധസ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിച്ചു ഭർത്താക്കന്മാർക്കു കീഴടങ്ങിയിരുന്നതു”
>
> 1 പത്രോസ് 3:3–5

എപ്പോഴും വിനയം, സൗമ്യത, കീഴടങ്ങാനുള്ള മനസ്സ്, സഹിക്കാനുള്ള മനസ്സു, ക്ഷമിക്കുവാനുള്ള മനസ്സു, ഇവയെല്ലാം ദൈവസന്നിധിയിൽ വിലയേറിയതാണ്. മാത്രമല്ല ഇവയെക്കൊണ്ടായിരിക്കണം ദൈവഭക്തിയുള്ള സ്ത്രീകൾ തങ്ങളെത്തന്നേ അലങ്കരിക്കേണ്ടതു. പലതും കണ്ടില്ലാപ്പെടണം, കേട്ടില്ലാപ്പെടണം, ഇംഗ്ലീഷിൽ പറയുമല്ലോ. "turn a deaf ear" കേൾക്കാഞ്ഞിട്ടല്ല പക്ഷേ കേട്ടില്ല, ഉള്ളിൽ പരിഭവം തോന്നാതിരിക്കണം.

ഒരിക്കൽ ഒരു വീട്ടിൽ ഒരു പെൺകുട്ടി ആ വീട്ടിലെ മരുമകളായി കടന്നു ചെന്നു. അമ്മാവിയമ്മ കോപിച്ചും കുറ്റപ്പെടുത്തിയും എന്തെങ്കിലുമെല്ലാം പറയും. അപ്പോൾ അവൾ അതിലേറെ പറയും. പിന്നെ അവൾ ഇതെല്ലാം ഭർത്താവിനോടു ചെന്നു പറയും. വീട്ടിൽ കലക്കമായി, വഴക്കായി, ശണ്ഠയായി, ഒച്ചപ്പാടും, ബഹളവുമായി.

പിന്നെപ്പിന്നെ അമ്മാവിയമ്മ ഒന്നും മിണ്ടാതിരിക്കുമ്പോഴും ഇവൾ പിറുപിറുത്തുകൊണ്ടു നടക്കും. എല്ലാറ്റിനും അമ്മാവിയമ്മയെ കുറ്റം പറയാൻ തുടങ്ങി. ഇങ്ങനെ ഒടുവിൽ അവൾക്കു ആ കുടുംബത്തിൽ ഒരു സ്വസ്ഥതയും ഇല്ലാതെയായി. ഒരു കൗൺസെലിംഗിന് പോകാം എന്നു തീരുമാനിച്ചു.

ഭർത്താവു അവളെ കൗൺസെലിംഗിനു കൊണ്ടു പോയി. കൗൺസെലിങ്ങ് കൊടുക്കുന്ന ആൾ ചോദിച്ചു. എന്താണു നിങ്ങളുടെ പ്രശ്നം? അപ്പോൾ പറഞ്ഞു. അമ്മാവിയമ്മ ഭയങ്കര ബഹളം വയ്ക്കും. ഭയങ്കരമായിട്ടു സംസാരിക്കും. എനിക്കതു കേട്ടു കൊണ്ടു സഹിച്ചിരിക്കാൻ സാദ്ധ്യമല്ല. അപ്പോൾ ഞാനും വല്ലാതെ അരിശപ്പെടും. ഇപ്പോൾ എനിക്കു പ്രഷർ കൂടി. എനിക്കു പ്രഷർ കൂടുമ്പോൾ ഭയങ്കര തലവേദന. തലവേദന വർദ്ധിച്ചു എന്റെ തല പൊട്ടിപ്പോകുമോ എന്നെനിക്കു തോന്നുന്നു. ഞാൻ വല്ലാതെ വിഷമിക്കുന്നു. ഇപ്പോൾ പ്രഷറിന്റെ ഗുളിക കഴിച്ചിട്ടും പറ്റുന്നില്ല. എനിക്കു ഉറക്കം ഇല്ലാതായി. മനസ്സമാധാനം പോയി. എനിക്കു ജീവിക്കണമെന്നില്ല. മരിച്ചാൽ മതിയെന്നാണു എനിക്കു തോന്നുന്നത്.

ആ മനശ്ശാസ്ത്രവിദഗ്ദൻ പറഞ്ഞു ഇതിനു ചെറിയൊരു മരുന്നു തരാം. വളരെ ചെറിയ മരുന്നു. ഈ മരുന്നു ഒരു തുള്ളി

ഒരു ഗ്ലാസ്സു വെള്ളത്തിൽ ഒഴിച്ചിട്ടു ആ വെള്ളം അമ്മാവിയമ്മ എന്തെങ്കിലും പറയുവാൻ തുടങ്ങുമ്പോൾ വായിൽ കൊണ്ടു കൊണ്ട് അമ്മാവിയമ്മ പറഞ്ഞു തീരുന്നതു വരെ അതു വായിൽ വച്ചുകൊണ്ടിരിക്കണം. അമ്മ പറഞ്ഞു നിർത്തിക്കഴിഞ്ഞാലേ അതു തുപ്പിക്കളയാവൂ.

പക്ഷേ കുറച്ചു കഴിഞ്ഞു പിന്നെയും അമ്മാവിയമ്മ എന്തെങ്കിലും പറയുവാൻ തുടങ്ങിയാൽ വീണ്ടും ഈ മരുന്നു വെള്ളത്തിൽ ചേർത്തു വായിൽ കൊള്ളണം. പറഞ്ഞു നിർത്തിക്കഴിഞ്ഞാൽ പിന്നെ നിങ്ങൾക്കു തുപ്പിക്കളയാം. അമ്മാവിയമ്മ സംസാരിക്കുവാൻ തുടങ്ങുമ്പോഴെല്ലാം ഈ മരുന്നു നിങ്ങൾ ഉപയോഗിക്കണം. ഒരാഴ്ച ഇങ്ങനെ ഉപയോഗിച്ചാൽ നിങ്ങൾക്കു പിന്നീടു മരുന്നു കഴിക്കേണ്ടിവരികയില്ല. നിങ്ങളുടെ പ്രഷർ താഴും.

ശരിയായിരുന്നു. ഒരാഴ്ച വേണ്ടി വന്നില്ല, ഒറ്റ ദിവസം കൊണ്ടു പ്രഷർ താഴെ പോയി. കാരണം എന്താണ്? അമ്മാവിയമ്മ സംസാരിക്കുമ്പോൾ ഇവൾ തിരിച്ചു പറയുന്നില്ല. വായിൽ വെള്ളമല്ലേ,  മരുന്നു വായിൽ കൊണ്ടു കൊണ്ടിരിക്കുമ്പോൾ പിന്നെ എങ്ങനെ തിരിച്ചുപറയും? അതുകൊണ്ടു തിരിച്ചുപറഞ്ഞില്ല. ഇതു ഒരു രസകരമായ ഭാവന ആയിരിക്കാം. പക്ഷേ അതിൽ ഒരു സത്യമുണ്ട്.

സൗമ്യതയുടെ പ്രതികരണം, സ്നേഹത്തിന്റെ പ്രതികരണം,  ഇങ്ങോട്ടു എന്തു കാണിച്ചാലും പരിഭവം ഇല്ലാത്ത പ്രതികരണം, ഇതാണു ക്രിസ്തു കാണിച്ചു തന്ന മാതൃക.

ക്രിസ്തുവിന്റെ മുഖത്തേക്കു തുപ്പി, കന്നത്തേക്കു അടിച്ചു, ശിരസ്സിൽ മുൾമുടി വച്ചു. പക്ഷേ യേശു തമ്പുരാൻ ഒരിക്കലെങ്കിലും അസഹിഷ്ണുത കാണിച്ചുവോ? ഇഷ്ടക്കേടു

കാണിച്ചുവോ? മുഷിച്ചിൽ കാണിച്ചുവോ? ഇല്ലല്ലോ? “പിതാവേ ഇവർ ചെയ്യുന്നതു ഇന്നതു എന്നു ഇവർ അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ” എന്ന് പ്രാർത്ഥിക്കുകയല്ലേ ചെയ്തുള്ളൂ. അമ്മാവിയമ്മയും മരുമകളും തമ്മിലുള്ളതായ സ്നേഹബന്ധത്തിൽ വരുത്തേണ്ട രൂപാന്തരങ്ങൾ വരുത്തുവാൻ ആവശ്യമുള്ള കൃപകൾ കർത്താവു തരട്ടെ.

# ഇരുപത്താറ്

> "അതിന്നു അവൾ: എന്റെ മകളേ ഈ കാര്യം എന്താകുമെന്നു അറിയുവോളം നീ അനങ്ങാതിരിക്ക; ഇന്നു ഈ കാര്യം തീർക്കും വരെ അയാൾ സ്വസ്ഥമായിരിക്കയില്ല എന്നു പറഞ്ഞു."
>
> രൂത്ത് 3:18

നിന്റെ കാര്യം എന്താകും എന്നറിയുന്നതുവരെ നീ അനങ്ങാതിരിക്ക. ആശ്വാസം പകരുന്ന ഒരു വാക്യമാണിതു. ഈ കാര്യം എന്താകും എന്നറിയുന്നതുവരെ അനങ്ങാതിരിക്ക.

സങ്കീർത്തനക്കാരൻ പ്രത്യാശയോടെ പറഞ്ഞു;

> "മിണ്ടാതിരുന്നു, ഞാൻ ദൈവമെന്നു അറിഞ്ഞുകൊൾവിൻ; ഞാൻ ജാതികളുടെ ഇടയിൽ ഉന്നതൻ ആകും. ഞാൻ ഭൂമിയിൽ ഉന്നതൻ ആകും. സൈന്യങ്ങളുടെ യഹോവ നമ്മോടു കൂടെ ഉണ്ടു; യാക്കോബിന്റെ ദൈവം നമ്മുടെ ദുർഗ്ഗം ആകുന്നു."
>
> സങ്കീർത്തനങ്ങൾ 46:10,11

ഈ കാര്യം എന്താകുമെന്നു അറിയുവോളം മിണ്ടാതിരിക്ക; അനങ്ങാതിരിക്ക, തിടുക്കം കൂട്ടരുത്. ഒരു കാര്യം ചെയ്യാൻ നിർദ്ദേശിച്ചു. അതു ചെയ്തു. കുളിച്ച് തൈലം പൂശി വസ്ത്രം ധരിച്ച് കളത്തിൽ ചെന്നു. ബോവസിന്റെ കാല്ക്കൽ കിടന്നു. രൂത്ത് അവളുടെ മനോരഥമൊക്കെയും ബോവസിന്റെ അടുക്കൽ പറഞ്ഞു.

ബോവസ് പറഞ്ഞു ഞാൻ നിന്റെ വീണ്ടെടുപ്പുകാരൻ ആണെന്ന്. അതു കേട്ടു അവൾ സ്തോഷത്തോടെ മടങ്ങിപ്പോകാൻ തുടങ്ങിയപ്പോൾ രൂത്ത് അമ്മാവിയമ്മയുടെ അടുക്കൽ വെറുങ്കയ്യായി പോകരുത് എന്നു പറഞ്ഞു ആറിടങ്ങഴി യവം അവളുടെ കെയ്യിൽ കൊടുത്തയച്ചു. അമ്മാവിയമ്മ രൂത്തിനോടു പറയുകയാണ്: മോളേ, ഈ കാര്യം എന്താകുമെന്നു അറിയുവോളം നീ അനങ്ങാതിരിക്ക.

പറയേണ്ടവനോടു പറയേണ്ട കാര്യം അറിയിച്ചു കഴിഞ്ഞു. പറയേണ്ടവന്റെ അടുക്കൽ ചെന്നു, പറയേണ്ട കാര്യങ്ങൾ എല്ലാം അറിയിച്ചു. ഇനി നീ അനങ്ങാതിരിക്ക.

അല്പം പോലും തിടുക്കം കാട്ടരുത്. കർത്താവു നമ്മുടെ പ്രാർത്ഥന കേട്ടിട്ടുണ്ട്. അവൻ നമ്മുടെ പ്രാർത്ഥനയ്ക്കു തക്ക സമയത്തു മറുപടി തരും.

ദൈവത്തിനു ഒരു സമയമുണ്ട്. എല്ലാറ്റിനും ഒരു സമയമുണ്ട്. എല്ലാറ്റിനും ഒരു കാലമുണ്ട്. സഭാപ്രസംഗി പറയുന്നു.

> "എല്ലാറ്റിനും ഒരു സമയമുണ്ട്. ആകാശത്തിൻ കീഴുള്ള സകല കാര്യത്തിനും ഒരു കാലമുണ്ട്. ജനിപ്പാൻ ഒരു കാലം, മരിപ്പാൻ ഒരു കാലം, നടുവാൻ ഒരു കാലം, നട്ടതു പറിക്കാൻ ഒരു കാലം, കൊല്ലുവാൻ ഒരു കാലം, സൗഖ്യ

മാക്കുവാൻ ഒരു കാലം, ഇടിച്ചുകളവാൻ ഒരു കാലം, പണിവാൻ ഒരു കാലം, കരവാൻ ഒരു കാലം, ചിരിപ്പാൻ ഒരു കാലം, വിലപിപ്പാൻ ഒരു കാലം, നൃത്തം ചെയ്യാൻ ഒരു കാലം, കല്ലു പെറുക്കിക്കളവാൻ ഒരു കാലം; കല്ലു പെറുക്കി ക്കൂട്ടുവാൻ ഒരു കാലം, ആലിംഗനം ചെയ്യാൻ ഒരു കാലം, സമ്പാദിപ്പാൻ ഒരു കാലം, നഷ്ട മാവാൻ ഒരു കാലം, സൂക്ഷിച്ചുവെപ്പാൻ ഒരു കാലം, എറിഞ്ഞുകളവാൻ ഒരു കാലം, തുന്നു വാൻ ഒരു കാലം, മിണ്ടാതിരിപ്പാൻ ഒരു കാലം, സംസാരിപ്പാൻ ഒരു കാലം, സ്നേഹിപ്പാൻ ഒരു കാലം, ദ്വേഷിപ്പാൻ ഒരു കാലം, യുദ്ധത്തിന്നു ഒരു കാലവും സമാധാനത്തിനു ഒരു കാലവും ഉണ്ട്."

സഭാപ്രസംഗി 3:1–8

ഇതു സുപ്രസാദ കാലമാണ്. ദൈവം പ്രസാദിച്ചിരിക്കുന്ന കാലമാണ്. കൃപയുടെ വാതിൽ തുറന്നു വച്ചിരിക്കുന്ന കാല മാണ്. അനുഗ്രഹത്തിന്റെ കവാടം തുറന്നു തന്നെയാണ് ഇരി ക്കുന്നത്. ഏതൊരു പാപിക്കും ഇപ്പോൾ അകത്തു വരാം. ഏതു അശുദ്ധനും ഇപ്പോൾ കടന്നു വരാവുന്ന സമയാണ്. ഏതു പുള്ളിപ്പുലിക്കും പെട്ടകത്തിൽ കടന്നു വരാം. ഏതു ഘോരസിംഹത്തിന്നും കടന്നു വരാം. ഏതു കരടിക്കും, ചെന്നായ്ക്കും കടന്നു വരാം. ഏതു ഹിംസ്രജീവിക്കും കട ന്നുവരാം. ഇപ്പോൾ ഏതു പാപിക്കും കടന്നുവരാവുന്ന സമ യമാണ്. ഏതു നിഷ്ഠൂര ഹൃദയനും പെട്ടകത്തിനുള്ളിലേക്കു പ്രവേശിക്കാവുന്ന സമയമാണ്. രക്ഷയുടെ പെട്ടകം തുറന്നു വെച്ചിരിക്കുകയാണ്.

ഈ സുപ്രസാദകാലത്തു നാം ചെയ്യേണ്ടതു ചെയ്യുക. സമയം തെറ്റരുത്. എന്നാൽ ദൈവത്തിന്റെ സമയത്തിനായി നാം കാത്തിരിക്ക. നമുക്കു മറുപടി തരാൻ ദൈവത്തിനു ചില സമയങ്ങൾ ഉണ്ട്. നമ്മുടെ പ്രാർത്ഥനയ്ക്കു ഉത്തരം തരാൻ ദൈവത്തിനു സമയമുണ്ട്. അതിനെക്കുറിച്ചു ഹബക്കൂക്ക് പറ ന്നു, രണ്ടാം അദ്ധ്യായത്തിൽ പറയുന്നുണ്ട്. പ്രവാചകൻ ആവ ലാതി പൂണ്ടു ആലയത്തിലേക്കു ചെന്നു. എന്റെ ആവലാ തിക്കു എന്താകും ഉത്തരം എന്നറിവാൻ പ്രവാചകൻ പ്രാർത്ഥി ച്ചുകൊണ്ടു നിന്നു.

“ഞാൻ കൊത്തളത്തിൽ നിന്നു കാവൽ കാത്തുകൊണ്ടു അവൻ എന്നോടു എന്തരുളിച്ചെയ്യും എന്നും എന്റെ ആവ ലാതി സംബന്ധിച്ചു ഞാൻ എന്തുത്തരം പറയയേണ്ടു എന്നും കാണേണ്ടതിനു ദൃഷ്ടി വയ്ക്കും, യഹോവ എന്നോടു ഉത്ത രമരുളിയതു: നീ ദർശനം എഴുതുക; ഓടിച്ചു വായിപ്പാൻ തക്ക വണ്ണം അതു പലകയിൽ തെളിവായി വരയ്ക്കുക. ദർശന ത്തിന്നു ഒരു അവധി വെച്ചിരിക്കുന്നു. അതു സമാപ്തിയി ലേക്കു ബദ്ധപ്പെടുന്നു; സമയം തെറ്റുകയുമില്ല; അതു വൈകി യാലും അതിന്നായി കാത്തിരിക്ക; അതു വരും നിശ്ചയം, താമ സിക്കയുമില്ല.” ഹബക്കൂക്ക് 2:1-3

നിന്റെ പ്രാർത്ഥനയ്ക്കു ഒരു അവധി വെച്ചിരിക്കുന്നു. ദർശ നത്തിനു ഒരു സമയം വച്ചിരിക്കുന്നു. നീ തിടുക്കം കൂട്ടരുത്; നീ ശാന്തമായി കാത്തിരിക്ക; നീ അടങ്ങിയിരിക്ക; ദർശന ത്തിനു ഒരു അവധി വച്ചിരിക്കുന്നു. ദൈവപൈതലേ, അതു വൈകിയാലും അതിന്നായി കാത്തിരിക്ക, അതു വരും നിശ്ച യം, താമസിക്കയുമില്ല.

നീ മനസ്സു മടുത്തു ഇരിക്കുകയാണോ? കർത്താവേ, എന്റെ ജീവിതത്തിൽ സ്വസ്ഥതയ്ക്കുവേണ്ടിയും സമാധാനത്തിനു

വേണ്ടിയും ഞാൻ നിന്നോടു പ്രാർത്ഥിച്ചു. ഇത്രയും നാളായല്ലോ? എന്റെ പ്രാർത്ഥന നീ കേൾക്കാത്തതു എന്ത്? നീ എനിക്കു മറുപടി തരാത്തതെന്ത്? ഇപ്രകാരമുള്ള ചോദ്യങ്ങൾ വരുന്നുണ്ടോ?

അറിയിക്കേണ്ടവനെ നീ അറിയിച്ചിട്ടുണ്ട്. ഹൃദയത്തിലെ ആഗ്രഹങ്ങൾ നീ ദൈവത്തോടു തുറന്നു പറഞ്ഞിട്ടുണ്ട്. എല്ലാം നീ അവനെ ബോധിപ്പിച്ചിട്ടുണ്ട്. എങ്കിൽ ഇനി നീ ചെയ്യേണ്ടതു എന്താണ്? നീ ശാന്തമായി അവന്റെ സമയത്തിനായി , അവന്റെ പ്രവൃത്തി നിന്നിൽ വെളിപ്പെടുവാനായി കാത്തിരിക്ക മാത്രം ചെയ്ക. പ്രത്യാശയോടെ കാത്തിരിക്ക, വിശ്വാസത്തോടെ കാത്തിരിക്ക, ക്ഷമയോടെ കാത്തിരിക്കുക. നിന്റെ സമയത്തല്ല, ദൈവത്തിന്റെ സമയത്തു അതിനുള്ള മറുപടി ദൈവം തരും.

പക്ഷേ ഒരു കാര്യം ഓർത്തു കൊള്ളണം. സങ്കീർത്തനക്കാരൻ പറഞ്ഞു: “ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവു കേൾക്കയില്ലായിരുന്നു.”

അകൃത്യം മാറ്റിയിട്ടു നിങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കൂ. നിങ്ങളുടെ ജീവിതത്തിലെ പാപങ്ങൾ ഏറ്റുപറഞ്ഞു ഉപേക്ഷിച്ചിട്ടു നിങ്ങൾ പ്രാർത്ഥിക്കൂ. നിങ്ങളുടെ ജീവിതത്തിൽ ഇന്നും വിട്ടുപിരിയാൻ പറ്റാത്ത വിധം മുറുകെ പറ്റുന്ന പാപങ്ങൾ എന്തെല്ലാമെന്നു കണ്ടുപിടിച്ചു ഏറ്റുപറഞ്ഞു പ്രാർത്ഥിക്കൂ. ജീവിതം സൗരഭ്യവാസനയായി ക്രിസ്തുവിനു അർപ്പണം ചെയ്തിട്ടു നിങ്ങൾ പ്രാർത്ഥിക്കുവിൻ. ഒരു പുതിയ ജീവിതം തുടങ്ങിയിട്ടു നിങ്ങൾ പ്രാർത്ഥിക്കുവിൻ. അപ്പോൾ കാണാം ദൈവം നിങ്ങൾക്കു മറുപടി തരുന്നത്.

“രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ

കൈ കുറുകീട്ടില്ല. കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നപ്പിച്ചിരിക്കുന്നതു; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറയ്ക്കുമാറാക്കിയത്."

യെശയ്യാവു 59: 1-2

നിന്റെ പാപമാണ് ദൈവത്തിന്റെ അനുഗ്രഹം നിന്റെമേൽ വരുന്നതിനു തടസ്സം. നീ ക്ഷമയോടെ കാത്തിരിക്കണം. ശരി, പക്ഷേ പാപം മാറ്റിയിട്ടു വേണം. പാപം നിന്നിൽ നിന്നു മാറ്റണം. പാപങ്ങൾ ഏറ്റുപറഞ്ഞു ഉപേക്ഷിച്ചു മോചനം പ്രാപിക്കണം. തിരുരക്തത്താലുള്ള കഴുകൽ പ്രാപിക്കണം. അങ്ങനെ പാപക്ഷമ പ്രാപിച്ചു നീ ദൈവത്തോടു കരുണയ്ക്കു വേണ്ടി യാചിച്ചാൽ സ്വർഗ്ഗത്തിലെ ദൈവം നിന്റെ പ്രാർത്ഥന കേൾക്കുകയും നിന്റെ ആവശ്യങ്ങൾ നിറവേറ്റിത്തരികയും ചെയ്യും. അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും.

"യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്ക; ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക. യഹോവയിൽതന്നേ രസിച്ചുകൊൾക. അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും. നിന്റെ വഴി യഹോവയെ ഭരമേല്പിക്ക. അവനിൽ തന്നേ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും"

സങ്കീർത്തനങ്ങൾ 37:3-5

അവർ ആഗ്രഹിച്ച തുറമുഖത്തു അവൻ അവരെ എത്തി

ച്ചു. അവർ ആഗ്രഹിച്ചതു അവൻ അവർക്കു കൊടുത്തു എന്നാണ് സങ്കീർത്തനക്കാരൻ പറയുന്നത്. ആഗ്രഹിച്ചതു നല്കുന്ന ഒരു ദൈവമുണ്ട്. സ്നേഹിതരേ, കാത്തിരിക്കുക, അനുഗ്രഹത്തിനു വേണ്ടി ക്ഷമയോടെ കാത്തിരിക്കുക.

# ഇരുപത്തിയേഴ്

“അതിന്നു പട്ടണവാതില്ക്കൽ ഇരുന്ന സകല ജനവും മൂപ്പന്മാരും പറഞ്ഞതു: ഞങ്ങൾ സാക്ഷികൾ തന്നേ, നിന്റെ വീട്ടിൽ വന്നിരിക്കുന്ന സ്ത്രീയെ യഹോവ റാഹേലിനെപ്പോലെയും ലേയയെപ്പോലെയും ആക്കട്ടെ, അവർ ഇരുവരുമല്ലോ യിസ്രായേൽ ഗൃഹം പണിതതു, എഫ്രാത്തയിൽ നീ പ്രബലനും ബേത്ത്ലഹേമിൽ വിശ്രുതനുമായിരിക്ക. ഈ യുവതിയിൽ നിന്നു യഹോവ നിനക്കു നല്കുന്ന സന്തതിയാൽ നിന്റെ ഗൃഹം താമാർ യെഹൂദയ്ക്കു പ്രസവിച്ച ഫേരെസിന്റെ ഗൃഹം പോലെ ആയിത്തീരട്ടെ.

രൂത്ത് 4:11,12

ബോവസ് രൂത്തിനെ സ്വീകരിച്ചു. രൂത്തിന്റെ വീണ്ടെടുപ്പുകാരനായി ബോവസ് തന്നെത്തന്നെ ഏല്പിച്ചു.

വീണ്ടെടുപ്പുകാരനായി വാസ്തവത്തിൽ അവകാശമുള്ള

മറ്റൊരാൾ ഉണ്ടായിരുന്നു. അയാൾ ആ വീണ്ടെടുപ്പു മുറ നിവർത്തിപ്പാൻ മനസ്സില്ലാത്തവൻ ആയിരുന്നു. അയാൾ അതു തിരസ്ക്കരിച്ചു. അപ്പോൾ അടുത്തു സ്വീകരിക്കേണ്ടതു ബോവസ് ആണ്. ബോവസ് വീണ്ടെടുപ്പുകാരനായി തന്നേ ത്തന്നെ സമർപ്പിച്ചു. ബോവസ് രൂത്തിനെ വീണ്ടെടുത്തു. രൂത്ത് ബോവസിന്റെ ഭാര്യയായിത്തീർന്നു.

ബോവസ് കർത്താവായ യേശുക്രിസ്തുവിന്റെ പ്രതിനിധി യാണ്. രൂത്ത് മണവാട്ടി സഭയുടെ നിഴലാണ്.

പുറജാതിയായിരുന്നു രൂത്ത്. നാമും പുറജാതികളായിരു ന്നു. നാമും വിജാതീയരായിരുന്നു. നാം യിസ്രായേൽ പൗര തയോടു സംബന്ധമില്ലാത്തവർ ആയിരുന്നു. നാം വാഗ്ദത്ത ത്തിന്റെ നിയമങ്ങൾക്കു അന്യരായിരുന്നു. മുമ്പെ നാം ദൈവ മില്ലാത്തവർ ആയിരുന്നു. അതിനെക്കുറിച്ചാണ് അപ്പോസ്ത ലനായ പൗലോസ് എഫേസ്യ ലേഖനത്തിൽ പറയുന്നത്.

> "ആകയാൽ നിങ്ങൾ മുമ്പെ പ്രകൃതിയാൽ ജാതികളായിരുന്നു; ജഡത്തിൽ കയ്യാലുള്ള പരിച്ഛേദന ഏറ്റു പരിച്ഛേദനക്കാർ എന്നു പേരുള്ളവരാൽ അഗ്രചർമ്മക്കാർ എന്നു വിളി ക്കപ്പെട്ടിരുന്നു. അക്കാലത്തു നിങ്ങൾ ക്രിസ്തു വിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗര തയോടു സംബന്ധമില്ലാത്തവരും വാഗ്ദത്ത ത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയി ല്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ."
>
> എഫെസ്യർ 2:11,12

അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചുകിടന്നിരുന്ന നിങ്ങ

ളെയും അവൻ ഉയിർപ്പിച്ചു. നിങ്ങൾ മുമ്പേ ഈ ലോകത്തിന്റെ മോഹങ്ങളിൽ പെട്ടു നടന്നവരായിരുന്നു. നിങ്ങൾ പിശാചിനെ അനുസരിച്ചു നടന്നവർ ആയിരുന്നു. നിങ്ങൾ ജഡത്തെ അനുസരിച്ച് നടന്നവർ ആയിരുന്നു. എന്നാൽ കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്നനമ്മെ ക്രിസ്തുവിനോടു കൂടി ജീവിപ്പിച്ചു. രൂത്ത് മോഹബ്യ സ്ത്രീ ആയിരുന്നതുപോലെ നിങ്ങൾ വിജാതീയരായിരുന്നു.

ദൈവമില്ലാത്തവർ ആയിരുന്നു, പ്രത്യാശയില്ലാത്തവർ ആയിരുന്നു. ജഡത്തിനും മനോ വികാരങ്ങൾക്കും അനുസരിച്ചു നടന്നവരായിരുന്നു. ലോകത്തിന്റെ പ്രതാപത്തിനും ജഡമോഹത്തിന്നും ഇരയായി ജീവിച്ചവരായിരുന്നു. അക്കാലത്തു നിങ്ങൾ പിശാചിന്റെ ആധിപത്യത്തിനു വഴങ്ങി ജീവിച്ചവർ ആയിരുന്നു. പൈശാചികന്റെ പ്രവൃത്തികൾ ചെയ്തു ജീവിച്ചവർ ആയിരുന്നു. അങ്ങനെ നിങ്ങൾ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു.

എന്നാൽ കരുണാസമ്പന്നായ ദൈവമോ, നിങ്ങളെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം തന്റെ പുത്രന്റെ രക്തത്താൽ നമ്മെ വീണ്ടെടുത്തിരിക്കുന്ന. വലിയൊരു പദവിയാണ് നമുക്ക് കിട്ടിയിരിക്കുന്നത്. ബോവസ് രൂത്തിനെ ഭാര്യയായി സ്വീകരിച്ചതു പോലെ കർത്താവായ യേശു ക്രിസ്തു ഈ വിജാതീയ കന്യകയെ തന്റെ സ്വന്തം പ്രാണപ്രേയസിയായി സ്വീകരിപ്പാൻ തിരുമനസ്സായിരിക്കുന്നു. ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹബന്ധം ചിത്രീകരിക്കുവാനുള്ള ഉദാഹരണം ഇതിൽ കവിഞ്ഞ് മറ്റൊന്നില്ല.

അതുകൊണ്ടാണ്. അപ്പോസ്തലൻ പറയുന്നത്:

> “ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏക പുരുഷനു നിങ്ങളെ നിർമ്മലകന്യകയായി ഏല്പിക്കാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതു പോലെ നിങ്ങളുടെ മനസ്സു കിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു.”
>
> 2 കൊരിന്ത്യർ 11:2,3

നീ ജാതീയ ആരാധനയിൽ ജീവിച്ചു പോന്നവനാണ്. നീ ദൈവമില്ലാത്തവനായിരുന്നു. നീ പല മിഥ്യാചാരങ്ങൾക്കും അടിമയായിരുന്നു. നീ ദുരാചാരങ്ങൾക്കു വശംവദനായിരുന്നു. ദുഷ്പരിചയങ്ങൾക്കു വിധേയനായിരുന്നു.

ദൈവപൈതലേ, നീ പാപത്തിന്റെ അടിമയായിരുന്നു. പാപം ചെയ്തു ശീലിച്ചവനായിരുന്നു. പാപം മൂലം പിശാചു നിന്നെ ബന്ധിച്ചിരുന്നു. നീ സാത്താന്റെ കാരാഗൃഹത്തിൽ ആയിരുന്നു. പാപത്തിന്റെ കെട്ടുകൾ നിന്നെ വരിഞ്ഞുമുറുക്കിയിരിക്കുന്നു.

എന്നാൽ കരുണാസമ്പന്നനായ ദൈവമോ, നിന്റെ മേൽ തന്റെ സ്നേഹം നിക്ഷേപിച്ചു അവൻ നിന്നെ തന്റെ പുത്രന്റെ രക്തത്താൽ വീണ്ടെടുത്തു. കർത്താവായ യേശുക്രിസ്തു നിന്റെ വീണ്ടെടുപ്പുകാരനായിത്തീർന്നു.

ഈ വീണ്ടെടുപ്പുകാരനു വേണ്ടി നാം വിവാഹനിശ്ചയം ചെയ്യപ്പെട്ടവരാണെങ്കിൽ ആ വിവാഹം നടക്കുവാനുള്ള

അവന്റെ രണ്ടാമത്തെ വരവിൽ നമ്മെ പരിശുദ്ധരായി അവൻ കാണുമോ? നിങ്ങളുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു എന്നാണ് അപ്പോസ്തലൻ പറയുന്നത്.

ഏദൻ തോട്ടത്തിലേക്കു കടന്നചെന്നു ഹവ്വയെ വശീകരിച്ചും സ്വാധീനിച്ചും പാപം ചെയ്യിച്ച ആ പഴയ പാമ്പ്, ദുഷ്ടപ്പിശാച് ഇന്നും പ്രവർത്തനിരതനാണ്. അവൻ ഇന്നും അനേകം വിശ്വാസികളെ തെറ്റിച്ചുകൊണ്ടിരിക്കുകയാണ്. അനേകം വിശുദ്ധന്മാരെ വീഴിച്ചുകൊണ്ടിരിക്കയാണ്. അനേകം ബലശാലികളെ തകർത്തുകൊണ്ടിരിക്കയാണ്. വീരന്മാർ പട്ടുപോകുകയുണ്ടായി. നിങ്ങളും വീഴുവാൻ സാദ്ധ്യതയുണ്ട്.

ആകയാൽ താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിക്കാൻ നോക്കിക്കൊള്ളട്ടെ എന്നു അപ്പോസ്തലൻ മുന്നറിയിപ്പ് തന്നിരിക്കുന്നു. സർപ്പം ഹവ്വയെ ഉപായത്തിൽ ചതിച്ചു. എന്നാൽ അതുപോലെ നിങ്ങൾ ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകാതെ സൂക്ഷിച്ചുകൊള്ളുക.

വഷളായിപ്പോകരുത്, ക്രിസ്തുവിനോടുള്ള ഏകാഗ്രത പോകരുത്. ക്രിസ്തുവിനോടുള്ള വിശ്വാസം കുറയരുത്. ക്രിസ്തുവിലുള്ള ആശ്രയം കുറയരുത്, ക്രിസ്തുവിന്റെ വിശുദ്ധിക്കുവേണ്ടിയുള്ള ആകാംക്ഷയും ദാഹവും, വാഞ്ഛയും കുറയരുത്. ക്രിസ്തുവിന്റെ സ്നേഹത്താൽ നിറയുവാൻ ഇനിയും ആഗ്രഹിക്കണം.

നിങ്ങളുടെ ജീവിതം ക്രിസ്തുവിനായി നിങ്ങൾ വിട്ടുകൊടുക്കുക. ക്രിസ്തുവിന്റെ മണവാട്ടിയാകാനുള്ള പദവിയാണു നിങ്ങൾക്കു കിട്ടിയത്. പത്താം തലമുറ പോലും യഹോവയുടെ സഭയിൽ പ്രവേശിക്കരുത് എന്നു വിലക്കപ്പെട്ട മോവാബ്യരെപ്പോലെയാണ് നാം.

നാം ആരും ദൈവസഭയിൽ പ്രവേശിക്കാൻ യോഗ്യരല്ല, എന്നാൽ കരുണാസമ്പന്നനായ യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ നമ്മെ വീണ്ടെടുത്തു തന്റെ മണവാട്ടിയായി നമ്മെ സ്വീകരിപ്പാൻ തിരുമനസ്സായതു കൊണ്ടു നമുക്കു പ്രവേശിപ്പാൻ അർഹത നേടി തന്നിരിക്കുന്നു. അതു നാം വിശ്വസിച്ചുകൊണ്ടു ഈ നിമിഷം മുതൽ ഒരു പുതിയ സൃഷ്ടിയായി ജീവിക്കൂ. യേശുക്രിസ്തുവിന്റെ രക്തത്താൽ ഞാൻ വീണ്ടെടുക്കപ്പെട്ടവനാണു ,ഞാൻ വീണ്ടെടുക്കപ്പെട്ടവളാണ്. എന്ന വിശ്വാസത്തോടെ എന്റെ കർത്താവെ ഒരു മാലിന്യവും എന്റെ മേൽ പറ്റുകയില്ല എന്ന ദൃഢമായ പ്രതിജ്ഞയോടെ ക്രിസ്തുവിനെ സ്നേഹിച്ചും വിശ്വസിച്ചും ആശ്രയിച്ചും പുതുജീവിതം തുടങ്ങുക.

# ഇരുപത്തെട്ട്

“എന്നാറെ സ്ത്രീകൾ നൊവൊമിയോടു: ഇന്നു നിനക്കു ഒരു വീണ്ടെടുപ്പുകാരനെ നല്കിയിരിക്കകൊണ്ടു യഹോവ വാഴ്ത്തപ്പെട്ടവൻ; അവന്റെ പേർ യിസ്രായേലിൽ വിശ്രുതമായിരിക്കട്ടെ. അവൻ നിനക്കു ആശ്വാസപ്രദനും നിന്റെ വാർദ്ധക്യത്തിങ്കൽ പോഷകനും ആയിരിക്കും.”

രൂത്ത് 4:14

ബേത്‌ലഹേമിലെ സ്ത്രീകൾ നൊവൊമിയെ അഭിനന്ദിച്ചു കൊണ്ടു പറയുന്ന വാക്കുകളാണിവ. ഏതാനും നാളുകൾക്കു മുമ്പ് ബേത്‌ലഹമിലേക്കു നൊവൊമിയും രൂത്തും മടങ്ങി വന്നപ്പോൾ ബേത്‌ലഹേമിലെ സ്ത്രീകൾ  “ഇതു നൊവൊമിയോ” എന്നു പറഞ്ഞതായി. ഒന്നാം അദ്ധ്യായത്തിൽ നാം വായിക്കുന്നു.

നൊവൊമി പറഞ്ഞു: നിങ്ങൾ ഇനി എന്നെ പ്രസന്നവതി എന്നു വിളിക്കണ്ട; ഞാൻ സന്തുഷ്ടയല്ല. ഞാൻ മാറയാണ്.

എന്നെ കയ്പ് എന്നു വിളിക്കൂ. അത്യുന്നതൻ എന്നോടു ഏറ്റവും കയ്പായുള്ളതു പ്രവർത്തിച്ചിരിക്കുന്നു. നിറഞ്ഞവളായി ഞാൻ പോയി, ഒഴിഞ്ഞവളായി യഹോവ എന്നെ മടക്കിവരുത്തിയിരിക്കുന്നു എന്നു പറഞ്ഞവാളാണ് നൊവൊമി.

ബേത്ലഹേമിലേക്കു പോകുമ്പോൾ ഏലീമെലേക് കൂടെ ഉണ്ടായിരുന്നു. ഭർത്താവും മക്കൾ രണ്ടുപേരും കൂടെ ഉണ്ടായിരുന്നു. മഹ്ലോനും കില്യോനും എലീമേലെക് മരിച്ചു, മഹ്ലോൻ മരിച്ചു, കില്യോൻ മരിച്ചു. മൂന്നു വിധവമാർ. മുമ്പൊരിക്കൽ പറഞ്ഞതു പോല ദുഃഖിക്കുന്ന വിധവ നൊവൊമി, വിട്ടുപോയ വിധവ - ഒർപ്പാ, പറ്റിനില്ക്കുന്ന വിധവ - രൂത്ത്

നൊവൊമിയും രൂത്തും ബേത്ലഹേമിലേക്കു മടങ്ങി വന്നു. ബേത്ലഹേമിലേക്കു വന്നപ്പോൾ സ്ത്രീകൾ പറഞ്ഞു "ഇതു നൊവൊമിയോ?" അവൾ പറഞ്ഞു. ഞാൻ നൊവൊമി അല്ല, ഞാൻ സന്തോഷവതി അല്ല.

എന്നാൽ ഇന്നു ഞാൻ കയ്പാണ്. ഞാൻ ദുഃഖത്തിന്റെ പ്രതീകമാണ്. ഭർത്താവും, മക്കളും നഷ്ടപ്പെട്ട ഒരു വിധവ, ദുഃഖിക്കുവാൻ മാത്രം പിറന്ന സ്ത്രീ. നിറഞ്ഞവളായി ഞാൻ പോയി. എന്നാൽ ഒഴിഞ്ഞവളായി യഹോവ എന്നെ മടക്കി വരുത്തിയിരിക്കുന്നു.

എന്നാൽ ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ അതേ നൊവൊമിയോടു ബേത്ലഹേമിലെ സ്ത്രീകൾ പറയുകയാണ്. നൊവൊമി നീ അല്ലേ പറഞ്ഞത് നിറഞ്ഞവളായി ഞാൻ പോയി, ഒഴിഞ്ഞവളായി മടങ്ങി വന്നു എന്നു. ഇന്നിതാ നിനക്കു വീട്ടിൽ ഒരു വീണ്ടെടുപ്പുകാരനെ കിട്ടിയിരിക്കുന്നു. രൂത്തിനു ഒരു ഭർത്താവിനെ കിട്ടിയിരിക്കുന്നു. വീട്ടിൽ ഇന്നു ഇതാ ഒരു ആൺതരി ജനിച്ചിരിക്കുന്നു. ഓബേദ് ജനിച്ചിരി

ക്കുന്നു. ഇന്നു നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളായി മാറിയല്ലോ. ഇന്നു നീ ഭാഗ്യവതി ആയല്ലോ. എന്താണു കാരണം? നിന്റെ ഭവനത്തിൽ ഒരു വീണ്ടെടുപ്പുകാരനെ കിട്ടി.

ദൈവപൈതലേ, നിന്റെ ജീവിതത്തിലെ ദൗർഭാഗ്യങ്ങൾ മാറും. നിന്റെ ജീവിതത്തിലെ നൈരാശ്യങ്ങൾ മാറും. നിന്റെ ജീവിതത്തിലെ എല്ലാ പ്രശ്നങ്ങളും മാറും. വീണ്ടെടുപ്പുകാരൻ നിന്റെ ജീവിതത്തിലേക്ക് വന്നാൽ മതി. നിന്റെ ഭാവി, വീണ്ടെടുപ്പുകാരൻ ഏറ്റെടുത്താൽ മതി.

ഒരേ ഒരു വീണ്ടെടുപ്പുകാരൻ ഉണ്ടു. അതു കർത്താവായ യേശുക്രിസ്തു ആണ്.

> "വ്യർത്ഥവും പിതൃപാരമ്പര്യവുമുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ."
>
> 1 പത്രൊസ് 1:18,19.

നമ്മെ വീണ്ടെടുത്തിരിക്കുന്നു. നമ്മെ രക്ഷിച്ചിരിക്കുന്നു. നമ്മെ പാപത്തിന്റെ ചെളിക്കുണ്ടിൽ നിന്നു കോരി എടുത്തിരിക്കുന്നു. നമ്മെ അഗാധക്കുഴിയിൽ നിന്നു കരേറ്റിയിരിക്കുന്നു. ആഴമുള്ള കുഴിയിലും കുഴഞ്ഞ ചേറ്റിലും കിടന്നിരുന്ന നമ്മെ അവൻ പിടിച്ചുയർത്തി. ഉറപ്പുള്ള പാറമേൽ നിർത്തിയിരിക്കുന്നു, ഗമനം സ്ഥിരമാക്കിയിരിക്കുന്നു.

ഇനിയും വഴുവഴുപ്പുള്ള വഴിയിലൂടെ നടക്കണ്ട. ഇനിയും

വേച്ചു വേച്ചു നടക്കണ്ട. ഇനിയും ചഞ്ചലപ്പെട്ടു ജീവിക്കേണ്ട, നിനക്കു ഇനിയും ഉറച്ചു നില്ക്കാം. ധൈര്യമായി നില്ക്കാം. പ്രത്യാശയോടെ നില്ക്കാം. ദൈവത്തെ സ്തുതിച്ചു കൊണ്ടു നില്ക്കാം

ദൈവപൈതലേ, നീ ഇനിയും ഏകാകിയല്ല. നീ ഇനിയും ദുഃഖിതയല്ല, നിനക്കു ഒരു വീണ്ടെടുപ്പുകാരനെ കിട്ടിയിരിക്കുന്നു. യേശു നിന്റെ വീണ്ടെടുപ്പുകാരനായി വരികയാണു. അവൻ നിന്റെ ഭവനത്തിന്റെ ആധിപത്യം ഏറ്റെടുക്കുകയാണ്. അവൻ നിന്റെ വീടിന്റെ ഉടമസ്ഥാവകാശം ഏറ്റെടുക്കുകയാണ്.

യേശുവിന്റെ ജനനത്തെക്കുറിച്ച് യേശു ജനിക്കുന്നതിന് 750 കൊല്ലം മുമ്പ് യെശയ്യാ പ്രവാചകൻ എഴുതി.

> "നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും."
>
> യെശയ്യാവു 9:6

യേശു നിത്യപിതാവു ആണ്; വീരനാം ദൈവം ആണ്. അത്ഭുത മന്ത്രിയാണ്. അവൻ സമാധാനപ്രഭു ആണ്, ആധിപത്യം തോളിൽ ഇരിക്കുന്നവനാണ്. നിന്റെ ജീവിതത്തിലെ ആധിപത്യം ഏറ്റെടുക്കാമെന്നു പറഞ്ഞു നിന്റെ അടുക്കൽ വന്നു മുട്ടുന്നു. അവനായി നിന്റെ ജീവിതം തുറന്നു കൊടുക്കുമോ? എന്നാൽ നിന്റെ ജീവിതം ധന്യമാകും.

കഴിഞ്ഞ കാലത്തെ കണ്ണുനീരുകൾ തോരും. ദുഃഖതപ്ത

മായ ജീവിതത്തിനു ഒരു വിരാമം വരും. സമാധാനത്തിന്റെ കാലങ്ങൾ നിനക്കു തുടങ്ങാം. ഇനിയും ഐശ്വര്യത്തിന്റെ വസന്തകാലങ്ങൾ നിനക്കു ആരംഭിക്കാം.

ക്രിസ്തു ഇതാ, നിന്റെ അരികത്തു വന്നു നില്ക്കുന്നു. അവൻ നിന്റെ ജീവിതത്തിന്റെ ക്ലേശങ്ങൾ മാറ്റും. അവൻ നിന്റെ ജീവിതത്തിലെ ഏകാന്തത മാറ്റും, അവൻ നിന്റെ ജീവിതത്തിലെ വിരസത മാറ്റും, അലസത മാറ്റും, പാപങ്ങൾ മാറ്റും, അവൻ നിന്റെ ജീവിതത്തിലെ അന്ധകാരാവൃതമായ എല്ലാ മേഖലകളും പ്രകാശപൂരിതമാക്കും. അവൻ നിന്നെ അനുഗ്രഹിക്കും. അവനിതാ നിന്റെ അരികത്തു വന്നു നില്ക്കുന്നു. അവനായി നിന്റെ ഹൃദയം തുറക്കുവിൻ.

ഇരുളടഞ്ഞ ഹൃദയത്തിലേക്കു പ്രകാശം കടന്നുവരട്ടെ. സമാധാനമില്ലാത്ത ജീവിതത്തിലേക്കു സമാധാനം ഇരച്ചു വരട്ടെ. സന്തോഷം നഷ്ടപ്പെട്ടുപോയ ജീവിതത്തിലേക്കു പുതിയ സന്തോഷം പകർന്നു വരട്ടെ. സ്നേഹിതാ നിന്റെ കരഞ്ഞു വീർത്ത മുഖത്തു പുതുപുഞ്ചിരി വിരിയട്ടെ. സമാധാനവും സന്തോഷവും നിന്റെ ജീവിതത്തിൽ വിരിഞ്ഞു കളിയാടട്ടെ. നീ സമാധാനത്തിന്റെ വക്താവായി നീ മാറട്ടെ. സമാധാനത്തിന്റെ പ്രവാചകനായി നീ തീരട്ടെ. നിന്റെ ജീവിതം ധന്യമാകട്ടെ.

യേശുക്രിസ്തു ഇതാ നിന്റെ അരികത്തു നില്ക്കുന്നു, നിനക്കു സമാധാനം തരുവാൻ, ക്രൂശിൽ മരിച്ചവൻ നിനക്കു ശാന്തി തരുവാൻ, കുരിശിൽ ദരിദ്രനായി തീർന്നവൻ നിന്നെ സമ്പന്നനാക്കുവാൻ നിന്റെ സമീപത്തു വന്നു നിൽക്കുന്നു.

സ്വർഗ്ഗസമാധാനം വിട്ടു ഭൂമിയിലേക്കു ഇറങ്ങിവന്നു പാപിയായ മനുഷ്യനെപ്പോലെ മരിച്ചവനാണവൻ. അവനു തുണ ആരും ഉണ്ടായിരുന്നില്ല.

അവൻ പകച്ചു നോക്കി. സഹായിപ്പാൻ ആരെയും കണ്ടില്ല. അവൻ അമ്പരപ്പോടെ നോക്കി. ആരും കൂടെയില്ല. എല്ലാവരും ഓടിപ്പോയി. ഇടയനു വെട്ടേറ്റു. ആടുകൾ ചിതറിപ്പോയി. എല്ലാവരും മാറിപ്പോയി. ഒരു ശിഷ്യൻ ഒറ്റിക്കൊടുത്തു; വേറൊരു ശിഷ്യൻ തള്ളിപ്പറഞ്ഞു. മറ്റു ശിഷ്യന്മാർ ഓടിപ്പോയി. പാവം യോഹന്നാൻ മാത്രം കുരിശിന്റെ ചുവട്ടിൽ ഉണ്ട്. കന്യകമാതാവ്, ദുഃഖത്തോടെ ഏങ്ങലടിച്ചു കരഞ്ഞുകൊണ്ടു താഴെ ഇരിപ്പുണ്ട്. ആ മഗ്ദലനമറിയം ഉണ്ട്, പിന്നെ പാവപ്പെട്ട ഏതാനും സ്ത്രീകളുമുണ്ട്.

പിന്നെ അങ്കിക്കായി ചീട്ടിടുന്ന പടയാളികളുണ്ട്. യേശുവിനെ തൂക്കുക, തൂക്കുക എന്നു അട്ടഹസിച്ചു കൊണ്ടു ആർത്തു ചിരിക്കുന്ന ഒരു പറ്റം യഹൂദന്മാരുമുണ്ട്.

എന്നാൽ സ്നേഹിതാ, ആരും സ്നേഹിപ്പാനില്ലാതെ, ആരും താങ്ങുവാനില്ലാതെ, എല്ലാവരാലും കൈവിടപ്പെട്ടവനായി കുരിശിന്മേൽ യേശു കിടന്നതു എന്തിനാണെന്നു അറിയാമോ? നിന്റെ ഏകാന്തത മാറ്റിത്തരാനാണ്. ആരുമില്ല എന്നു പറഞ്ഞു കരയുന്ന നിനക്കു ഞാനുണ്ട് മകനേ, എന്നു പറഞ്ഞു നിന്റെ അരികിലേക്കു തന്റെ ദൂതവൃന്ദത്തെ കൊണ്ടു വന്നു നിനക്കു ചുറ്റും അണിനിരത്തുവാനാണ്.

“യഹോവയുടെ ദുതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു.” ഇന്നു ഇതു കേൾക്കുമ്പോൾ സ്നേഹിതാ നിന്റെ അരികത്തു യേശു നില്ക്കുന്നു എന്നു വിശ്വസിക്കൂ. അവന്റെ ആണിപ്പാടുള്ള കരം നിന്റെ നേരെ നീട്ടിയിരിക്കുന്നു എന്നു വിശ്വസിക്കൂ. നീ പാപത്തോടു യാത്ര പറയുന്നു എങ്കിൽ അവന്റെ കരം നിനക്കു ചുംബിക്കാം. അവന്റെ പാദത്തിൽ വീഴാം. ആ പാദം തെരുതെരെ ചുംബിക്കാം. അനുതാപത്തിന്റെ കണ്ണുനീർ കൊണ്ടു നിനക്കു

അവന്റെ പാദത്തെ കഴുകാം. അവനോടു നിനക്കു ഒരു വാക്കു പറയാം.

യേശുവേ, എന്നെ സ്നേഹിക്കുന്ന രക്ഷകാ, ആർക്കും സ്നേഹിക്കുവാൻ കൊള്ളാത്ത എന്നെ സ്നേഹിപ്പാൻ തിരുമനസ്സായ രക്ഷകാ, നിന്റെ ആണിപ്പാടുള്ള കരങ്ങളിലേക്കു ഈ നിസ്സാരമായ ആയുസ്സു ഇതാ വച്ചു തരുന്നു. എന്നെ കൈക്കൊള്ളണമേ. എന്നെ അനുഗ്രഹിക്കണമെ. എന്നെ സ്വീകരിക്കണമെ. നിന്റെ രാജ്യത്തിന്റെ അവകാശിയാക്കി എന്നെ മാറ്റണമെ.

# ഇരുപത്തൊമ്പത്

RUTH എന്ന നാലക്ഷരതമാണ് രൂത്ത് എന്ന പേരിനുള്ളത്. ഓരോ അക്ഷരവും ആരംഭിക്കുന്ന പദം കൊണ്ട് വിശാലമായ ആശയത്തെ പ്രകാശിപ്പിക്കുന്ന പഠനസമ്പ്രദായത്തിന് അര്യീശേരെ എന്ന് പറയുന്നു. അതനുസരിച്ച്. ഞഡഠഒ എന്ന നാലക്ഷരത്തിന് നാലു പദങ്ങൾ കല്പിച്ചുകൊണ്ട് രൂത്തിന്റെ പുസ്തകത്തിന്റെ ആശയ പ്രപഞ്ചത്തെ സംഗ്രഹിക്കാം.

1. R. Reolve of Ruth - രൂത്തിന്റെ തീരുമാനം. 1:16-17

> "അതിനു രൂത്ത്: നിന്നെ വിട്ടുപിരിവാനും നിന്റെ കൂടെ വരാതെ മടങ്ങിപ്പോകുവാനും എന്നോടു പറയരുതേ. നീ പോകുന്നേടുത്ത് ഞാനും പോരും. നീ പാർക്കുന്നേടത്തു ഞാനും പാർക്കും. നിന്റെ ജനം എന്റെ ജനം. നിന്റെ ദൈവം എന്റെ ദൈവം. നീ മരിക്കുന്നേടത്തു ഞാനും മരിച്ച് അടക്കപ്പെടു. മരണത്താലല്ലാതെ ഞാൻ നിന്നെ വിട്ടുപിരിഞ്ഞാൽ യഹോവ തക്ക

> വണ്ണവും അധികവും എന്നോടു ചെയ്യുമാറാകട്ടെ."

2. U. Unselfishenss of Ruth. രൂത്തിന്റെ നിസ്വാർത്ഥത. 2:18.

"അവൾ അത് എടുത്തുംകൊണ്ട് പട്ടണത്തിലേക്ക് പോയി. അവൾ പെറുക്കിക്കൊണ്ടുവന്നത് അമ്മാവിയമ്മ കണ്ടു."

3. T. Trust of Tuth - രൂത്തിന്റെ ആശ്രയം 3:9-10

"ഞാൻ നിന്റെ ദാസിയായ രൂത്ത്. നിന്റെ പുതപ്പ് അടിയന്റെ മേൽ ഇടേണമേ. നീ വീണ്ടെടുപ്പുകാരനല്ലോ. മകളേ, നീ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവൾ. ദ്രിദ്രന്മാരോ, ധനവന്മാരോ, ആയ ബാല്യക്കാരെ നീ പിന്തുടരാതിരിക്കയാൽ, ആദ്യത്തേതിൽ അധികം ദയ ഒടുവിൽ കാണിച്ചിരിക്കുന്നു."

4. H Happiness of Ruth - രൂത്തിന്റെ സന്തോഷം 4:10

"മഹ്ലോന്റെ ഭാര്യ മോവാബ്യസ്ത്രീയായ രൂത്തിനെയും എനിക്കു ഭാര്യയായി വാങ്ങിയിരിക്കുന്ന രൂത്തിന്റെ വീണ്ടെടുപ്പുകാരനായി ബോവസ് അവളെയും അവളുടെ വസ്തുവകളെയും വാങ്ങിച്ചു എന്ന് പറയുന്നതിന്റെ പൊരുൾ ഗ്രഹിക്കണമെങ്കിൽ ലേവ്യപുസ്തകം 25-ാം അദ്ധ്യായം വായിക്കണം. "നിന്റെ സഹോദരൻ ദരിദ്രനായിത്തീർന്നു തന്റെ അവകാശത്തിൽ ഏതാനും വിറ്റാൽ അവന്റെ അടുത്ത ചാർച്ചക്കാരൻ വന്ന സഹോദരൻ വിറ്റത് വീണ്ടുകൊള്ളേണം." ലേവ്യ 25:25.

> "നിന്റെ സഹോദരൻ തന്നെത്താൻ അന്യനോ പരദേശിക്കോ അന്യന്റെ സന്തതിക്ക് വില്ക്കുകയോ ചെയ്താൽ അവൻ തന്നത്താൻ വിറ്റ ശേഷം അവനെ വീണ്ടെടുക്കാം. അവന്റെ

സഹോദരന്മാരിൽ ഒരുത്തന് അവനെ വീണ്ടെടുക്കാം.”

ലേവ്യ. 25:47.

“അവന്റെ ചാർച്ചാർച്ചക്കാരിൽ ഒരുത്തന് അവനെ വീണ്ടെടുക്കാം.”

ലേവ്യ 25:49.

ഒരു വസ്തുവോ വ്യക്തിയോ മൃഗമോ അന്യാധീനപ്പെട്ടുപോയാൽ അതിനെ വിലയ്ക്കുവാങ്ങി പഴയ അവസ്ഥയിലാക്കുന്നതിനാണ് വീണ്ടെടുപ്പ് എന്ന് പറയുന്നത്. വിലയ്ക്കുവാങ്ങുവാൻ മനസ്സോടെ തയ്യാറാകുന്ന വ്യക്തിയാണ് വീണ്ടെടുപ്പുകാരൻ. വീണ്ടെടുക്കണമെങ്കിൽ തക്കവില കൊടുക്കണം. വീണ്ടെടുക്കുന്നവൻ അന്യാധീനപ്പെട്ടുപോയവന്റെ അടുത്ത ചാർച്ചക്കാരനായിരിക്കണം. തന്നെയുമല്ല വീണ്ടെടുപ്പുവില (????) കൊടുക്കുവാൻ തക്കവണ്ണം ഒരു മഹാധനികനുമായിരിക്കണം.

ഇപ്രകാരം വീണ്ടെടുക്കുവാൻ അർഹനായ വ്യക്തിക്ക് വീണ്ടെടുക്കുവാൻ മനസ്സില്ലെങ്കിൽ അവന് പകരം രണ്ടാമതൊരാൾക്ക് വീണ്ടെടുപ്പിന്റെ ഉത്തരവാദിത്വമേൽക്കാം. അയാളെ രണ്ടാം വീണ്ടെടുപ്പുകാരൻ എന്ന് പറയുന്നു.

ദൈവതേജസ്സ് നഷ്ടപ്പെട്ട്, ദൈവസന്നിധിയിൽ നിന്ന് അകന്നുപോയ മനുഷ്യവംശത്തിന്റെ വീണ്ടെടുപ്പിന്റെ ചുമതല നിത്യനായ ദൈവം ഒന്നാം വീണ്ടെടുപ്പുകാരനായ ‘ന്യായപ്രമാണ’ ത്തെയാണ് ഏല്പിച്ചത്. എന്നാൽ മോശൈകന്യായപ്രമാണത്തിന് ആ വീണ്ടെടുപ്പ് പൂർണ്ണമായി നിവർത്തിപ്പാൻ കഴിഞ്ഞില്ല.

“ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായ പ്രമാണത്തിന് കഴിയാഞ്ഞതിനെ സാധിപ്പാൻ ദൈവം തന്റെ പുത്രനെ പാപ ജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു.”
റോമർ 8:3

ന്യായപ്രമാണത്താൽ സകലവും ഏകദേശമേ ശുദ്ധീകരിക്കാനും വീണ്ടെടുക്കാനും കഴിയുകയുള്ളൂ എന്ന് എബ്രായർ 9:22 ൽ കാണുന്നു. ഈ സന്ദർഭത്തിലാണ് രണ്ടാം വീണ്ടെടുപ്പുകാരനായ ക്രിസ്തു വന്ന് സ്വന്തയാഗത്താൽ എന്നേക്കുമുള്ള വീണ്ടെടുപ്പ് സാധിച്ചത്.

“ക്രിസ്തുവേ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ട്, കൈപ്പണിയല്ലാത്തതതായി എന്നുവെച്ചാൽ ഈ സൃഷ്ടിയിലുൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽ കൂടി ആട്ടുകൊറ്റന്മാരുടെയും പശുക്കിടക്കളുടെയും രക്തത്താലല്ല, സ്വന്തരക്തത്താൽ ത്തന്നെ ഒരിക്കലായിട്ട് വിശുദ്ധ മന്ദിരത്തിൽ പ്രവേശിപ്പിച്ചു എന്നേക്കുമുള്ളോരുവീണ്ടെടുപ്പ് സാധിച്ചു. ആട്ടുകൊറ്റന്മാരുടെയും കാളകളുടെയും രക്തവും മലിനപ്പെട്ടവരുടെ മേൽ തളിക്കുന്നവ ശുഭസ്മവും ജഡികശുദ്ധിവരുത്തന്നു എങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിന് തന്നെത്താൻ നിഷ്ക്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസാക്ഷിയെ നിർജ്ജീവപ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും? അതുകൊണ്ട് ആദ്യനിയമത്തിലെ ലംഘനങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പിനായി ഒരു മരണം ഉണ്ടായിട്ട് നിത്യാവകാശത്തിന്റെ വാഗ്ദത്തം വിളിക്കപ്പെട്ടവർക്ക് ലഭിക്കേണ്ടതിന് അവൻ പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥൻ ആകുന്നു. നിയമം ഉള്ളേടത്ത് നിയമ കർത്താ

വിന്റെ മരണം തെളിവാൻ ആവശ്യം മരിച്ചശേഷമല്ലോ നിയമം സ്ഥിരമാകുന്നത്. നിയമകർത്താവിന്റെ ജീവകാലത്തോളം അതിന് ഉറപ്പില്ല. അതുകൊണ്ട് ആദ്യനിയമവും രക്തം കൂടാതെ പ്രതിഷ്ഠിച്ചതല്ല. മോശന്യായപ്രമാണപ്രകാരം കല്പന ഒക്കെയും സകല ജനത്തോടും പ്രസ്താവിച്ചശേഷം പശുക്കിടാക്കളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തത്തെ വെള്ളവും ചുവന്ന ആട്ടുരോമവും ഈസോപ്പുമായി എടുത്ത് പുസ്തകത്തിന്മേലും സകല ജനത്തിന്മേലും തളിച്ചു. "ഇതു ദൈവം നിങ്ങളോടു കല്പിച്ചനിയമത്തിന്റെ രക്തം" എന്ന് പറഞ്ഞു. അങ്ങനെ ന്യായപ്രമാണപ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല." എബ്രായർ 9:11–12.

രൂത്തിനെ വീണ്ടെടുക്കുന്ന കാര്യത്തിൽ ഒന്നാം വീണ്ടെടുപ്പുകാരനെയാണ് ബോവസ് ആദ്യം ഭരമേൽപ്പിച്ചത്. രൂത്തിന്റെ പുസ്തകം നാലാം അദ്ധ്യായത്തിൽ ആദ്യത്തെ 6 വാക്യങ്ങളിൽ ആ കാര്യം കാണാം.

> ഒന്നാം വീണ്ടെടുപ്പുകാരൻ പുറഞ്ഞു:
> "എനിക്ക് അത് വീണ്ടെടുപ്പാൻ കഴിയുകയില്ല. എന്റെ സ്വന്തഅവകാശം നഷ്ടപ്പെടേണ്ടിവരും. ആകയാൽ ഞാൻ വീണ്ടെടുക്കേണ്ടത് നീ വീണ്ടെടുത്തുകൊൾക എനിക്ക് വീണ്ടെടുപ്പാൻ കഴികയില്ല."
>
> രൂത്ത് 4:6

അപ്പോൾ രണ്ടാം വീണ്ടെടുപ്പുകാരനായ ബോവസ് രൂത്തിനെയും വയലിനെയും വീണ്ടെടുത്തു. ഒന്നാം വീണ്ടെടുപ്പുകാരനെ സമ്പൂർണ്ണമായി മാറ്റിയിട്ടല്ല ബോവസ് രൂത്തിനെ

വീണ്ടെടുത്തത്. രണ്ടാം വീണ്ടെടുപ്പുകാരനായ ബോവസ് ഒന്നാം വീണ്ടെടുപ്പുകാരന്റെ കാലിലെ ചെരിപ്പ് സ്വന്തകാലിൽ ഇട്ടുകൊണ്ട് നൊവൊമിക്ക് നഷ്ടപ്പെട്ടുപോയിരുന്ന വയലിൽ ചുറ്റിനടന്ന് അത് വീണ്ടെടുത്തു. മഹ്ലോന്റെ ഭാര്യയായ രൂത്തി നെയും വീണ്ടെടുത്തു. ഈ കാര്യങ്ങൾ രൂത്തിന്റെ പുസ്തകം നാലാം അദ്ധ്യായം 7 മുതൽ 10 വരെ വാക്യങ്ങളിൽ കാണാം.

അതുപോലെതന്നെ ക്രിസ്തു ന്യായപ്രമാണത്തെ ഒഴിവാക്കുകയോ ഇല്ലാതാക്കുകയോ അവഗണിക്കുകയോ ചെയ്തിട്ടല്ല, മനുഷ്യജാതിയുടെ വീണ്ടെടുപ്പുസാധിച്ചത്. നേരെമറിച്ച്. ന്യായപ്രമാണത്തിന് കഴിയാത്തതിനെ നിവർത്തിക്കുകയാണ് ചെയ്തത്. ന്യായപ്രമാണ കല്പനകളെ ക്രിസ്ത്യാനി നിഷേധിച്ചില്ല. ന്യായപ്രമാണത്തെ നിവർത്തിക്കുകയും പൂർത്തീകരിക്കുകയുമാണ് ചെയ്തത്. ന്യായപ്രമാണ കല്പനകൾ യേശുക്രിസ്തുപ്രമാണിച്ചു. അതുകൊണ്ടാണ് ന്യായപ്രമാണപ്രകാരം എട്ടാം നാളിൽ യേശു പരിച്ഛേദന കഴിച്ചത്. ലൂക്കൊസ് 2:21. ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതുപോലെ അർപ്പിച്ചാൽ യേശുവിനെ ദേവാലയത്തിൽ കൊണ്ടുവന്നു ന്യായപ്രമാണപ്രകാരം, ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതുപോലെ, ന്യാപ്രമാണത്തിൽ കല്പിച്ചതുപോലെ എന്ന പ്രയോഗങ്ങൾ ലൂക്കൊസ് രണ്ടാം അദ്ധ്യായം 21-24 വരെ വാക്യങ്ങളിൽ കാണാം.

“എന്റെ സ്വന്തഅവകാശം നഷ്ടമാക്കേണ്ടിവരും” എന്ന് പറഞ്ഞാണ് ഒന്നാം വീണ്ടെടുപ്പുകാരൻ രൂത്തിനെ വീണ്ടെടുക്കുന്നതിൽ നിന്ന് ഒഴിവായത്. രണ്ടാം വീണ്ടെടുപ്പുകാരനായ ബോവസ് സ്വന്തഅവകാശം നഷ്ടമാക്കിക്കൊണ്ടാണ് രൂത്തിനെ വീണ്ടെടുത്തത്.

യേശുക്രിസ്തുവും സ്വന്തമഹിമയും സ്വർഗ്ഗീയ പദവികളും വെടിഞ്ഞ് സ്വന്തജീവനെയും കൂടെ യാഗമായർപ്പിച്ചുകൊണ്ടാണ് തന്റെ മണവാട്ടിയായ സഭയെ വീണ്ടെടുത്തത്.

> "അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച്, വേഷത്തിൽ മനുഷ്യനായി വിളങ്ങി, തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു."
>
> ഫിലിപ്യർ 2:6,7

> "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നൻ ആകേണ്ടതിന്ന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലൊ."
>
> 2 കൊരി. 8:9

നമ്മുടെ വീണ്ടെടുപ്പുകാരന്റെ ക്രൂശിലെ സ്നേഹത്തെ കണ്ടാൽ നാം നമ്മെത്തന്നെ മറന്ന് അവനായി നന്ദിയോടെ സ്വയം അർപ്പിച്ചുപോകു; അവനായി ചെലവഴിക്കപ്പെട്ടുപോകും. നമുക്ക് തന്ന അർഹതയില്ലാത്ത പദവിയോർത്ത് നന്ദി നിറഞ്ഞു സ്തുതിച്ചുപോകും. അവിടെ അശുദ്ധൻ വിശുദ്ധനാകും. വിശുദ്ധരെ ചേർക്കാൻ ക്രിസ്തു വീണ്ടും വരുമ്പോൾ വാനമേഘങ്ങളിൽ സ്തുതിയുടെ ചിറകിൽപറന്നേറും. അങ്ങനെ യുഗായുഗങ്ങൾ അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ

മാലാഖമാർ സ്തുതിക്കുന്നതുപോലെ സ്തുതിച്ചുകൊണ്ട് ക്രിസ്തുവിനോടു ചേർന്നിരിക്കും. അതിന് നമുക്കെല്ലാവർക്കും ഭാഗ്യം ലഭിക്കട്ടെ.